**KOTTAYAM PUBLIC LIBRARY**

MA2

Call No. SA8 - 8 Acc. No. 90335

Author ശാസ്ത്രികൾ . കെ.പി.

Title ശ്രീ. ചിത്രാഭിഷേക ചമ്പു

T.K.J
MA7

ശ്രീ

# ചിത്രാഭിഷേകം ചമ്പൂ

വാരനാട്ടു
കെ. പി. ശാസ്ത്രികൾ,
ചേർത്തല.

൧൦൩൩൫
KOTTAYAM PUBLIC LIBRARY

ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം.

[പകർപ്പവകാശം സ്വായത്തം]

[വില 1 ക. 8 ണ.

1940

എല്ലാ ഗ്രന്ഥങ്ങളിലും ഗ്രന്ഥകാരൻെറ മുദ്ര ഉണ്ടായിരിക്കും.

# പ്രസ്താവന.

വിശിഷ്ടവസ്തുക്കളുമായുള്ള വേഴ്ചയിൽ അന്തരാത്മാവിനുണ്ടാകുന്ന നിരന്തരമായ ആനന്ദാനുഭൂതിയുടെ അനുരണനമാണ് കാവ്യോൽപത്തിക്കുള്ള കാരണം. ധർമ്മസംസ്ഥാപകനായി ശ്രീവഞ്ചിരാജ്യം വാണരുളുന്ന ശ്രീചിത്തിരതിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സിലെ കമനീയവിഗ്രഹത്തോടുകൂടി അവിടത്തെ വിശിഷ്ടാപദാനങ്ങളുമായി എന്റെ ഹൃദയത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന നിരന്തരാനന്ദാനുഭവംതന്നെയാണ് ശ്രീചിത്തിരസ്തുതിക്കുശേഷം ശ്രീചിത്രാഭിഷേകംചമ്പുവിന്റെയും രചനയ്ക്കു എന്നെ പ്രേരിപ്പിച്ചതു്. കൂടാതെ, ഈ ഗ്രന്ഥത്തിന്റെ രചനാരംഭംമുതൽ ഈ രൂപത്തിലുള്ള രംഗപ്രവേശംവരെ പല വിധത്തിലുള്ള മററു ബാഹ്യപ്രേരണകളും സഹായങ്ങളും എനിക്കുണ്ടായിട്ടുണ്ടു്. അവ ഓരോന്നിന്റെയും വസ്തുസ്വഭാവവിവരണം ഇവിടെ സാദ്ധ്യമല്ലെങ്കിലും കൃതജ്ഞതാതുന്ദിലമായ ഹൃദയത്തോടുകൂടി ആ വിശിഷ്ടവ്യക്തികളുടെനേർക്കുയരുന്ന എന്റെ ഈ കൂപ്പുകൈയ് എന്നും വാടാമലരായിരിക്കട്ടെ!!

എന്റെ ഹൃദയത്തിലെ നിയന്ത്രണത്തിനധീനമാവാത്ത നന്ദിപ്രവാഹത്തിനു് അവരിൽ ചിലരേയെങ്കിലും തട്ടിത്തടഞ്ഞു മുഖരിതമാവാതെ മുന്നോട്ടു കുതിയ്ക്കാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട നിലമ്പൂർ വലിയതമ്പുരാൻ, മഹാനായ മള്ളൂർ, രാജ്യസേവാനിരത കെ. ജി. പരമേശ്വരൻ പിള്ള, സഹൃദയാഗ്രണി എൻ. കൃഷ്ണമൂർത്തി എന്നീ സുഗൃഹീതനാമാക്കൾ അവരുടെ വിലയേറിയ കഴിവുകളിൽ

ഒരംശം ഈ കൃതിക്കുവേണ്ടി ചിലവിട്ടിട്ടുണ്ട്. ആ മഹാനുഗ്രഹങ്ങളുടെ രീതിവിശേഷങ്ങൾ ഗ്രന്ഥദ്വാരാതന്നെ അറിയാവുന്നതുമാണ്. വിശേഷിച്ചും "അംഭോരാശികുടുംബിനീതിലകമെ" എന്നുതുടങ്ങുന്ന ചേലപ്പറമ്പിൻെറ പദ്യത്തിലെ "നൽച്ചാലിയാറി"നാൽ പരിവൃതമായ നിലമ്പൂർദേശത്തിനധിപതിയായി, ചമ്പൂകാവ്യകാലത്തിൻെറ ജീവാതുവെന്നോണം കൈരളിയാൽ സമാരാധിതമായ "മാനവേദൻ" എന്ന പാവനധാമധേയത്തെ വഹിക്കുന്ന ആ പുണ്യശ്ലോകൻെറ അനുഗ്രഹം ശ്രീ ചിത്രാഭിഷേകംചമ്പൂവിൻെറ മഹാഭാഗ്യംതന്നെയാണ്.

ചിത്രാഭിഷേകംചമ്പൂവിൻെറ സംപൂർണ്ണതാലക്ഷ്യത്തിലേക്കുണ്ടായ എൻെറ പ്രയാണം നിർബാധവും സൽകാരപൂർണ്ണവുമായിരുന്നു. അഥവാ ഭഗവൽബിംബത്തെ എഴുന്നള്ളിക്കുന്ന പൂജകൻെറ മാർഗ്ഗം ആരാധനാപൂർണ്ണമാകുന്നതത്ഭുതകരമല്ലല്ലൊ. എന്നിരുന്നാലും, ബിംബത്തിൽ പ്രാണപ്രതിഷ്ഠാപനം ചെയ്തു ചൈതന്യംവരുത്തിയ മുൻപറഞ്ഞ പുരോഹിതശ്രേഷ്ഠന്മാർ ആചാര്യദക്ഷിണപോലുമംഗീകരിക്കാതെ എന്നിൽചൊരിഞ്ഞ അനുഗ്രഹത്തെ സ്മരിക്കുമ്പോൾ, വികാരപാരവശ്യംകൊണ്ടു വാചംയമനായിപ്പോകുന്ന എനിക്ക്, ആ അഭിവന്ദ്യപാദങ്ങളിൽ ദണ്ഡവൽപ്രണിപതിക്കാൻ മാത്രമേ കഴിവു കാണുന്നുള്ളു!! ഹൃദയത്തിൻെറ സാക്ഷാന്നിർവാണകല്പമായ ആ അനുഭവം എനിക്കെന്നുമുണ്ടാവാൻ കഴിഞ്ഞാൽ ഞാൻ ധന്യനായി!!

വാരനാട്ട്, ചേർത്തല }
1940 } ഗ്രന്ഥകർത്താ,

# ഒരഭിപ്രായം.

പണ്ഡിതന്മാരായ മഹാന്മാരുടെ ഒരു വിശിഷ്ട സദസ്സിൽവച്ച്, ശ്രീ ചിത്രാഭിഷേകംചമ്പൂ വായിച്ചുകേട്ട്, റീട്ടയാർഡ് ലാക്കാളേജു പ്രിൻസിപ്പാൾ രാജശ്രീ മള്ളൂരവർകൾ ഇപ്രകാരം പ്രസ്താവിച്ചു:—

"ഒരിരുപതു കൊല്ലമായിട്ട് വാരനാട്ടു കെ. പി. ശാസ്ത്രികളേയും, അദ്ദേഹത്തിൻെറ സാഹിത്യപരിശ്രമത്തേയുംപററി എനിക്കറിയാം. അദ്ദേഹത്തിൻെറ ചില ഗ്രന്ഥങ്ങൾക്കു ഞാൻ അവതാരികതന്നെ എഴുതിയിട്ടുണ്ട്. വിശേഷിച്ചും, ഈ ഗ്രന്ഥത്തിനു മുമ്പുണ്ടായ ശ്രീ ചിത്തിരസ്തുതിക്കും ഞാനാണ് അവതാരിക എഴുതിയതു്. അതൊരു ഗംഭീരകാവ്യമാണ്. പല നിലയിലും അതിനേക്കാൾ വളരെ മികച്ച ഒരു കാവ്യമാണ് "ശ്രീ ചിത്രാഭിഷേകംചമ്പു"

ശാസ്ത്രി ഇന്നു കേരളത്തിലുള്ള കവികളിൽവച്ച് അഗ്രിമന്മാരായവരുടെ കൂട്ടത്തിൽ ഒരുവനായിട്ടുണ്ട്. എന്നല്ല ഇന്നത്തെ കവികളിൽ പലൎക്കും സാദ്ധ്യമല്ലാത്ത പല കഴിവുകളും ശാസ്ത്രിക്കുണ്ട്. സ്വഭാവോക്തി ഉപമ ഉൽപ്രേക്ഷ ഈ അലങ്കാരങ്ങളുടെ നിൎമ്മാണത്തിൽ ശാസ്ത്രിയോടടുക്കാൻ കഴിവുള്ള കവികൾ ഇല്ലെന്നു പറയുന്നതു വെറും പരമാൎത്ഥം മാത്രമാണ്. നാം കണ്ടിട്ടുള്ള കാൎയ്യങ്ങൾ പലതും അ

തേപ്പടി വൎണ്ണിക്കുന്നതിനു പലൎക്കും കഴിഞ്ഞേക്കാം. കാണാത്തവയെ കണ്ടവരേക്കൂടി അതിശയിപ്പിക്കത്തക്ക നിലയിൽ വൎണ്ണിക്കുക എന്നതു് അസാധാരണമായ ഒരു അനുഗ്രഹശക്തിവിശേഷമാണു്. തിരുമനസ്സിലെ അവതാരാവസരം, ശ്രീമൂലംതിരുമനസ്സിലെ സ്വൎഗ്ഗാരോഹണം, പള്ളിയടക്കമുക്കിലെ സംസ്കാരപരിപാടി, മതിലകത്തെ കലശാഭിഷേകം, ഡർബാർഹാളിലെ കിരീടധാരണം, എല്ലാററിനും മീതെ തിരുമനസ്സിലെ രഥോത്സവഘോഷയാത്ര ഇതൊന്നും ശാസ്ത്രി കണ്ടതല്ല. ശാസ്ത്രി ചേൎത്തല വാരനാട്ടുള്ള ആളാണു്. ഇതെല്ലാംതന്നെ കണ്ടിട്ടുള്ള നമ്മിൽ പലൎക്കും ശാസ്ത്രി പറഞ്ഞപ്പോഴാണു് അവ എന്നും മായാത്ത ഓരോ ചിത്രങ്ങളായി ഉള്ളിൽ പതിഞ്ഞതു്.

ഒരു സംഗതിയിൽ മാത്രമേ ശാസ്ത്രിക്കു പരാജയം പററിയിട്ടുള്ളു. പൊന്നുതമ്പുരാൻതിരുമനസ്സിലെ സംഖ്യാതീതങ്ങളായ അപദാനവിശേഷങ്ങളെ മുഴുവനും വൎണ്ണിച്ചു തീൎക്കുക എന്നതിൽ ആൎക്കും വിജയം സാദ്ധ്യമല്ലല്ലൊ!!

പണ്ടു കവികൾക്കു് അക്ഷരലക്ഷം സംഭാവനചെയ്യുക എന്നൊരുനടപ്പുണ്ടായിരുന്നു. ആ സമ്മാനമൎഹിക്കത്തക്ക ശ്ലോകങ്ങൾ ചിത്രാഭിഷേകംചമ്പുവിൽ നൂറുകണക്കിനാണുള്ളതു്. ചിത്രാഭിഷേകംചമ്പുവിൽ വിവിധഭംഗികളോടുകൂടിയ ആറുതരം പ്രതിപാദനരീതികൾ കാണുന്നു. അപ്രകാരം ശ്രീ ചിത്രാഭിഷേകംചമ്പു, ചമ്പുക്കളിൽ പ്രഥമസ്ഥാനാൎഹമായ നൈഷധംചമ്പുവിനെ അതിശയിച്ചി

രിക്കുന്നു എന്നു പറവാൻ എനിക്കു സന്തോഷമുണ്ടു്. ശാസ്ത്രിയുടെ വൎണ്ണനാസാമൎത്ഥ്യവും ഭാഷാസ്വാധീനവും നിസ്തുല്യമാണു്. ആ ശക്തിമുഴുവനും ശ്രീചിത്തിരതിരുനാൾ പൊന്നുതമ്പുരാൻതിരുമനസ്സിലെ അപദാനങ്ങളെ വൎണ്ണിക്കാനും ഗാനം ചെയ്യുവാനും വിനിയോഗിച്ചിരിക്കുന്ന ശാസ്ത്രിയുടെ ജീവിതം ധന്യമാണു്. ശ്രീ ചിത്തിരസ്തുതിയിൽ മഹാരാജാവുതിരുമനസ്സുകൊണ്ടു് ക്ഷേത്രപ്രവേശനവിളംബരം തുല്യംചാൎത്താൻ എഴുന്നള്ളിയിരിക്കുന്ന ആ ഭാഗം!! ഹാ! അതൊന്നു ചൊല്ലിക്കേൾക്കുകതന്നെവേണം (ചൊല്ലി) എൻെറ സ്നേഹിതനു സൎവ്വ ഭാവുകങ്ങളുമുണ്ടാവട്ടെ!!"

# അവതാരിക

ഇക്കാലത്തു് ഏതു കാവ്യങ്ങളും ഒന്നാമതായി പുറത്തിറങ്ങുക, ഒരു അവതാരികയുടെ അവലംബത്തോടുകൂടിയാണു് പതിവായിക്കാണുന്നതു്. അതുകൊണ്ടു് അവതാരിക എഴുതുന്നതും ഒരു മാമൂലായി തീൎന്നിരിക്കുന്നു. വാസ്തവത്തിൽ നല്ല കവിതയ്ക്കും, ചീത്തക്കവിതയ്ക്കും, അവതാരികകൊണ്ടു് യഥാൎത്ഥത്തിൽ ഒരു പ്രയോജനവും ഉണ്ടെന്നു തോന്നുന്നില്ല. കവിതയുടെ ഗുണവൈശിഷ്ട്യത്തിനു മാത്രമാണു് ശ്രോതാക്കളുടെ ഹൃദയത്തെ ആകൎഷിക്കുവാൻ ശക്തിയുള്ളതു്. എന്നാൽ അതിസുന്ദരികളായ സ്ത്രീകൾക്കു് അലങ്കാരങ്ങളുടെ ആവശ്യം ഇല്ലെന്നു വരുന്നുണ്ടെങ്കിലും, അവർ സാമാന്യേന വിശിഷ്ടാഭരണങ്ങൾ അണിയുന്നവരായിട്ടുതന്നെയാണു് കാണപ്പെടുന്നതു്. വസ്ത്രാദ്യാഭരണങ്ങളുടെ സമുചിതമായ അലങ്കരണംകൊണ്ടു് ആ വനിതാരത്നത്തിന്റെ അംഗസുഷമ കണ്ടറിയുവാനും, അനുഭവിപ്പാനുമുള്ള കൌതുകം കാമുകന്മാരുടെ ഹൃദയത്തിൽ കുറയുകയല്ല, പ്രത്യുത അങ്കുരിപ്പിക്കയും, വളൎത്തുകയും ചെയ്യുന്നതിനുള്ള ശക്തി മുൻപറഞ്ഞ ആഭരണങ്ങളിൽനിന്നു് ചിതറുന്ന പ്രഭാതിരേകത്തിനു് ഉണ്ടായി എന്നു വരുന്നതിനു് യാതൊരു വിരോധവുമില്ല. അങ്ങിനെതന്നെയാണു് കണ്ടുവരുന്നതും. ഈ ഒരു ചെറിയ പ്രയോജനവും മനോഹരകാവ്യങ്ങൾക്കു് അവതാരികയുടെ സഹായംകൊണ്ടു് സിദ്ധിച്ചേക്കാമെന്നുള്ളതു

കൊണ്ടുതന്നെയായിരിക്കണം ഇന്നു് എല്ലാ കാവ്യങ്ങൾക്കും അവതാരിക നിർബ്ബന്ധമായിത്തീൎന്നിട്ടുള്ളതു്.

കേരളത്തിലെ ആധുനികയുവകവികൾ സാധാരണയായി ഇന്നു്, ഖണ്ഡകൃതികൾ, ഗാനങ്ങൾ, മിസ്റ്റിക്കവിതകൾ, ജീവത്സാഹിത്യം ഈ വകയിലാണു് വ്യാപരിച്ചുകാണുന്നതു്. അവൎക്കു് സംസ്കൃതപദങ്ങൾ, സംസ്കൃതവൃത്തങ്ങൾ എന്നിവ കാണുകതന്നെ വയ്യ. പിന്നെ ഏതാണ്ടു് അഞ്ഞൂറുമുന്നൂറുകൊല്ലത്തെ പഴക്കമുള്ള മണിപ്രവാള ചമ്പൂപ്രസ്ഥാനങ്ങളെപ്പററി പറയേണ്ടതില്ലല്ലോ. ഇന്നു് പ്രതിപാദ്യവസ്തുക്കളെ എടുക്കുന്നതും വല്ല പൊളിഞ്ഞ വീടോ, പുല്ലോ, കല്ലോ, വല്ല ദരിദ്രൻേറയും ഭക്ഷണം ഇല്ലാതെ ഒട്ടിയ വയറോ, ഇങ്ങനെ വല്ലതും ആയിരിക്കും. പാശ്ചാത്യസാഹിത്യരീതി കണ്ടുപഠിക്കാനാണു് ഇതിനേക്കാളെല്ലാം താല്പൎയ്യം അവർ കാണിക്കുന്നതു്. പണ്ടുള്ള കാവ്യങ്ങൾ, നാടകങ്ങൾ, ചമ്പുക്കൾ മുതലായവ ഒന്നിലും ഇക്കൂട്ടർ കൈയു് വെയ്ക്കുന്നില്ല, എന്നല്ല അവ അരോചകങ്ങളായിതീൎന്നിട്ടുപോലുമുള്ളതായി കാണുന്നു. ഇതിലെല്ലാററിനും പുറമെ ഒരു മഹാരാജാവിനെപ്പററിയോ, അദ്ദേഹത്തിൻെറ ഗുണഗണങ്ങളെക്കുറിച്ചോ, ഭരണത്തിലുള്ള പാടവം പ്രജകളുടെ കൃതജ്ഞതാപരമായ രാജഭക്തി എന്നിവയെ അടിസ്ഥാനമാക്കിയോ കാവ്യങ്ങൾ രചിക്കുക എന്നതിനെ ചിന്തിക്കുന്നതുതന്നെ അവൎക്കു് അത്യന്തം വിരോധമായിട്ടാണു കാണുന്നതു്.

സംസ്കൃതസാഹിത്യത്തിൽ വൃത്തങ്ങൾ ധാരാളമുണ്ട്. കൂടാതെ ദണ്ഡകങ്ങളും പല പ്രത്യേക പ്രതിപാദനരീതികളുമുണ്ട്. ഹൃദയത്തിൽ അനുഭൂതമാകുന്ന നൈസർഗ്ഗികമായ ആനന്ദത്തിൻെറ നിരർഗ്ഗളപ്രവാഹമാണ് കവിത. അതിന് ഭാഷാസാഹിത്യനിയമങ്ങളിൽ സ്വച്ഛന്ദഗമനം ചെയ്യുവാനുള്ള സരണികൾ ധാരാളം തെളിഞ്ഞുകാണുന്ന ഒരു പ്രസ്ഥാനമാകയാലായിരിക്കണം "ശ്രീചിത്രാഭിഷേകം" ചമ്പുവാക്കി രചിക്കാൻ നമ്മുടെ കവി ഒരുമ്പെട്ടതു്. കേരളസാഹിത്യലോകത്തിൽ അപ്രതിമമായ ഒരു സ്ഥാനമാണ് ചമ്പൂകാവ്യങ്ങൾക്കുള്ളതു്. ആവക കാവ്യങ്ങളിൽ ഉത്തരകേരളത്തിലെ പല രാജാക്കന്മാരും നായകന്മാരായിട്ടുള്ളതായും കാണാം. അക്കൂട്ടത്തിൽ തൻെറ മഹാരാജാവിനും ഒരു സ്ഥാനമുണ്ടായിരിക്കണം എന്ന പക്ഷപാതപരമായ മമതാഭിമാനവും കവിയെ ഈ പന്ഥാവിലേക്ക് നയിച്ചതായി വിചാരിക്കാവുന്നതാണ്.

നമ്മുടെ വാരനാട്ട കെ. പി. ശാസ്ത്രികളെ ആദ്യമായി പരിചയിക്കാൻ ഇടവന്നതു് ഇവിടെവെച്ച് എൻെറ ആഭിമുഖ്യത്തിൽ നടന്ന സമസ്തകേരള സാഹിത്യപരിഷത്തിൽ വച്ചാണ്. ആ സദസ്സിൽ ശാസ്ത്രിയും ഒരു വിശിഷ്ടമായ കവിത വായിക്കുകയുണ്ടായി. അപ്പോൾതന്നെ ശാസ്ത്രിയെപ്പററിയുള്ള ജിജ്ഞാസ തുടങ്ങി. സാഹിത്യലോകത്തിൽ നാല്പതിൽപരം കൊല്ലമായി സ്വച്ഛന്ദം വിഹരിക്കുന്ന ദേഹവും, കൊച്ചിരാജവംശത്തിലെ ഒരു പ്രധാന അംഗവുമായ അപ്പൻതമ്പുരാനാണ് ശാസ്ത്രിയെ പരിചയ

പ്പെട്ടുത്തിയതു്. ശാസ്ത്രിയുടെ അന്നത്തെ ചെറിയ കവിതയുടെ മനോഹരതയും, അദ്ദേഹത്തിൻെറ വായനയുടെ അസാധാരണഭംഗിയുംനിമിത്തം ആ കവിത പലപ്രാവശ്യം ചൊല്ലിച്ചുകേട്ടു് രസിച്ചിരുന്നതു് ഇപ്പോഴും ഓക്കുന്നുണ്ടു്. അക്കാലത്തുതന്നെ ഇദ്ദേഹം മധുരകാവ്യങ്ങൾ ഗാനംചെയ്യുന്ന ഒരു വാസന്തികകോകിലമായി തീന്നിരിക്കുന്നു. 'മലയാളരാജ്യം' ശാസ്ത്രിയെ ഒരു കവികോകിലമാക്കിയതു് എത്രയോ സമുചിതമാണു്.

ശാസ്ത്രിയുടെ "ചിത്തിരസ്തുതി" പുറത്തുവന്നതോടുകൂടി ഇദ്ദേഹം കേരളത്തിലെ പ്രൌഢകവികളുടെ മദ്ധ്യത്തിൽ ഒരു മാന്യസ്ഥാനംതന്നെ നേടിക്കഴിഞ്ഞിരിക്കുന്നു എന്നു് ആക്കും സമ്മതിക്കാതെ തരമില്ല. "ചിത്തിരസ്തുതി"യിലെ നായകനായ തിരുവിതാംകൂർ മഹാരാജാവു് ശ്രീചിത്തിരതിരുനാൾതിരുമനസ്സിലെ അസാധാരണ ഗുണഗണങ്ങളും, അവിടുത്തെ ലോകൈകവിശ്രുതമായ ക്ഷേത്രപ്രവേശനവിളംബരവും ശാസ്ത്രികളുടെ കവിതയെ അതീയായി പ്രോജ്വലിപ്പിച്ചിരിക്കുന്നു, എന്നതിനു് യാതൊരു സംശയവുമില്ല. ഒന്നാമതായി തിരുവിതാംകൂറിലെ പ്രജകളെപ്പോലെ രാജഭക്തിയുണ്ടായിട്ടു് ഇന്ത്യയിൽ വേറെ എങ്ങും കാണുന്നില്ല. രാജഭക്തന്മാരിൽവെച്ചു് അഗ്രഗണ്യന്മാരായവരിൽ മുഖ്യനാണു് നമ്മുടെ കവി. ഇദ്ദേഹത്തിൻെറ ഈ ഭക്ത്യതിരേകമാണു് ആദ്യം "ചിത്തിരസ്തുതി" എന്ന കാവ്യമായി പ്രവഹിച്ചതു്. അതിലും തൃപ്തിവരാതെ ആ ഭക്തിഗംഗയുടെ പ്രവാഹം ഇതാ വിവിധവിചിത്രസരണി

കളിലൂടെ "ശ്രീചിത്രാഭിഷേകം" ചന്മൂവായി പ്രവഹിക്കുന്നു. ആ പ്രവാഹം ഇവിടംകൊണ്ടും നില്ക്കുമെന്നു് വിചാരിക്കാവുന്നതല്ലതന്നെ.

•

ഒരു പ്രൌഢകവിക്കു് ആദ്യമായി വേണ്ടതു് വിശിഷ്ടമായ ഒരു പ്രതിപാദ്യവസ്തുവും, ലോകോത്തരനായ ഒരു നായകനും ഉണ്ടാവുക എന്നതാണു്. അങ്ങിനെയുള്ള ഒരു നായകനേയും, അദ്ദേഹത്തിൻെറ അപദാനവിശേഷങ്ങളേയും, ശാസ്ത്രിക്കു് നാടുവാഴുന്ന മഹാരാജാവായും, അദ്ദേഹത്തിൻെറ ഗുണഗണങ്ങളായും കൈവശമായപ്പോൾ ഇൗശപരദത്തമായി തന്നിൽ ലയിച്ചിരുന്ന കവിതാശക്തിയുടെ വിജൃംഭണം ഉണ്ടായതു് അത്ഭുതമല്ലല്ലോ. ആ ശക്തിവിശേഷമാണു് "ശ്രീചിത്തിരസ്തുതി" "ശ്രീചിത്രാഭിഷേകം" എന്നീ വിശിഷ്ടഗ്രന്ഥങ്ങൾവഴി നിർഗ്ഗളിച്ചുകൊണ്ടിരിക്കുന്നതു്. ഒന്നുനിശ്ചയം, സരസ്വതീദേവിയുടെ കടാക്ഷാനുഗ്രഹങ്ങൾക്കു് ശാസ്ത്രി തികച്ചും പാത്രമായിട്ടുണ്ടു്. ആ അനുഗ്രഹശക്തിയുടെ പ്രതിഫലനം ശാസ്ത്രിയുടെ കവിതയിൽ എങ്ങിനെയെല്ലാമാണു് രാമണീയകരംഗങ്ങളായി തീൎന്നിട്ടുള്ളതെന്നുകൂടി ഒട്ടൊന്നു തിരഞ്ഞുനോക്കേണ്ടതാണു്.

•

ആപാദചൂഡം ശ്രവണപേയവും, ഹൃദയാനന്ദസന്ദായകവുമായ ഒരു കാവ്യത്തിലെ ഗുണവിശേഷങ്ങളെ വീണ്ടും കടഞ്ഞെടുത്തു നോക്കുക എന്നതു് ഒരു ശങ്കാമ്പചാന പ്രകൃതിയാണു്. എങ്കിലും വായനക്കാരുടെ ജിജ്ഞാസാശമനത്തിനുവേണ്ടി ആ സാഹസവും ഞാൻ അല്പമായി

ചെയ്യാം. പുരാതനാചാര്യന്മാരുടെ മണിപ്രവാളചമ്പൂസ്വഭാവത്തെ വിടാത്തതും, എന്നാൽ അധുനാതനരായ വായനക്കാർക്ക് വിഷമമല്ലാത്തതുമായ ഒന്നാണ് ചിത്രാഭിഷേകം ചമ്പൂവിലെ രചനാസ്വഭാവം. ശ്രീമൂലം മഹാരാജാവിനെപ്പററി വർണ്ണിക്കുന്നിടത്തു കാണുന്ന "ദ്വിജകുലപരിവൃഢനെന്നകണക്കതിവിനതാനന്ദമഹിമോദ്രേകൻ, തെളിവൊടു മുഴുമതിയെന്നകണക്കെ ഹരിണാധിഷ്ഠിതഹൃദയൻ ദിനകരനെന്നകണക്കനുദിവസമഹോദയ, നിനരഥമെന്നതുപോൽ ദൃഢനിയമിതനിജനിഖിലാക്ഷമഹാചക്രൻ, ദശരഥസമമിനിയസുമിത്രോപേതൻ, ഗ്രഹഗണവൽ ബുധസേവിതപാർശ്വൻ"—എന്നും ചിത്തിരമഹാരാജാവിൻെറ ബാല്യലീലാവിഹാരങ്ങളിൽ,

"പേശലാഭം വസന്തത്തുപോൽ കൌസുമോത്ഭാസദാമോദിയാം സൌകുമാര്യത്തൊടും, പ്രാവൃഡാകാശവൽസർവ്വതഃ പ്രസ്ഫുരത്തായിണങ്ങും ഘനശ്രീവികാസത്തൊടും, ശ്രീ ശിശിരത്തുപോൽ ശീതളാമോദസമ്മോദിതാശേഷലോകാന്തരംഗത്തൊടും" എന്നും തുടങ്ങുന്ന ശ്ലേഷമൂലകങ്ങളായ ഉപമകളും,

"മതിയിനിയഥവാ മദീയതേജസ്സതിലഘുവാക്കു-
മൊരുന്നതപ്രതാപൻ
ക്ഷിതിയിലവതരിക്കുമെന്തിനീഞാനി"തി ദൃഢ-
മന്തരധാൽ സ ചിത്രഭാനുഃ

എന്ന മണിപ്രവാളവും, രാജ്യഭാരമേല്ക്കാനായി ഒരുങ്ങുന്ന

അവസരത്തിൽ ഓരോ ഡിപ്പാർട്ടുമെൻറുകളും പരിശോധി ക്കവെ,

> "തിരുമുഖമതിൽവന്ന മന്ദഹാസം
> കരുതിയൊരാൾ നിജ ചാരിതാർത്ഥ്യമായി;
> ഒരു ചെറുതലയാട്ടമന്യനോർത്താൻ
> പെരുമയിതിൽപരമില്ല വേറെയെന്നായ്"

എന്ന ശുദ്ധഭാഷാശ്ലോകങ്ങളും ഇതിൽ സുലഭങ്ങളാണ്.

ഒരു വസ്തുവിനെപ്പററി പ്രതിപാദിക്കുമ്പോൾ അതിൻെറ സമഗ്രമായ അനുഭൂതിയിൽ വായനക്കാരുടെ ഹൃദയം ലയിപ്പിക്കുന്ന വിശേഷമാണ് കവികർമ്മത്തിൻെറ സാഫല്യം. ചിത്രാഭിഷേകം ചമ്പുവിൽ ആമൂലാഗ്രം വിളയാടുന്ന ഗുണവിശേഷവും അതുതന്നെയാണ്. മഹാരാജാവിൻെറ അവതാരം, ശ്രീമൂലംമഹാരാജാവിൻെറ ചരമം, പള്ളിയടക്കുമുക്കിലെ സംസ്കാരം, ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ അഭിഷേകം, ഡർബാർഹാളിലെ കിരീടധാരണം, ഇവയിലെല്ലാം, എത്രമാത്രം കാര്യാന്തരലീനമനസ്കരായാലും, ഹൃദയമുള്ള വായനക്കാരന് ആനന്ദാനുഭവപൂർവ്വം പങ്കുകൊള്ളാതെ തരമില്ല. വിശേഷിച്ചും വിദ്യാഭ്യാസം കഴിഞ്ഞിട്ടും ഭരണോദ്വഹനവിഷയത്തിൽ നിരുന്മേഷനായി മൈസൂരിൽ സുഖമായിത്താമസിക്കുന്ന ചിത്തിരതിരുനാൾ മഹാരാജാവു കാണുന്ന സ്വപ്നാനുഭവങ്ങളും, കിരീടധാരണത്തിനുശേഷമുള്ള അദ്ദേഹത്തിൻെറ രഥോത്സവഘോഷയാത്രയും ഒരിക്കൽ വായിച്ചവർ എന്നും എപ്പോഴും അതിനെ അനുസ്മരിച്ചാനന്ദിക്കതന്നെ ചെയ്യും. രാത്രിയുടെ

മദ്ധ്യത്തിൽ ഉലകത്തെ പൂനിലാവിൽ അഭിഷേകം കഴിച്ച പ്രകൃതിഭംഗിയിൽ പ്രശാന്തസുന്ദരമായ നഗരത്തിൽ സ്തിമിതപ്രദീപമായ പള്ളിയറയിൽ,

"നനുത്ത വെൺപട്ടണിമെത്തയിൽ ഭൂ-
ധവൻ സുഖംപൂണ്ടു കിടന്നിരുന്നു;
ശരന്നദീസൈകതമാർന്നു പഞ്ചാ-
നനൻ കിടക്കുന്നതുപോലിരുന്നു."

എന്നും, പള്ളിയടമുക്കിലേയ്ക്കുള്ള മൂകഘോഷയാത്രയിൽ കുന്തലഴിഞ്ഞുലഞ്ഞു ശവമഞ്ചത്തെ ചുഴന്നു് സോരസ്താഡമണഞ്ഞിടുന്ന പുരവധൂവർഗ്ഗത്തിനഗ്രഭാഗത്തായി നീരന്ധ്രാഢ്യസിതാസിതാഭ്രവിചലൽഖണ്ഡങ്ങളുടെ മുമ്പിൽ വാരഞ്ചും ശശിപോലെ പ്രത്യക്ഷമാകുന്ന ആ രൂപം—

"ഇന്ദ്രനീലനിറമായ്മിനുത്തൊരുടയാട
ചാർത്തി വളരുന്ന വാർ-
കുന്തളം പിറകിൽ വാലുമിട്ടു ബത കെട്ടി-
വച്ചുതിരുനെററിമേൽ
ഹന്ത! തൃക്കരതലത്തിനാൽ കുശ വഹി-
ച്ചെഴുന്നരുളിടുന്നതാ-
വന്തപസ്സലകുചെയ്തതിൻഫലമൊരോ-
മനക്കനകവിഗ്രഹം"

എന്നും, രഥോത്സവഘോഷയാത്രയിൽ വിദ്യുൽഗോള

ദീപമാലാകലാപത്തിൻെറ കാന്തിപ്പുരപ്പ് ഓളംതല്ലുന്ന രാജവീഥിയിൽ, മോടിക്കൊക്കുന്ന വേഷപ്പൊലിമയൊട്ടു പുറത്തേററിവാണും, ഇരുവശവും നിന്നു് ചാമരച്ചാത്തുവീശിയും സാദിവർഗ്ഗം നയിക്കുന്ന പൊൻകോപ്പണിഞ്ഞ വെള്ളക്കുതിരകളെപ്പൂട്ടിയ രാജകീയ സ്യന്ദനത്തിൻെറ മന്ദമന്ദമുള്ള ആ വരവിൽ,

"ഇരുടാളും രത്നഷണ്ഡാവലിയരുകുമണി-
ത്തുമ്പിലാടുന്ന തങ്ക-
ക്കൂടാരക്കുമ്പു കൊററക്കുടയുടെ മണി-
ദണ്ഡാകുമാ സ്യന്ദനത്തിൽ
വാടാമാല്യങ്ങളാട്ടംപടിയിരുവശവും
ചാമരം മുമ്പിൽ വീശ്ശും
നീടാർദപാരേ വിരാജിച്ചരുളിന സുഷമാ-
ബിംബമെന്തെന്തതയ്യാ!!"

"ശ്രീസന്ധ്യാ നവരാമണിയകമണിച്ചെപ്പിൻ
മുകപ്പോ, നവം
വാസന്തോജ്ജ്വലവാടികാവലിയിലെപ്പുസ്സമ-
പ്രഭാപുഞ്ജമോ,
ഭാസത്താം കരുണാപയോനിധിയിലെ-
പ്പൂന്തിങ്കളിൻബിംബമോ,
ഹാ! സമ്യങ്ങ്നരലോകഭാഗ്യപരിപാക-
ത്തിൻെറ മൂത്താഭയോ,

ക്ഷത്രശ്രീയുടെ ധാർമ്മികപ്രഭചൊരിഞ്ഞിട്ടുന്ന
സദ്ധാമമോ;
മിത്രൻതന്നുദയാദ്രികന്ദരമുഖപ്രാദുർഭവൽ
ബിംബമോ,
തത്ര പ്രസ്ഫുരിതതപിഷാരഥമതിൽ പ്രത്യ-
ക്ഷമാകുന്നു ഹാ!
ചിത്രക്ഷൻതിരുമേനിതൻ തിരുമുഖം
ഹാ! ഹാ! ജഗൽഭാഗ്യമേ!!"

എൻകണ്ണിൽക്കളിർവെണ്ണിലാവു, തനുവിൽ
പീയൂഷസേകം, മന-
സ്സങ്കല്പത്തിനു നിർമ്മലപ്രകൃതിതൻ
സൌന്ദര്യസാരോത്സവം,
തങ്കപ്പങ്കജരമ്യമീത്തിരുമുഖജ്യോതി-
സ്സിലാറാടിനി-
ന്നെൻകണ്ണേ! ഹൃദയത്തിൽ നിർവൃതിയെനി-
യ്യെന്നും വളർത്തേണമെ!!

എന്നുമുള്ള ഭാഗങ്ങൾ നോക്കുക. മഹാരാജാവിന്റെ പ്പററി സ്മരിക്കുന്ന ഭാഗങ്ങൾ ഇതിനേക്കാൾ മെച്ചമാക്കാവുന്ന കവികൌശലം മറെറന്താണുള്ളതു്. ആ വിശിഷ്ട സന്ദർശനത്തിലെ ആനന്ദാനുഭൂതിയിൽ മുഴുകിപ്പോകുന്ന കവിയോടൊപ്പം വായനക്കാരും,

"ശ്രീവഞ്ചിക്ഷോണിമാതിൻ ചിരസുകൃത-
പരിപാകപുണ്യത്തിടമ്പേ!
ശ്രീവഞ്ചിക്ഷോണിപാലാന്വയമഹിതമഹി-
കല്പകത്തിൻെറ നാമ്പേ!!
ദേവശ്രീ ചിത്തിരർക്ഷപ്രഭവ ജയ! ജയ!
ശ്രീലമിത്ഥപ്പദാബ്ജം
യാവച്ചന്ദ്രാക്കതാരം വിലസണമുലകാ-
ന്നെങ്ങൾതൻ തമ്പുരാനേ!!"

എന്നു് കൈകൂപ്പി പ്രാത്ഥിക്കുകതന്നെ ചെയ്യും. വസ്തുക്കളുടെ മാത്രമല്ല, അവസരവിശേഷങ്ങളുടെ ആവിഷ്കരണത്തിലും ഈ ഗുണം പ്രത്യക്ഷമാണു്. അതുപോലെ മഹാരാജാവിൻെറ അവതരണാവസരത്തിൽ സ്വാഗതം ചെയ്യാനായി,

"ഇത്ഥം ഭൂതെ സമസ്തപ്രകൃതിസമുദയെ
വഷവാരിപ്പരപ്പിൽ
ശ്ശുദ്ധം മുങ്ങിക്കുളിച്ചാദ്ധ്വാവളരുചിര-
മാമംബരച്ചാത്തുമായി
പൃത്ഥ്വീരുണ്മൌലിതോറും കിസലയസുമ-
പക്വാഢ്യസമ്പത്തെടുപ്പി-
ച്ചുദ്യൽപങ്കേരുഹപ്പൊൻകുടയൊടു വരവായ്
ശാരദാനന്ദലക്ഷ്മി"

ഈ വരവു കണ്ടാൽ നിർവൃതിയനുഭവിച്ചു നോക്കിനില്ക്കാത്തതാരാണു്. ഇതാ, ഇതാണു് ചിത്രാഭിഷേകം

ചമ്പുവിലെ പ്രതിപാദനാരീതിയുടെ വിശിഷ്ടസ്വഭാവം. ഇത്രമാത്രമുള്ള ദിങ്മാത്രനിർദ്ദേശംകൊണ്ടു് കാവ്യഗുണത്തിന്റെ വിവരണം മതിയാക്കാവുന്നതാണു്. പഴയ ചമ്പൂപ്രസ്ഥാനമായതുകൊണ്ടു്, ആശയങ്ങൾക്കു് ഒരു നവീനതയും ഇല്ലെന്നു് വായനക്കാർ കരുതാതിരിക്കാൻ വേണ്ടി മാത്രം ഒരു പദ്യമിവിടെയുദ്ധരിക്കാം. ചിത്തിരതിരുനാൾ മഹാരാജാവു് വിദ്യാഭ്യാസംചെയ്തു് ഇന്ത്യ മുഴുവൻ സഞ്ചരിച്ചുവന്നപ്പോൾ

"ബംബാഭ്രൂവിന്റെ കമ്മക്ഷമത, യുരതകം
 വംഗഭ്രസ്സ്വാഭിമാനം,
 ചമ്പായ്മാറാട്ടധീരസ്ഥിരഗതി, രജപു-
 ത്രാര്യ്യസംസ്കാരവീര്യ്യം,
 അമ്പാളും കേരളത്തിൻ ലഘുശുചിവിഭവാ-
 ഡംബരം ജീവിതംതൊ-
 ട്ടമ്പാ! ശ്രീഭാരതത്തിൻ മഹിമകൾ പലതെൻ
 തമ്പുരാനിൽത്തിളങ്ങി."

ഇങ്ങിനെയുള്ള ആശയനവീനതയോടുകൂടി, തന്റെ മഹാരാജാവിനെപ്പററി സ്മരിക്കുമ്പോൾ, ശ്രീകൃഷ്ണനെ സ്മരിക്കുന്ന എഴുത്തച്ഛനെന്നപോലെ, "എന്റെ" എന്ന മമതാബന്ധം കൂടാതെ, ഒന്നു പറയുന്നതിനും കഴിയാത്തവിധം ശാസ്ത്രിയുടെ ഹൃദയം അത്രമാത്രം രാജഭക്തിസമ്പന്നമായിക്കാണുന്നു.

വൃത്തം, വൃത്തി, രീതി, പാകം, ശയ്യ, അലങ്കാരം എന്നിവയുടെ സമുചിതമായ സമ്മേളനത്തിലെ പാകവിശേഷമാണു് കാവ്യാനന്ദത്തിന്റെ ജന്മഭൂവെന്നിരിക്കെ മുമ്പ റഞ്ഞ ഉദാഹരണംകൊണ്ടു് അവ വ്യക്തമായിട്ടുണ്ടു്. എങ്കിലും അവയുടെ പ്രത്യേക സ്വഭാവത്തിനു് ഒരു പദ്യമിവിടെയുദ്ധരിക്കാം. ചിത്രാഭിഷേകത്തിലെ എല്ലാ അലങ്കാരങ്ങൾക്കുമെന്നപോലെ ഉപമകൾക്കും ഒരു സ്വാരസ്യം പ്രത്യേകമാണു്. അവതരണം കഴിഞ്ഞ് ഉടനെ പിഞ്ചുപൈതലായ ചിത്തിരതിരുനാൾ രാജകുമാരനെ തോളിലമത്തി താരാട്ടി നില്ക്കുന്ന ശ്രീമൂലം മഹാരാജാവിന്റെ സ്ഥിതി നോക്കുക:—

"വടിവൊട്ടു തിരുമാതുലന്റെ പൊൻതോൾ
പ്പടിയിലമന്നരുണാഭമർഭകാംഗം
ചൊടിയൊടു പരമുല്ലസിച്ചു പൊന്നിൻ-
കൊടിമരമേറിയ ചെമ്പതാകപോലെ"

ഈ ഉപമയിലും, ശരൽക്കാലവർണ്ണനയിലെ:—

"ആകാശത്തങ്ങുമിങ്ങും ചിതറിയ ചില വെ-
ണ്മേഘപോതങ്ങൾ, ദിവ്യ-
ശ്രീകാളും ഗർഭമേന്തും സുകൃതനിധി മഹാ-
രാജ്ഞിയെസ്സേവചെയ്വാൻ
പാകാരാതിപ്രമുഖ്യത്രിദശരെ നിവരെ-
ബ്ഭേസിയാമന്ദമന്ത-
ന്നാകാൽപ്പോന്നിട്ടമൈരാവതവരഗജപോത-
ങ്ങളെപ്പോലെ കാണായ്."

ഈ ഉൽപ്രേക്ഷയിലുമുള്ള രസികതാവിശേഷം ചിന്താശീലന്മാരുടെ അനുഭവത്തിനു വിട്ടുകൊടുക്കുകതന്നെയാണു് നല്ലതു്. ഇങ്ങിനെയുള്ള ഉപമ, ഉൽപ്രേക്ഷ, സ്വഭാവോക്തി തുടങ്ങിയ അലങ്കാരങ്ങളാൽ നിരന്തരം ഭൂഷിതമാണു് "ചിത്രാഭിഷേകം" ചമ്പു എന്നു് ചുരുക്കിപ്പറയാനേ എനിക്കിവിടെ തരമുള്ളു. ശ്രീമൂലം തിരുനാൾ കാണുന്ന സ്വപ്നം, രാജകുമാരാവതരണം, രഥോത്സവത്തിലെ പരിവാരങ്ങളുടെ ഘോഷയാത്ര എന്നിടങ്ങളിലെ ഗദ്യങ്ങളും, അവസരോചിതമായ ദണ്ഡകങ്ങളും, അവതരണാവസരത്തിലെ ശരൽക്കാലവർണ്ണനയും ശബ്ദാർത്ഥങ്ങളുടെ രമണീയമായ സംയോഗത്താൽ കവിതാമൃതനിഷ്യന്ദം വഴിഞ്ഞവയാണു്. അവയെല്ലാം വായനക്കാരുടെ സ്വതന്ത്രാനുഭൂതിക്കായി വിട്ടുകൊണ്ടു് ഉദ്ധാരണഭാഗങ്ങളിൽ നിന്നു് ഞാൻ വിരമിക്കട്ടെ!

"ശ്രീ ചിത്തിരസ്തുതി" ശ്രീ ചിത്രാഭിഷേകം" എന്നീ രണ്ടു ഉത്തമ കാവ്യങ്ങളുടെ സൃഷ്ടികൊണ്ടുതന്നെ ശാസ്ത്രികൈരളിയുടേയും, തന്റെ മഹാരാജാവിന്റേയും, പാദങ്ങളെ അർച്ചിക്കുക എന്നതു് ഭംഗിയായി നിർവ്വഹിച്ചിരിക്കുന്നു. അക്കാര്യത്തിൽ ശാസ്ത്രിയുടെ ജീവിതം ധന്യമാണെന്നും തികച്ചും പറയാം. എന്നാൽ ശ്രീ ചിത്തിരതിരുനാൾ തിരുമനസ്സാകട്ടെ അപദാനശതങ്ങളാലലംകൃതൻ. ശാസ്ത്രിയോ, ദൈവദത്തമായ സരസ്വതീപ്രസാദത്താൽ അനുഗൃഹീതൻ. ആ നിലയ്ക്കു് തന്റെ സ്വാമിയായ തമ്പുരാന്റെ അപദാനഗാനങ്ങളാൽതന്നെ കാലശേഷം നയിച്ചു് കൈരളിയെ

വേണ്ടുംവണ്ണം അച്ചീക്കുന്നതിനു് ശാസ്ത്രിക്ക മാർഗ്ഗം തെളിഞ്ഞതാണു കിടക്കുന്നതു്.

ശാസ്ത്രിക്കു് അപ്രകാരമെല്ലാമുള്ള എല്ലാം പരിതഃസ്ഥിതികളുമുണ്ടാകട്ടെ എന്നു് പ്രാർത്ഥിച്ചുകൊണ്ടു് വിരമിക്കുന്നു.

Palace
Nilamboor
23rd Sept. 1940.

(Sd.) Manavedan
Raja of Nilamboor
Member of Imperial Legislature.

# സമപ്പ്ണം

ധമ്മസംസ്ഥാപനംചെയ്തു് ശ്രീ വഞ്ചിരാജ്യം
വാണരുളുന്ന
ശ്രീ ചിത്തിരതിരുനാൾ
പൊന്നുതമ്പുരാനാകുന്ന ആ ജഗദനുഗ്രഹ
മൂത്തിയെ ഭൂലോകത്തിനു പ്രദാനം ചെയ്ത
വീരസവിത്രിയും പരമധന്യയുമായ,
ശ്രീമൂലംതിരുനാൾ തിരുവവതാരംചെയ്തരുളിയ
ശ്രീ സേതു പാവ്വതീഭായി മഹാറാണി
തിരുമനസ്സിലെ പരിപാവനമായ തൃപ്പാദ
പത്മങ്ങളിൽ, കാരുണ്യപൂവ്വം കല്പിച്ചരുളിയ
അനുമതിപ്രകാരം, തൃപ്പാദഭക്തനായ
ഗ്രന്ഥകത്താവു്, ഭക്തിപ്രശ്രയവിവശനായി
അടിയറവച്ചുകൊള്ളുന്നതു്.

ശ്രീ

# ചിത്രാഭിഷേകം ചമ്പൂ.

SAS. C.

## ഒന്നാം ഭാഗം.

ശ്രീമൽപാദം ഭജിപ്പോൎക്കഖിലശുഭദയാം
കല്പവല്ലീമതല്ലീ,
ഭീമപ്രദ്വേഷിവൎഗ്ഗോൽകടവിപിനവിനാ-
ശോഗ്രകല്പാന്തവഹ്നി,
കാമം മദ്വംശരക്ഷാപരവശഹൃദയം
വാരനാടാവസിയ്ക്കും
സാമഞ്ജസ്യപ്രപഞ്ചപ്പൊരുളുടയ പരാ-
ശക്തിയെക്കുമ്പിടുന്നേൻ!! 1

ഭൂമാവേവംമുഹൂൎത്തെ മടിയിലരുമയോ-
ടെന്നെ മാനിച്ചിരുത്തി
ധീമാനാരോ ഹരിഃശ്രീഗണപതയെനമോ/-
വിഘ്നമസ്ത്വേവമാദ്യം

ഹേമാംശംകൊണ്ടു നാക്കത്തെഴുതിയരിവര-
പ്പിച്ചു, വാത്ത്യാട്ടുവീട്ടിൽ
ശ്രീമാനാക്കൃഷ്ണനാശാനവർകളുടെ കഴൽ-
ക്കായിരം കൈയ്തൊഴുന്നോൻ!! 2

എന്തോഴാ, മാനസേ മെ, സഹൃദയതിലകം
പശ്യതസ്ത്വാം സഭായാ,-
മെന്തോതാം; കൈയ്‌വളർന്നു പരമൊരുപരമാ-
നന്ദസന്ദോഹസാരം;
തന്തോളിൻഭാരമേല്പാനൊരുമരുമകനെ-
ക്കണ്ടു ചിത്രർക്ഷഭാസ്സിൽ-
സ്സന്തോഷം മൂലകക്ഷ്മാപതിയുടെ തിരുവു-
ള്ളത്തിലുണ്ടായപോലെ! 3

ഇപ്പാരിൻഭാഗധേയം മനുകുലമകുടി-
കോടിമാണിക്യദാമ്നാം
തൃപ്പാപ്പൂരെന്നവംശം വിരുതൊടു വിജയി-
ക്കുന്നു വഞ്ചീശ്വരാണാം
നല്പാളും കൌസ്തുഭശ്രീ ദ്യുപുരതരുസുധാ-
രശ്മീധന്വന്തരീണാ-
മപ്പാലാഴിക്കു തുല്യം, നിരുപമമഖിലാ-
രാദ്ധ്യമാം ജന്മധാമം. 4

ഒളിയൊടു വിളിപ്പൊങ്ങും വെള്ളിമാങ്കുന്നിൽ വാണോം-
കളിരരുളിമൂഢൻതൻ മൂർദ്ധ്നി ചന്ദ്രൻകണക്കെ
മിളിതരുചിയിൽമിന്നി വഞ്ചിരാഡ്വംശമെന്നല്ലൊ
തെളിവൊടു കുലദൈവസ്ഥാനമാരുഹ്യ ധർമ്മഃ. 5

സ്ഫാരപ്രോച്ചണ്ഡദോർമ്മണ്ഡലപരിഘലയിലേ-
യ്യേറ്ററലം ലോകരക്ഷാ-
ഭാരം നിർബാധനിർവ്വ്യൂഢിടമരുളുകയാൽ
പ്രീതനാം പത്മനാഭൻ
നേരറ്റേകീടുമാശീസ്സനവരതമിയ-
ന്നാത്മജന്മപ്രഭാവോ-
ദ്രേകത്തോടൂഴിവാണാരിഹ സുകൃതികളാ-
യുള്ള വഞ്ചീശ്വരന്മാർ. 6

വാരോലുംവഞ്ചിഭൂവിൽത്തിറമൊടുനിറയെ
ക്ഷത്രധർമ്മങ്ങളോരോ-
ന്നോരോന്നായിപ്പുലർത്താനവതരണമിയ-
ന്നുള്ളഭൂജാനിമാരിൽ
ആരോമൽസ്വപ്രജാളിയ്ക്കമരതരുവിനേ-
പ്പോലെ കാരുണ്യസമ്പൽ-
സാരോദ്രേകേണ മൂലംതിരുവടിരഭവ-
ന്നിസ്തുലഃ പ്രാജ്യകീർത്തിഃ. 7

ശ്രീഭാരതവർണ്ണാശ്രമധർമ്മങ്ങളശേഷം
സ്വാഭാവികശ്രദ്ധ്യാ പരിപാലിച്ചവനീശൻ
ആ ഭാസുരരാജർഷിപദത്തിൻപൊരുളാകെ
ശ്ശോഭാവഹമാക്കിത്തിരുമൂലം വിജയിച്ചു. 8

അമോഘം പാലിച്ചീവിധമനുദിനം ദേവമനുജ-
പ്രമോദം ശ്രീമൂലംതിരുവടിവളർത്തീടിലുമഹോ
സ്വമോഹം സാഫല്യോദയപദവിപൂകാഞ്ഞു കിമപി
ക്രമോദ്വൃദ്ധോന്നതത്വം സ്വപദമകരോൽ ഭൂപഹൃദയെ! 9

നാളിൽനാളിലഭിവൃദ്ധിപൂണ്ടവനി
    നാകലോകസമമാകിലും,
കേളിമേളിതരസം ദിഗന്തമഖിലം
    പരന്നവശമാകിലും
ആളിയാളിയൊരുതാപവഹ്നി തിരു-
    മാനസത്തിൽ നിവരെത്തദാ
മോളിൽ മോളിൽ വളരുന്നതായ് പരി-
    ജനങ്ങൾ കണ്ടിതനുവാസരം! 10

ഉന്നിദ്രാഭിഖ്യമാകും നിജകുലമതിലെ
    ബ്ഭക്തിയും ശ്രദ്ധയുംപോൽ,
മുന്നിട്ടെത്തും സ്വരാജ്യപ്രജകളിലെ മഹാ-
    ലക്ഷ്മിയും കീർത്തിയുംപോൽ,

അന്നിബ്ഭൂപാന്വയത്തിൽത്തരുണികളിരുപേ-
രിമ്പമാൻറുല്ലസിച്ചാ;-
രെന്നിട്ടുംവംശതന്തുദയമവരിലെഴാ-
ഞ്ഞാധിയാർന്നൂ നരേന്ദ്രൻ!! 11

നൃപാലമണിമൂലകൻ തിരുമനസ്സുകൊണ്ടേവമ-
ത്യപാരകദനാംബുരാശിയിലപാരഗത്തസ്ഥലേ
കൃപാമൃതധിപത്മനാഭപദഭക്തിയാം വഞ്ചിമേ-
ലുപാത്തലയമാവസിപ്പതറിവായി നാടെങ്ങുമേ. 12

ഗദ്യം ൧.

ശിവശിവ! പറവതിന്നരുതരുതരുമറതിറവിയതിരു വാംക്രുറ്റിലെഴും ബഹു സുരനരനിഖിലപ്രാണികുലത്തിനു സുരുചിരഭവ്യക സുരദ്രുമമൂലം, സഞ്ചിതപുണ്യഫലാഞ്ചിതയാം തിരു വഞ്ചിമഹാവനിതഞ്ചിയനിജപതിസഞ്ചയഗണനയിൽ മിഞ്ചിയനൃവരമഹാനന്വയമൂലം, തിരുവടി ലക്ഷസഹസ്രശതപ്രജകൾക്കഭിമാനമഹസ്സിനുമൂലം, പ്രതിജനനിർമ്മലമാനസപത്മവിലാസവിലോലനദൽകളഹംസം, ഭാരതപൂർവ്വപുരാണസമഞ്ജസ ധാർമ്മികനരവരലസദവതംസം, ദിനമനുവിനിഹിതനിജകരപൂജാദാനപ്രമുദിത വിബുധമഹാമുനിധരണീസുരവരമാനസകരതലവിഹിതാശംസം, സരസിജനാഭൻ തിരുവടിതൻപദകമലയുഗത്തിൽ നിറഞ്ഞു

വഴിഞ്ഞൊഴുകും നവഭക്തിമരന്ദം ദിനമനുസുഖമൊടു ഭുക്തി
കഴിച്ചു മദിച്ചു മുരണ്ടമരും കളകളരുചിയാം മദഭൃംഗം, ചിര
തരമഴകിനൊടരുളിയ ഭരണഗുണങ്ങളശിച്ചു സുഖിച്ചുരമി
ച്ചീയലും ബഹുലക്ഷജനങ്ങളെഴും ക്ഷിതിമണ്ഡലരക്ഷണ
കലതൻപഞ്ചപ്രാണൻ, ദ്വിജകുലപരിവൃഢനെന്നാകണക്ക
തിവിനതാനന്ദദമഹിമോദ്രേകൻ, തെളിവൊടുമുഴമതിയെ
ന്നാകണക്കെ ഹരിണാധിഷ്ഠിതഹൃദയൻ, ദിനകരനെന്ന
കണക്കനുദിവസമഹോദയ, നിനരഥമെന്നതുപോൽ ദൃഢ
നിയമിതനിജനിഖിലാക്ഷമഹാചക്രൻ, ദശരഥസമമിനി
യസുമിത്രോപേതൻ, ഗ്രഹഗണവൽബുധസേവിതപാ
ർശ്വൻ, പശുപതിപോലെ മഹാസേനാഢ്യൻ, ശന്തനു
പോലെദൃഢപ്രിയസത്യവ്രത, നഥ കുരുവരസേനകണക്കു
കൃപാനുഗതൻ, കുശലവസുതഗുണമൊടിണങ്ങിയരാമമഹീ
പതിമൂലം നരപതി ഗുണനിധി, വിവിധപ്രകൃതിരപിസ്ഥിര
മതിഗതി, പരിവൃതബഹുശതപരിജനനാകിലുമൊരുവനു
മേതുമടുക്കരുതാത്തോൻ, പ്രകടിതദാനജലോപ്യമദൻ, പര
മായതദൃഷ്ടിഗുണോപിസുസൂക്ഷ്മനിരീക്ഷകനവനിയെവാണി
ടുമളവെ കേശഗ്രഹമതുരതിയതിലായ്, കരിവരരിലിരുന്നു
മദമ്പാടെല്ലാം, ചന്ദ്രനിലെന്നികളങ്കവുമില്ല കരഗ്രഹമില്ല
വിവാഹമൊഴിഞ്ഞു ഗുണക്ഷതിവില്ലിലൊഴിഞ്ഞില്ലണവിട
വൃത്തവിലോപംഗദ്യത്തിലുമായ് വണ്ണപരീക്ഷകൾപൊന്നി
ലുമായി വനിതാരതപദത്തിനു ഷഷ്ഠിയിലല്ലവിഭക്തികൾ
സപ്തമിതാൻ, ജനനായകപദമതുരൂപകമല്ലസമാസവുമി

ങ്ങിനെമഹിമയൊടനുദിനമുലകുഭരിച്ചു നിജപ്രജകൾക്കു ഗുണങ്ങൾവരുത്തുകിലും നരപതിയുടെമതിയിൽവളൎന്നവിഷാദവിശേഷമറിഞ്ഞളവെ ബത! മന്ത്രിയൊടൊത്തുപമന്ത്രികളും പരിചാരകരും പ്രജകളുമകമിടറിയി"തെന്തുഹരെ ഭഗവൻനരകാരെ! പാലയപാലയനിന്തിരുവടിയേ മൂലമഹീശനെയെങ്ങടെനാഥനെ! പൊന്നുംതിരുവടിതന്നുടെ കദനമിതെന്നുതുടങ്ങിയതെന്തൊരുമൂലം! പ്രജകളെയാരുഭരിക്കും തിരുവടിയുലകുവെടിഞ്ഞാലെന്നോകദനം! പുകളൊടുമഹിമപുലൎന്നരുളും നിജകുലമതിലൊരുമരുമകനുളവാവതിനിരവൊടുപകലുമിരന്നാഹിവരശയചരണമിളാപതി ഭജതി നിരന്തരമെന്തിതുസരസിജനാഭൻ തിരുവടി ഹന്ത! കൃപാഗുണമരുളീടാത്തു!! അയ്യോനമ്മുടെരാജകുലത്തിൽ കയ്യോടൊരുമരുമകനവതാരം ചെയ്യാറാവണമീശ്വര, മൂലകനീയ്യാധിയ്ക്കുടനറുതിവരുത്തുക" ജനപദപുരവരസരണികൾ നിറയവെ ജനതതിയീശ്വരനോടിതിനേന്റം പലവിധമത്തുമിതുമുളറിപ്പുംസ്ത്രീജരഠ ജനങ്ങൾ മഹാധികലൎന്നും പ്രജകളശേഷവുമൊരുനിരുപാധിക രുജയുടെമൂടലിൽമങ്ങിമയങ്ങി. കാറണിരാജമഹസ്സുമറച്ചാലേറും മറ പലതുലകിനുമളവെ!

ഖേദമാൎന്ന തിരുമൂലകൻ വലിയതമ്പുരാൻ
തിരുമനസ്സുകൊ-
ണ്ടാദരേണ തിരുവമ്പലങ്ങളിലശേഷവും
വലിയ പൂജയും

വേദവിജ്ഞവിബുധർക്കു ദാനവുമകിഞ്ചന-
പ്പരിഷകൾക്കു ന-
ല്ലോദനാംബരധനാദിയും ബഹുവിതീർത്തു നേർന്നു-
കുലസന്തതിം. 13

"വാരിവാരി നിറയെക്കൊടുക്ക ധനധാന്യവസ്ത്ര-
നികരങ്ങളെ-
ന്താരിനിയ്യുള്ളാരനുഗാമിയില്ല പുനരെന്തിനീ
നിധികളൊക്കെയും
നേരിലെൻപ്രജകളെന്റെ മക്കളെവർതൻ
പരിശ്രമഫലങ്ങളി-
ബ്ഭൂരിരാജ്യവിഭവങ്ങൾ ദൈവമറിയട്ടെ"
യെന്നരുളി തമ്പുരാൻ 14

ഈവിധം ഭജനദാനധർമ്മരതിയേറി
വന്ന തിരുമാനസം
താവിടും പരമഭക്തിഭാരമൊടു പത്മ-
നാഭപാദപങ്കജം
ഭൂവിലും തദനു വാനിലും സ്വപദഭൂതി
ഹേതുവിതി ബോധമാ-
യാവിശുദ്ധമതി മൂലകൻ തിരുമനസ്സുറച്ചു
മരുവീടിനാൻ! 15

തിങ്കളാഴ്ച തിരുവോണമുററഹസ്സ-
    വാസരാദി ദിവസങ്ങളിൽ
ശങ്കരാംബുരുഹനാഭസേവ നൃപാ-
    ധികാനശനസദ്വ്രതം
ശങ്കവിട്ട ധരണീസുരക്ഷണാ
    ദക്ഷിണാദിയൊടു ചെയ്യുഹോ
തിങ്കളാസ്യകളുദ്രൂഢഭക്തി
    നിവസിച്ചിതെ നൃപകുമാരിമാർ. 16

വെമ്പിവെമ്പിയകതാർ വിതുമ്പി മിഴിനീർ
    തുളുമ്പിയരചാന്തികം
നമ്പിനിന്നു കഴൽകുമ്പിടുന്ന തിരു-
    മുമ്പിലപ്പരമഭക്തരും
വമ്പിടിഞ്ഞു ഹൃദയംപിടഞ്ഞു നിജതമ്പുരാന്റെ-
    യഴലാററുവാൻ
കമ്പിതാശയരിലമ്പിയന്നരുളുമുമ്പർ-
    നാഥനൊടു നേർന്നിതേ! 17

കരളലമലിയുമ്മാറിവിധം വഞ്ചിഭൂവിൽ
സ്സുരനരപശുപക്ഷിപ്രാണിജാതപ്രപഞ്ചം
പരമപുരുഷപാദാംഭോജലീനാഖിലാന്തഃ-
കരണഭരമവാൽസീദ്രാജവംശപ്രസൂത്യൈ. 18

വമ്പററിങ്ങിനെ വത്സരങ്ങൾ കഴിയും
കാലത്തിലോരായിര-
ത്തെമ്പത്തേഴതുലാമണഞ്ഞു പതിവിൻ-
മട്ടിൽ പ്രകൃത്യാദരം
തൻപത്തൂററു ഭജിപ്പവൎക്കു നിധിയാം
ശ്രീപത്മനാഭൻെറ ന-
ല്ലിമ്പംചേൎന്ന മഹോത്സവം മതിലക-
ത്തുണ്ടായിതുല്ലാസമായ്. 19

ഗദ്യം ൨.

കല്പനയ്ക്കൊപ്പമായിത്തുലാമുത്സവം നിസ്തുലാഹ്ലാദമെ
ന്നിത്തരംപ്രസ്ഥിതാസ്സേ സമസ്താജനാ വഞ്ചിരാജ്യസ്ഥിതാ-
ഗാരുഡംപാത്മമാന്ദോളമിത്യാദിയാം ചാരുതാമോഹനംവാ
ഹനംതോറുമെ മാറിമാറി ദ്ദിനംതോറുമോരോന്നിലായേറി
യേറിത്തിരുശ്രീബലിയുത്സവം പത്മനാഭാലയെ പത്തുനാ
ളാകവെ, തഞ്ചിടുംഭക്തിപൂണ്ടുള്ളഴിഞ്ഞങ്ങു കണ്ടുള്ളകോലാ
ഹലത്തള്ളൽവാഴ്ത്താനമീയുള്ളവൻ തൻ ശ്രമംപൊള്ളയാ
യെന്നുമാം. ഏഴുവൎണ്ണങ്ങളുംചേൎന്നപൂമാലകൾ ചുററിലും
പൊൻതുടൎക്കററമലുന്ന വാരുററദീപങ്ങൾതൻപററമൊ
ന്നൊന്നിനോടൊട്ടിടംവിട്ടുതാൻ തൂക്കിമേൽത്തട്ടിലെപ്പട്ടുമേ
ലാപ്പുമായ്നേൎക്കിന്നങ്ങും ശിവേലിപ്പുരപ്പന്തലും, ചമ്പക
മൊട്ടണിപ്പൂക്കൾപോൽ ചുററിലുംസമ്പൂൎദ്ദീപകോടാനുകോ

ടിപ്രഭാസുന്ദരം വിസ്ഫുരച്ചാരുതാരൌഘമാം വിണ്ടലക്കോ
ണുപോൽ ചുററുപാട്ടുംപരന്നിമ്പമായ്മിന്നിടും പൊൻതി
രുമുററവും, വാനവർകോനെയും മാനവർകോനെയും ന്ദന
മൊന്നിച്ചൊരേടത്തുകണ്ടാദ്യമേ ഞാൻമുതിന്നാദ്യമെ പാദ
പങ്കേരുഹം കൃപ്പുമെന്നല്ലസൽഭക്തിസങ്കീർത്തനാരാവമോട്ട
ച്ചിയിൽ കൃപ്പുകൈയ്മൊട്ടുകൾ ചാർത്തിയാശ്രീബലിപ്പന്ത
ലിൽച്ചുററുമായ് തിങ്ങിവിങ്ങിപ്പുരക്കും മഹാലോകരും, കൂടി
യാട്ടുന്ന പൂമാലകൾക്കുള്ളിലും കോടിദീപങ്ങളുൾക്കൊണ്ടിട്ടും
നെയ്യിലും വേദിയിൽകോരിവാരിത്തളിയ്ക്കുംപനിനീരിലുംനി
ന്നുപൊങ്ങുന്നസൌരഭ്യവും, മുമ്പിലേ മുത്തണിപ്പൊൻകുടക്കൂ
ട്ടവും പൊൻപിടിപ്പുറെറഴും ചാമരച്ചാർത്തലും പീലിവച്ചുള്ള
നല്ലാലവട്ടങ്ങളും ചേലെഴുംവെൺതഴത്തോരണശ്രേണിയും
ആയുധച്ചാർത്തുമായ് നായരംഗപ്പടസ്സേവയും വായ്ക്കുകൈയ്
കെട്ടിയെത്തുന്ന വിപ്രേന്ദ്രരും കണ്ണുസൗഖ്യംവരുത്തുന്നനാഗ
സ്വരം വിണ്ണടയ്ക്കുംമഹാശംഖനാദങ്ങളും കാഹളംകൊമ്പു
കൾതിത്തികൾകൈയ്മണി ഭേരിയുംഢക്കയുംമദ്ദളക്കൂട്ടവും
പഞ്ചവാദ്യങ്ങളുംപാണിവാദ്യങ്ങളും തഞ്ചമായ്ക്കൂട്ടിടുംതാള
വുംമേളവും, ചിട്ടയായിട്ടുവെൺപട്ടുസോമൻഞൊറിഞ്ഞൊ
ട്ടുനിളെത്തളച്ചിട്ടു നൽത്തററുട്ടുത്തരീയം പുതച്ചുത്തമഭ
ക്തികൈയ്കെട്ടി വായ്പൊത്തി നിശ്ശബ്ദമായുത്തമാംഗം
കുനിച്ചത്തിരുപ്പാദയുഗ്മത്തിനെ സ്സേവചെയ്യുന്നിമുൻപിൻ
പിലായ് മന്ത്രിയോടൊത്തുപമന്ത്രിമാരായിടുന്നന്തണശ്രേ
ഷ്ഠർമന്ദം നടക്കുന്നതും, രാജചിഹ്നംമഹാവാളും പരിചയും

വെള്ളിത്തടികളുമാളുമകമ്പടിസ്സേവുകപ്പന്തിയും വെള്ളികൊ
ണ്ടുള്ളനൽചങ്ങലവട്ടയും താലവും പൊൻപിടിമൊന്തയും
കൈയ്കളാലേന്തിയന്തഃപുരസ്സേവകന്മാർ നൃപോപാന്തഭൂ
സേവചെയ്താദരാൽപ്പോവതും, തറവുട്ടത്താത്തനിപ്പൊൻകുട
ത്തിന്റെ വാരുററപള്ളിക്കുടവസ്ഥിയിൽപ്പാതിയും മൂടിമീതെ
തനിപ്പൊൻകസവഞ്ചിവന്മോടിയേറുന്നാപട്ടാടചാർത്തിത്തിരു
സുന്ദരമാറിൽനല്ലിന്ദ്രനീലപ്പതക്കംപെട്ടും വൈരവെണ്മാല
പൊൽത്തുക്കഴുത്താകവേചുററിയി,ട്ടുത്തമാംഗത്തിലാപ്പത്മനാ
ഭന്റെ പൊൻതൃപ്പദംചേർന്നെഴും തൊപ്പിവച്ചിമ്പമായ്,ക
ണ്ടുകണ്ടുൽപ്രിയോൽകണ്ഠയാ കൂപ്പുകൈയ്ത്തണ്ടുയർത്തിശ്ശി
വേലിപ്പുറപ്പന്തലിൽ രണ്ടുഭാഗത്തുമുൾത്തിങ്ങിവിങ്ങിപ്പുരം
ഞെങ്ങിനില്ക്കും പ്രജാശ്രേണിയെക്കാരുണീവേണിയാകുന്ന ക
ൺകോണിനാൽനോക്കിയും, ഹർഷഭക്തിപ്രസാദങ്ങളാൽമി
ശ്രമാമശ്രുവാർത്തും കടാക്ഷിച്ചുമുത്തേകിയും, അമ്പിയന്നിട്ടുമാ
പ്പത്മനാഭന്റെ തൃപ്പൊൻപദത്തെപ്പദംതോറുമെ കൂപ്പിയും
നേർന്നുനിന്നുംക്ഷണം വാദ്ധ്കക്ഷീണമോടേന്തിയൊട്ടൊട്ടുതൃ
ക്കാൽത്തലംമന്ദമായ്‌വച്ചുവച്ചന്തികെ വഞ്ചിതൻമൂർത്തിമൽ
പുണ്യസൌഭാഗ്യമായഞ്ചിട്ടും മൂലകൻതമ്പുരാനങ്ങെഴുന്നള്ളി
യെത്തുന്നതും, മുൻപുപിൻപെത്തിനിന്നിമ്പമായുള്ളപാരു
മ്പർതൻസാമവേദോക്തിഗാനങ്ങളും, പാർശ്വഭാഗത്തണിപ്പ
ന്തിയായിസ്ഫുരത്താരകാ ചാരുമാലാകലാപംകണക്കജ്ജ്വ
ലദ്ദീപനാളങ്ങൾചുററുംപരത്തുന്ന കാന്തിപ്പരപ്പായ തങ്കത്ത
നിച്ചാറിലാറാടി നേക്പ്പുരോഭാഗരോദോന്തരാളം സമസ്തേ

ന്ദ്രിയാനന്ദനിർവ്വാണലക്ഷ്മീവിലാസാഞ്ചിതാംഗിീണഭംഗി തരംഗീഭവൽഭ്രതിയാംവേദിയിൽ ആരണന്മാർവഹിക്കുന്നരത്നപ്രഭാചാരുചാമീകരാന്ദോളികാതല്പജെ വിസ്ഫുരദ്രത്നമാലാകലാപത്തൊടും വിശ്വസമ്മോഹനശ്രീവഴിഞ്ഞിട്ടുമാ പത്മനാഭൻെറപൊൻവിഗ്രഹം തേജസാം സത്മമാമന്ദമായ്‌വന്നുചേരുന്നതും, ചേലെഴുംകുന്തളംകെട്ടി നെററിക്കുമേലാലവട്ടംകണക്കാഭയാചാർത്തിയും സ്വച്ഛമായ് പൊൻകരവച്ചമുണ്ടാൽമുഖക്കച്ചകെട്ടിക്കണങ്കാലൊളംനീട്ടിയും താലിമാലാകലാപങ്ങൾ ചാർത്തിത്തളിർച്ചേലെഴും പാണിയിൽക്കോൽവിളക്കേന്തിയും പിൻപണിപ്പന്തിയായ്‌രണ്ടുഭാഗത്തുമാ പ്പന്തണിക്കൊങ്കമാർമന്ദമെത്തുന്നതും, കട്ടിയുംപാവുമാംമട്ടിനൊപ്പിച്ചരക്കെട്ടിലമ്പോടുടുത്തുററമാററു കൈയ്കെട്ടിവാപൊത്തി നൽഭക്തിമൽസ്വാന്തരായ് മുമ്പിലെനിന്നിട്ടും വമ്പരായിട്ടുമോരോമഹാന്മാരെ മുൻപിൻപു നമ്പിത്തലാ തമ്പുരാൻതൻെറ പൊന്നംഗരക്ഷാഭരം മുമ്പിലെവംശധർമ്മം സ്വകീയംമനക്കാമ്പിലോർത്തും ചുഴന്നാശുപാർത്തും പരിസ്ഫായദൂർജ്ജസ്വലശ്രീമുഖത്തേറുമാ നായരുദ്യോഗിവൃന്ദംനടക്കുന്നതും, പത്മനാഭാഹരേ, പത്മജാപുണ്യമേ,പത്മഭ്രസത്മനാഭീസരോജാകൃതേ, പാഹിപാഹിപ്രഭോ, ദേഹിമുക്തിം വിഭോ ദേഹിവഞ്ചീശചിത്തേ ഹിതമീവിധം സ്തോത്രസങ്കീർത്തനച്ചാർത്തുമായ് ഭക്തരൊത്താത്തു നൃത്തങ്ങൾചെയ്യുമ്പാസ്ഥയാപോവതും, കണ്ടുമോരോന്നുടൻ കേട്ടുമേമാനസം വിണ്ടലിഞ്ഞുൽകടം കോൾമയിർക്കൊണ്ടലം സത്യവൈകുണ്ഠനിർവ്വാണഭക്തിസ്ഫുരന്മത്യലംഭാവമാർന്നു സമസ്താജനാ.

ഉണ്ടാമിടച്ച്യയോടുമത്ര്യാഭിഷേകവും കൈയ്-
ത്തണ്ടാർക്കുടങ്ങൾവഴിയച്ച്യന്നവും വിശേഷാൽ
കൊണ്ടാടി മാനസനിവേദ്യവുമാചരിച്ചു-
കൊണ്ടാജ്ജനങ്ങൾ ഭഗവൽഭജനം നടത്തി. 20

താവന്നാനാവിധാഡംബരവിഭവമൊടും
വാദ്യമേളങ്ങളോടും
ദേവക്ഷോണീശപാദാനതിയൊടു വളരും
സ്തോത്രഗാനങ്ങളോടും
ഏവം ശീവേലി പൊന്നമ്പലനടയിൽ വലം-
വച്ചണഞ്ഞു; നിതാന്ത-
ശ്രീവന്ദ്യൻ മൂലകക്ഷ്മാപതി തൊഴുകരമോ-
ടിത്ഥമർത്ഥിച്ചുകൊണ്ടാൻ. 21

മീനകച്ഛപ വരാഹ സിംഹ വടു
രാമരാമ ബലരാമ സ-
മ്മാനനീയ യദുനായകാദി വിവിധാ-
ത്മനെ സുപരമാത്മനെ
ന്നൂനമാഗമസഹസ്രകൈരപി ച മൃഗ്യ-
മാണചരണാത്മനെ
തേ നമോസ്തു ഭഗവൻ നമോസ്തു ഭവ-
ഘോരസാഗരതരെ ഹരേ!! 22

ആശപോലുലകു സൃഷ്ടിചെയ്തു ഭരി-
ച്ചു പിന്നെയൊടുവിൽ പരം
നാശമേകി വിളയാടിടുന്ന തവ ദിവ്യ-
ലീലകളശേഷവും
ക്ലേശമൂലകമിതെന്തിനെന്നു കരുതുന്നു
ഞങ്ങൾ ഭഗവൻ ഹൃഷീ-
കേശ കേശവ സുരേശ്വരേശ ഭവപാശ-
മോചന നമോ നമഃ !! 23

ഇമ്മഹാണ്ഡവലയത്തിലുള്ള ബഹുജീവി-
കോടികൾ പിപീലികാ-
ബ്രഹ്മമെന്നവയിലങ്ങുചെയ്തു കര-
ണത്രയീകരണചോദനം
ജന്മവാസനയതെന്നുകാട്ടി വിജയിച്ചു
കൊണ്ടവയിലൊക്കെയും
ധമ്മകമ്മഫലമേകിടുന്ന ഭവദീയ-
ശക്തിയതിമായിനീ! 24

ഭൂതവും തദനു വത്തമാനമഥ ഭാവി-
യെന്നിവ ഭവൽസ്മൃതി-
യ്ക്കാദിമധ്യമവസാനമെന്നിവക-
ളല്ലി കാലകലനപ്രഭോ!

വേദിയാതിനിയുമെന്തുവാനഖില-
വേദിയാകിയ വിഭോ, ഭവാ-
നാദിനായക, മദാധിമൂലമയി പത്മ-
നാഭ പരദൈവമെ!! 25

മല്പരം നിജ കിരീടമിച്ചരണഭുവിൽ
വച്ചു ശിരസാ ഭവൽ-
പൊല്പദങ്ങളുമണി,ഞ്ഞെടുത്തു ഭവ-
ദാജ്ഞയോടുമുടവാളുടൻ
നല്പിയന്ന തവ വഞ്ചിമേദിനീ ഭരി-
യ്ക്കുവാനഹഹ! മൽക്കുലേ
പത്മനാഭപദദാസനായൊരു കുമാ-
രകൻെറ ജനി വേണ്ടയൊ!! 26

വീരധർമ്മമുടലേന്തിവന്ന പുരുഭാഗ-
ധേയധികൾ നിൻകൃപാ-
സാരവൈഭവനികേതനങ്ങൾ മമ
മാതുലൻ തിരുമനസ്സുകൾ
പാരകം ഫലമണച്ച വംശഹരി-
ചന്ദനം മദവസാനമായ്
വേരറുക്കൽവരുമാറു മാഃ പരമ-
പാപിയാക്കരുതു മൽപ്രഭോ! 27

എന്തിനാണിവന്നു രാജശബ്ദമിനി-
യെന്തിനീവിഭവമൊക്കെയും
വെന്തിതെന്നകമൊരുണ്ണിയേ മദ-
നുഗാമിയാക്കിയരുളായ്കയാൽ
നിന്തിരുപ്പദനിഷേവണത്തിനവ-
കാശവും വരികയില്ല ഞാ-
നന്തിമൻ മമ കുലത്തിലെങ്കിലുളവാകു-
മുററ പിതൃശാപവും. 28

മാന്നനീയകൾ മദനാലയത്തിലിരുഭാഗി-
നേയികൾ മുതിന്ന സ-
ന്താനവല്ലികളിലൊന്നിലും മദഭി-
ലാഷവല്ലരിയിലെന്നപോൽ
നൂനമിന്നുമൊരു മൊട്ടുപോലുമുളവാ-
യതായറിവതില്ല ഹേ
ദീനവത്സല, ഭവദ്ദയാമൃതവരിൽ
ക്ഷണേന വരിഷിക്കണേ! 29

വത്സരങ്ങളിവനെത്രയായ് ഭവദ്പാ-
സനാച്ഛന്നരതാത്മനാ
ചിത്സ്വരൂപ ഭഗവൻ ഹരേ, പരമിര-
ന്നിരന്നു കഴിയുന്നിതേ

വത്സനൊന്നിളമയായ്കുലത്തിലുള-
വാകുവാനിനിവരും തുലാ-
മുത്സവത്തിനകമെ കനിഞ്ഞരുൾക
മംഗളം പരമദൈവമേ!" 30

ക്ഷണമൊരുമണിനാദം കേട്ടു പെട്ടെന്നുണർന്നൽ-
ബണകുതുകി ധരിത്രീനായകൻ കൺമിഴിക്കെ
പ്രണവരുചിയിലുദ്യന്മന്ദഹാസാമൃതാർദ്രേ-
ക്ഷണയുഗമൊടു കണ്ടാൻ പത്മനാഭസ്വരൂപം! 31

പരിസ്ഫുരൽപ്രസാദമാധുരിതങ്കലേക്കൊഴുക്കിടും
ഹരിക്കെഴുംമുഖാംബുജത്തെ നോക്കിനോക്കിനിന്നലം
ശരിക്കുയാത്രചൊന്നു കൈകൾകൂപ്പിയും നടന്നുടൻ
തിരിഞ്ഞുനിന്നുണർത്തിയും പിരിഞ്ഞു പൊന്നുതമ്പുരാൻ

മതിയിലഴലൊടൊപ്പം ഭക്തികൈയ്‌വന്ന ലക്ഷ്മീ-
പതിയുടെ ചരണാബ്ജം ഹാർദ്ദമായ് കൈയ്‌വണങ്ങി
ക്ഷിതിപതിയുടെ വാഞ്ഛാസിദ്ധിയർത്ഥിച്ചുകൊണ്ടാ
സ്ഥിതിയിലഥ പിരിഞ്ഞു കാണിലോകപ്പുരപ്പും. 33

ഉള്ളിൽക്കുരുത്ത കുതുകത്തൊടമാന്തമേതും
കൊള്ളിച്ചിടാതെ കൃതസാന്ധ്യനിശാത്മകൃത്യം
വെള്ളിത്തടിത്തവണ കാവലെഴുംമുകപ്പിൽ
പ്പുള്ളിക്കുരുപ്പിനെഴുനള്ളി ധരാമണാളൻ. 34

ഗദ്യം ൩.

തദനുയഥാവിധിനിദ്രാമുദ്രിതതരകരണത്രയഹൃദയവി
ബോധവിശേഷഗുണം നരവരകുലസദനവുമമ്പലവും പരി
ജനശതഭവനവുമഗരപ്രകരവുമാപണവീഥീനഗരവസജ്ജന
വസതികളും ഭരണാലയപംക്തിയുമസ്തസമസ്തവിചേഷ്ടി
തമായേകാന്തനിതാന്തനിരന്തരശാന്തദശാന്തരമാൎന്നു മയങ്ങു
ന്നേരം, ഇരുളണികബരിയഴിച്ചുവിരിച്ചു മദിച്ചുനടിച്ചു ജ
ഗത്തഖിലം സ്വവശത്തിലമൎത്തിയ ഘോരനിശീഥിനിയപ
ഗതഘനതരതിമിരബലം ശ്ലഥമാനപരിഛദമന്തിമയാമമ
ട്ടത്തുന്നേരം, സുരവരതരുണികളവനിയിലുപവനതതിയി
ലെ വളരൊളിസുരഭിലമലരുകൾ ഇതമൊടിറുത്തുമടിത്തുകി
ലിൽത്തുടരെത്തുടരെക്കൊതിതീൎത്തു നിറച്ചുതിരിച്ചുദിവംപ്ര
തി ഗമനകുതൂഹലമേലുന്നേരം, കിന്നരചാരണകിമ്പുരുഷാമ
രസിദ്ധകദംബമിളാവലയത്തിലെ വിഹൃതികഴിഞ്ഞുമടങ്ങു
ന്നേരം, രക്ഷികൾദിശിദിശിയസിയൊട്ടു നളികവുമരികിൽ
വെടിഞ്ഞണിഭിത്തികൾചാരി മയങ്ങിമയങ്ങിയുറങ്ങുന്നേരം,
നരപതിയുടെമണിയറയിലെരിഞ്ഞുതെളിഞ്ഞുനിറഞ്ഞു വി
ളങ്ങിയദീപപ്രഭയതുപദമനുചെറുതൊളിമങ്ങിയടങ്ങുന്നേരം,
തിരുഹൃദയം കുലസന്തതിയെപ്രതി ഹരിചരണസ്മരണത്തില
മൎത്തിവിടിൎത്തി വിലോചനയുഗളിസുഷുപ്തിവരാതെയതേ
വരെ മണിമഞ്ചത്തിൽ പരിമൃദുതല്പേ സുരഭിലപുഷ്പേ ചിത
മൊട്ടുമൂലംതിരുവടിസമുചിതസുഖവിഭവേന കിടക്കുന്നേരം
കാണായ്വന്നിതുതിരുമിഴികളിലൊരു കാളായദ്യുതിയതിനക
മെദരശംഖഗദാംബുജപാണിതലങ്ങളൊടംബുജനാഭനെഴുന്ന

രുളുന്നതു. നിരുപമതരകരുണാസ്മിതവിദ്യുതി തിരുനയനങ്ങളിൽനിന്നുവഴിഞ്ഞു സുരാധിപനീലമഹാഗിരിമേൽ പുതുചന്ദ്രികവന്നുപരന്നതുപോൽ പുതുപുഞ്ചിരിയൊളിയൊടുമരമനനടുവതിൽനിന്നതുമഥ പുനരഭിനവമധുമധുരസ്ഫുടവർണ്ണമഹോ ഭഗവാനിദമരുളിച്ചെയ്തതുകേട്ടു ധരാപതി.

ഹേ രാജൻ ചിന്തയാലം, ത്യജ കദനം,മിതഃ
പൂർണ്ണകാമാം വിധാസ്യൻ
പുത്രീയന്തീ ഗമമും മാം, ചിരകൃതസുകൃതാം
പാർവ്വതീം ഭാഗിനേയീം;
ദുർമ്മന്ത്രാൻ ഗൃദ്ധവൃത്താനപി ദുരിതകൃതോ
നാശയിഷ്യൻ സമൂലം
ധർമ്മം സംസ്ഥാപയിഷ്യൻ യദഹമവതരി-
ഷ്യാമി യുഷ്മൽ കുലേസ്മിൻ!! 35

ഇതിവചനമകസ്മാൽക്കേട്ടു ഞെട്ടിപ്പിടഞ്ഞാ
ക്ഷിതിപതിയെഴുന്നേററാൻ നോക്കിനാൻ ചുററുപാടും
രതിയൊടു സമമത്ര്യാശ്ചര്യമാന്നാൻ സപത്രപ-
ദ്യുതികളവിടെമാഞ്ഞൂ ഭൂപനേററം കുഴഞ്ഞൂ. 36

കേൾക്കായപ്പോൾ മുരജമുരളീ
ശംഖഭേരീനിനാദം
നേക്കാക്ഷേത്രത്തിരുനടയിലെ
ക്കിങ്കിണീദ്ധ്വാനപൂർവ്വം

പാക്കാളുന്നിപ്രഹതപടഹാ-
രാവമോട്ടം മുഴങ്ങി
ക്കേൾക്കായ് ഘണ്ടാമണിയടികളും
കോട്ടവാതിക്കലെല്ലാം. 37

ഉഷസ്സിനു കുളിക്കുവാനരിയ പത്മതീർത്ഥത്തിലു-
ന്മിഷദ്ഭ്രതിനിറഞ്ഞ ലോകരുടെ വായ്പ്പടസ്തോത്രവും
വിഷുപ്പടികൾതൻ ചടാപടനിനാദവും വേദവി-
ദഘുഷ്ടധ്വനിയുമായ്ത്തദാ മുഖരമായികോട്ടയ്ക്കകം.

ആരാൽപ്പൊൻതിരുമേനി പള്ളിയറവി-
ട്ടമ്പോടെഴുന്നള്ളിയാ-
നീരാട്ടം മുറപോലെ കോവിലെഴുന-
ള്ളത്തൊത്തു തേവാരവും
വാരാളുന്നമൃതേത്തുമന്നു വിധിപോ-
ലെല്ലാം കഴിച്ചുൽകമുൾ-
ത്താരാളും പതിവിൽക്കവിഞ്ഞകുതുകാ-
ലാസ്ഥാനമെത്തീടിനാൻ. 39

പതിവിനനുസരിച്ചാമന്ത്രിമാർ രാജ്യകാര്യ-
സ്ഥിതിഗതി തിരുമുമ്പിൽ ഭക്തികൈക്കൊണ്ടുണർത്തി
നതിയൊടുപിരിയെ,ത്തൻ സ്വപ്നവൃത്താന്തമെല്ലാം
ക്ഷിതിപനരുളിമന്ദം പാദഭക്താഗ്ര്യരോടായ്. 40

യതീശ്വരസുദുർല്ലഭം ചിദനുഭൂതിസാലോക്യമാ-
ക്ഷിതീശ്വരനിയന്ന സംഗതിയറിഞ്ഞുദ്രൂഢപ്രിയം
അതീവവിനയാദരാതിശയഭക്തിപൂർവ്വം ധരാ-
പതീന്ദ്രചരണങ്ങളിൽത്തൊഴുതുവാച കശ്ചിൽപുമാൻ

"സത്യം കല്പന, പൊന്നുനിന്തിരുവടി-
യ്യേന്നും നമോവാകമെ!
പ്രത്യക്ഷം പരദൈവമല്ലിയടിയ-
ങ്ങൾക്കൊക്കെയിത്തൃപ്പദം!
അത്യർഹം തിരുമുമ്പിലിന്നു ഭഗവാൻ
ശ്രീപത്മനാഭൻ സ്വയം
പ്രത്യക്ഷപ്പെട്ടുകെന്നതോർത്തടിയനി-
ല്ലത്യത്ഭുതം മാനസേ! 42

പേരാളുന്നമഹർഷിമാത്രസുലഭ-
ജ്യോതിഷ്പരാനന്ദ സ-
ദ്ധാരാവാഹി ഹൃദന്തരുല്ലസിത ഭ-
ക്ത്യുൽകർഷപുണ്യത്തിനാൽ
നേരായ് ചിന്മയനാം പരമ്പുരുഷനെ
പ്രത്യക്ഷമാക്കീട്ടുമാ
ശ്രീരാജർഷിപദം ശരിക്കുമവിടു-
ന്നന്വർത്ഥമാക്കിദൃഢം. 43

പാകത്തിൽപ്പുനരുദ്ധരിച്ചു ജഗതാം
ധർമ്മംപുലത്താൻ കൃപോ-
ദ്രേകത്തോടവതാരമുന്നിയ പരം-
ജ്യോതിഃ പരാശക്തിയെ
ആകമ്രം നിജരാജ്യരാജനഗരീ-
രാജാന്വയത്തിങ്കലേ-
യ്ക്കാകർഷിച്ച മഹാമഹസ്സിനു നമ-
സ്കാരം നമസ്കാരമേ!!! 44

ആടേണ്ടും ബഹുതീർത്ഥവും, ഹൃദി ഭജി-
ച്ചീടേണ്ടതാം ദൈവവും,
പാടേണ്ടും ശുഭഗാഥയും, ദിവസവും
കാണേണ്ട ചിദ്രൂപവും,
നേടേണ്ടും നിധിയും, വരേണ്ട വലുതാം
സൌഭാഗ്യവും വഞ്ചിനാ-
ട്ടോടേ ഭാവുകമൂലമായ തിരുമൂ-
ലാംഘ്രിദ്വയം മാത്രമാം!! 45

അതിനാലടിയങ്ങൾ തമ്പുരാനെ,
പതിവായിത്തൊഴുമിപ്പദാരവിന്ദം
ക്ഷിതിദേവിയണിഞ്ഞു നേടിടട്ടെ
സതിയാകല്പസുമംഗലീവിശേഷം. 46

പീലിക്കൺവച്ചുകെട്ടിത്തിരുമുടി,യരയിൽ-
　　പ്പട്ടുപൂങ്കോണകം പൂ-
ണ്ടാ,ലിമ്പൽ സ്വൎണ്ണരത്നാഭരണരുചിയണി-
　　ഞ്ഞുണ്ണിയാം കണ്ണനേപ്പോൾ
ചേലിൽ സ്വപ്നത്തിലുണ്ണിപ്പലകുറിയിളമ-
　　ത്തമ്പുരാൻ മാതുലത്തൃ-
ക്കാലിൽക്കെട്ടിപ്പിടിക്കും കളികളടിയനും
　　കാണുമാറുണ്ടിദാനീം. 47

സാനന്ദം പത്മനാഭൻ തിരുവടി തിരുമൂ-
　　ലൎഷിതൻ ഭാഗിനേയ-
സ്ഥാനത്താത്താവതാരം കലിമലമപനീ-
　　യാത്മനോദ്ധൃത്യ ധൎമ്മം
വാനത്തിന്ദ്രൻകണക്കെ ബ്ഭരണകലവികൊ-
　　ള്ളുന്നകാലത്തിലന്നി-
സ്ഥാനത്തെപ്പുല്പ്പിലൊന്നായടിയനു ജനിയു-
　　ണ്ടാകിലന്നാണു മോക്ഷം.” 48

അനന്തകല്യാണദനാം പരാത്മാ-
വനന്തശായിക്കെഴുമുൾപ്രസാദാൽ
മനന്തെളിഞ്ഞിങ്ങുളവാകുമാരാ-
ദനന്തരായം ഭവതോഽഭിലാഷം. 49

KOTTAYAM PUBLIC LIBRARY
90335

‘ഭവതു ശുഭ’മിളാധവൻ കഥിച്ചു,
‘ഭുവനപതേഃ കരുണാകടാക്ഷപാതൈഃ
അവനിയിതിലുദിപ്പതെന്നു താനു-
ത്സവമയമാകുലതന്തുവിന്നശക്യം.’ 50

“വന്നിതാ വെളിയിൽനില്പു മാടഭൃ-
ത്തന്നിൽനിന്നൊരു നിദേശവാഹകൻ
ഇന്നിനിത്തിരുവുളം” വിനീതനായ്
വന്നിവണ്ണമറിയിച്ചു സേവകൻ. 51

“വരട്ടെവേഗം” പ്രമദപ്രകർഷോ-
ത്തരംഗിതാന്തഃകരണപ്രപഞ്ചം
നരർഷഭൻ കല്പനയായി; ദൂതൻ
കരങ്ങൾകൂപ്പിത്തിരുമുമ്പണഞ്ഞു. 52

“ഒരു നൃവരകുമാരനുൽഭവിച്ചു
പെരുമപുലർന്ന പെരുമ്പടപ്പിലിപ്പോൾ
തിരുവുളമിനിമേൽ പ്രമാണ”മേവം
വിരുതൊടുരച്ചു നിവൃത്തി രാജദൂതൻ. 53

ഏവം മാടക്ഷമേശാനചയമഹിതകുമാ-
രോദയോദന്തമുർവ്വീ-
ദേവൻ സന്ദർഭസംശുദ്ധിയിലുചിതമുണ-
ർത്തീടവെ, ഹൃഷ്ടചേതാഃ

ഭാവം കൈയ്യൊണ്ടിരുന്നു ചെറുതിട, തന്നതാം
        ഭാവിസൂചിപ്പതായി
ട്ടേവൻ ശ്രീവഞ്ചിരാജാന്വയമണിമുകുടീ-
        കോടിമാണിക്യരത്നം. 54

അന്തരുദയൽപരമഭക്തിബഹുമാനം
തന്തലകുനിച്ചടിനമിച്ചു തിരുമുമ്പിൽ
എന്തരുൾവതെന്നനകലം കരുതിനില്ക്കു-
ന്നന്തണനൊടേവമവനീശ്വരനവോചൽ. 55

"സന്തോഷം പറയൂ നമുക്കു വളരെസ്സ-
        ന്തോഷമായ് കേട്ടവോ;
സന്താനദ്ധി പെരുമ്പടപ്പിനരുളീ
        പൂർണ്ണത്രയീ നായകൻ!
എന്തോതേണ്ടതു! മൂപ്പിലേയ്ക്കു സുഖമാ-
        ണല്ലൊ! മഹാഭാഗ്യവാൻ!!
എന്തോ നമ്മുടെ യോഗ! മിശ്ശിദിനമായ്
        കാണ്മാൻ കൊതിക്കുന്നു ഞാൻ!!" 56

"അടിയനടിയന"പ്പോൾ ഭക്തരാം സേവകന്മാ-
രടിമലരിണ വീണ്ടും കൂപ്പിയിമ്മട്ടുണർത്തി.
"വടിവൊട്ട രിരുവുള്ളം തേറിടും ഭാവിഭാഗ്യ-
ക്കൊടിയുടെ നിഴലാണീ ദൂതസന്ദേശവാക്യം." 57

ഈവിധത്തിലുരച്ചു തൻ പരദൈ-
വതത്തിനെഴുന്ന കാൽ-
പ്പൂവിലുത്തമഭക്തരാപ്പദ-
ദാസർ വീണുവണങ്ങവെ,
ആ വിശേഷമശേഷമോത്തുടനന്ദ-
പ്രമോദഭരം പരം
താവി മീലിതനേത്രനായ് ഹരിയെ
സ്മരിച്ചു മഹീശ്വരൻ. 58

അമ്മാന്യമാടനൃപവംശമഹോദയത്തെ-
യമ്മാറുണർത്തിയ ധരാസുരനെ പ്രകാമം,
നിർമ്മായഹർഷമൊടു മുൻമുറപോലെ വേണ്ടും-
സമ്മാനമേകിയഥ യാത്രയയച്ചു ഭൂപൻ. 59

ദണ്ഡകം ൧.

I. ഏവം തദാപ്രഭൃതി ഭാവംതെളിഞ്ഞു നര-
ദേവൻ വസിച്ചു തിരുമൂലം—തിരുവടി സദാലം
ശകുനമനുകൂലം—ശ്രവണപുടനയനയുഗമതുളു
കളിലകമിയലുമഭിലഷിതമരുളിയനുവേലം.

II. ചിന്താസ്പദം സ്വകുലസന്താനമാബ്ഭുവന-
യന്താവു നല്കുമുടനെന്നായ്—തിരുമനസിനന്നായ്

കരുതിനിന്നവൊന്നായ് — പ്രജകളൊടുമിനിയപരി
ജനപരിഷയൊടുമരിയനൃപതിയഴലകലെമരുവുന്നാൾ

III. ഹരിവാസരം സുകൃതിജനതയ്ക്കു വിണ്ണിനക-
മരുളുന്നവാസരമണഞ്ഞു — നരതതിനിറഞ്ഞു-
മതിലകമുലഞ്ഞു — ഉരഗപരിവൃഢശയനചരണ-
യുഗകൃതഭജനവിധിയൊടവർ ദിശിദിശി പിരിഞ്ഞു.

പിറേറന്നുഷസ്സിൽ നൃപനത്യാദരേണ ദിന-
കൃത്യാദികം സുധി നടത്തി — മണിയറയിലെത്തി-
ഹ്ലൂതരസമുലാത്തി — മരുവുമളവവസരമിതുചിതമിതി
കരുതിയൊരു ധരണിസുരനടിതൊഴുതുണർത്തീ.

“തിരുവയറിലന്നെമ്പുരാട്ടി വാണു
പുരുശുഭദം കനിവാൻ പത്മനാഭൻ!!
വിരുതൊടു വിജയിച്ചിടട്ടെ നീണാൾ
തിരുവടി”യേവമുരച്ചനിത്തി വിപ്രൻ. 60

സരഭസമമൃതോദ്യൽ പൂർണ്ണകുംഭാഭിഷേകം
ശിരസിവഴിയുമാറായ്ക്കോൾമയിർക്കൊണ്ടു ഭൂപൻ
പരമവഹിതചിത്തം പത്മനാഭന്റെ ചെമ്പൊൽ-
ച്ചരണയുഗളിക്കുപ്പിത്തെല്ലനില്ലാതെനിന്നു.

അനന്തരമനന്തഭക്തിവശരഭ്യഗാതാമുഭാ-
വനന്തയുടെ നായകൻെറ ചരണാന്തികം സേവകൈ
മനംതെളിവൊട്ടുചിവാനവരൊടന്വയോദക്മൊ-
മനന്തശയനൻെറ വൈഭവമശേഷമുവ്വീധവൻ. 62

നരാധിപൻ നല്ല സുവൎണ്ണകങ്കണം
ധരാസുരന്നേകിയുദ്ദൂഢകൌതുകം
ചിരാത്സമുദ്വേലമുദഞ്ചിതോത്സവ-
ത്വരാകുലം ഭൂപകുലം തദാഭവൽ. 63

തദാപ്രഭൃതി മൂലകോ ജഗതികല്പകോ വഞ്ചിരാ-
ഡുദാരഗുണതോധികോ ബഹുഷു ഭൂമിപാലേഷ്വിതി
സദാ പ്രകൃതിഭിഃ സ്തുതം ത്രികരണാൎത്ഥമന്വൎത്ഥയ-
ന്നുദാഹരണമപ്യദശ്യദ്ദദഞ്ചിതൈരുത്സവൈഃ. 64

ശാന്തോത്സാഹം സമധിഗതസ-
ന്താപ,മുദ്ധൂതസൎവ്വ-
പ്രാന്തോൽകൎഷപ്രകൃതിമുഖമാം
വഞ്ചിഭൂവിൽപ്പരക്കെ
പൂന്തോട്ടത്തിൽപ്പുതുമഴകണ-
ക്കാൎക്കുമുള്ളംകുളിൎക്കെ
സ്വാന്തോന്മേഷം നവനവമണ-
ച്ചെത്തിയന്നീയുദന്തം. 65

വാൎത്തകേട്ടു പുരവാസികളെല്ലാം
ചീൎത്തകൌതുകജയാരവമോടെ
കീൎത്തനീയചരിതൻ തിരുമൂലം-
പാൎത്ഥലേശ്വരനെ വാഴ്ത്തിവസിച്ചു. 66

തിരുമുഖമരുളിടുമൊരു നവ-
സുരുചിരതരകാന്തികണ്ടു കലിതരസം
അരുമയൊടനുചരപരിജന-
പരിഷകൾ പലതേവമോതിയന്യോന്യം. 67

"വിരുതൊടിളയതമ്പുരാട്ടിയിപ്പോൾ
തിരുവയർവാണതറിഞ്ഞതില്ലയോ താൻ
തിരുതകൃതിമഹോത്സവങ്ങൾ കല്പി-
ച്ചരുളിയതിൻപൊരുളായതായിരുന്നു. 68

മൂലംപുരാൻ തിരുമനസ്സുചുടുന്നനേര-
ത്താലക്ഷിതാത്മകരുണാനിധി പത്മനാഭൻ
ആലസ്യഭാവമൊടിരുന്നിടുകില്ല; സൎവ്വ-
ശ്രീലദ്രുമൂലമവനിക്കവിടുന്നുതന്നെ. 69

പൊന്നുണ്ണിയൊന്നവതരിച്ചു വളൎന്നു രാജ്യം
മിന്നുന്നകാലമവിടെത്തിരുവുള്ളമുണ്ടായ്
മന്നുത്സവപ്രകൃതിയായ്‌വരു,മന്നു നാമു-
മുന്നുന്നകാൎയ്യമഖിലം സഫലം വിശേഷാൽ. 70

ആപാദചൂഡമഖിലാഭരണങ്ങൾ ചൂടി-
ഗ്ഗോപാലകൃഷ്ണവടിവാമിളയേമ്പുരാനെ
ഹാ! പാണിരണ്ടിലുമെടുത്തിഹ കണ്ണിൽവച്ചെൻ
താപാബ്ധിതാണ്ടിടുകിലോ കൃതകൃത്യനായ്ഞാൻ. 71

മുൻനേച്ചപോൽ മരുമകൻ തിരുമേനിയോടി
വന്നേറിടും മടിയിൽ മാതുലനാഞ്ഞുപുല്കും
അന്നേരമാത്തിരുവുളം കുളിരുന്നതും ക-
ണ്ടന്നേമരിക്കുകിലുമില്ലിവനല്ലലേതും" 72

തരാതരമിതീദൃശം പലതുമോതിയോതിധരാ-
വരാന്വയഹിതൈഷിയായ പരിചാരകൌഘം തദാ
തപരാനപി തമണഞ്ഞു വീടുകൾ വിശേഷമുണ്ടായതാ-
ദരാൽപ്രിയരൊടോതിയോതി നിശതാണ്ടിനാരേവരും. 73

ഗദ്യം ൪.

അന്നാദിനമരുവയർമണിയുടെ തിരുവയറനുപമരുചി
യിൽ വളൎന്നുതുടങ്ങി * അവനിപനനുപദമനുചരർവഴി ശുഭ
വിവരമതഖിലമറിഞ്ഞുതുടങ്ങി *അതിനതിനുതകിടുമണിവ

ളരൊളി നരപതിയുടെയകമലരരുളിവിളങ്ങി * പ്രകൃതിയി
ലഭിനവമൊരു ശുഭമുഖരുചിസുകൃതികൾ മനുജരിയന്നുതിള
ങ്ങി *ക്ഷേത്രങ്ങളിൽനിറമാലവിളക്കുകൾ വാദ്യമിവയ്ക്കുപെ
രുക്കമിണങ്ങി * ക്ഷിതിസുരരുരുവിടുമതിമഹദുപനിഷദതി
ശുഭകരമൊലി നീളെമുഴങ്ങി * നരപതിസദശനസുവസന
ബഹുധനവിതരണവിധികൾ മുറയ്ക്കുതുടങ്ങി * ബഹുസുരനര
പശുകുലസദനഗ്രഹമഹിമകൾ നൃപകുലമിയലെവിളങ്ങി *
ഭിഷഗധിപതികളുമനവധി ഗണകരുമുഷസിദിനംപ്രതി വ
രവുതുടങ്ങി * മന്ത്രമതനവധിശതമുരുജപമൊടു യന്ത്രഗണം
തിരുവുടലിലിണങ്ങി * ബന്ധുരബന്ധധുരന്ധരരാം ബഹുബ
ന്ധുനൃപാലകർ വരവുതുടങ്ങി * ശിക്ഷിതഗർഭസമഞ്ജസചര്യ്യ
കൾ രക്ഷിണീമാർമണിയറയിടതിങ്ങി * നിർഭരസമുചിതമു
പകരണം ബഹുഗർഭിണിയുടെമണിയറയിലൊതുങ്ങി * പരി
ചിതഗർഭവിശേഷവിചേഷ്ടകൾ പരിജനപരിഷപറഞ്ഞുതു
ടങ്ങി* അരികരിചരലെരിവിവകളിലഭിരുചിയരുവയർഗർഭി
ണിയാൻതുടങ്ങി * ഉലകിലെവിലപെരുമെത്തുകളിലഭിരുചി
കലരുവതിതി നൃപനിനവുതുടങ്ങി * ഉടനുടനവസരമതതി
ലെ മംഗളനടപടിയവരവർ ചെയ്തുതുടങ്ങി * തിരുവണിവയ
റിനുപുറമെയുമൊരു നവപരമമഹസ്സരിവേഷമിണങ്ങി *അ
നിതരസുലഭമതണിവയറൊളിയതി ലതിശയമറിവെഴമവ
രിലൊതുങ്ങി * അരുകിലെയകമറിവറുമൊരു പരിജനതരു
ണികളൊളിയത്തുകണ്ടുപരുങ്ങി *ഇനസമുദയമനുസമയമൊ
ടിരുളെതിർ വിനയുലകിതിനകമിടറിനടുങ്ങി * പുലരിയില
റുമൊരുപനിമറനിലയൊടു കലിമലയവനികയതനുചുരു

ങ്ങി * പകലിരവണിമണിയറയുടെ ചുഴലവുമനവധിതരുണികളിടമിടതിങ്ങി * വരസചിവനുമുപസചിവരുമണിയറമതിലകമണയുക പതിവുതുടങ്ങി * മരുമകളുടെമണിയറയുടെപടിവരെയരുമയൊടരചനണഞ്ഞുതുടങ്ങി * നൃപകുലപരിജനപരിഷകൾബഹുവിധമുപദകൾചിതമൊടു വച്ചുവണങ്ങി * പ്രണിഹിതമതിനതിയമരകളുടെ നടമണികൾനടേതിലുമേറെമുഴങ്ങി * മിളദതിസുഖമൊടുമഭിനവമൊരു നറുപുകളൊളിദിശിദിശിവിരവൊടുപൊങ്ങി * ബഹുജനശതകൃതമധുരിപുപാദനതിരതിയൊടു മാസവുമൊമ്പതുനിങ്ങി * നിരുപമഗുണഗണസുകൃതധി മൂലംതിരുവടി മുദമൃതജലധിയിൽമുങ്ങി *

ഇത്ഥം ഭൂതേ സമസ്തപ്രകൃതിസമുദയേ,
വർഷവാരിപ്പരപ്പിൽ
ശ്ശുഭ്രാഭം മുങ്ങിക്കുളിച്ചാദ്ധവളരുചിരമാ-
മംബരച്ചാർത്തുമായി
പൃത്ഥ്വീരുണ്മൌലിതോറും കിസലയസുമ-
പകപാഢ്യസമ്പത്തെടുപ്പി-
ച്ചൃദ്ധ്യൽപങ്കേരുഹപ്പൊൻകുടയൊടു വര-
വായ് ശാരദാനന്ദലക്ഷ്മി. 75

സാരസ്യശ്രീതെളിഞ്ഞുള്ളമൃതകരമുഖ-
പ്പുഞ്ചിരിപ്പൂനിലാവിൻ
വാരഞ്ചിസ്സുദതീകാദസോല്ലസിതകുവലയാ,
താരഹാരാവലീഢാ

ആരമ്യാമോദമന്തസ്സമധിഗതലസ-
ദ്രാജതേജോവിലാസം
ചാരുശ്രീരാജ്ഞിയെപ്പോൽ വിലസി നിശകളിൽ
ശ്ശാരദാകാശലക്ഷ്മീ. 76

തൂനിലാവൊളിമൃദുസ്മിതത്തൊടണി
നീലവിൺകബരി താരക-
പ്പൂനിറച്ചുതിരുകിസ്സുഖാലതനുചാരു
ചന്ദ്രമധുരാസ്യരായ്
വാനിൽനിന്നു വരവായി ശത്പരിഷേവ-
ണത്തിനിഹ ശാരദ-
ശ്രീനിശീഥിനികളൊന്നിനൊന്നു പുരക-
സ്സരസ്സുകൾ കണക്കിനെ. 77

ഉന്നിദ്രാഭം നിശായാമുഡുവിതതി ചുഴ-
ന്നന്തരിക്ഷപ്പരപ്പിൽ
ചിന്നിത്തൂവെണ്ണിലാവാൽ കുളിരരുളി വി-
രാജിച്ചു രാകാശശാങ്കൻ;
തന്നിമ്പപ്പെട്ട കോടിപ്രജകളുടെ നടു-
ക്കദ്യശഃശ്രീകളിയ്ക്കും
മന്നിൽ ശ്രീമൂലരാജൻ തിരുവടി നിതരാം
വാഴ്ചകൊള്ളുന്നപോലെ. 78

ആകാശത്തങ്ങുമിങ്ങും ചിതറിയ ചില വെൺ-
മേഘപോതങ്ങൾ ദിവ്യ-
ശ്രീകാളും ഗർഭമേന്തും സുകൃതനിധിമഹാ-
രാജ്ഞിയെ സ്സേവചെയ്വാൻ
പാകാരാതിപ്രമുഖ്യത്രിദശരെ നിവരെ
ബ്ഭേസീ യാമന്ദമന്ത-
ന്നാകാൽപ്പോന്നിട്ട മൈരാവതവരഗജപോത-
ങ്ങളെപ്പോലെ കാണായ്. 79

ആ വെൺകൊണ്ടൽക്കുടച്ചുണ്ടികളൊഴിയെ,
യുദ്ധവ്രാതമാം നെയ്തലാമ്പൽ
പ്പൂവെമ്പാടും വിരിഞ്ഞാശ്ശരദൃതുനിശയിൽ
പ്പുഷ്കരപ്പൊയ്കതന്നിൽ
ഭൂവെങ്ങും ശൈലവൃക്ഷസപസൃതശത-
പരീതാങ്കയായ് നോക്കിനില്ക്കെ
ധീവെമ്പാതമ്പിളിക്കുഞ്ഞുദിതകുതുകനാ-
യാഞ്ഞു നിന്തിക്കളിച്ചു. 80

നല്പാളും പാകവായ്പിൽ കനമൊട്ടു തലയും
ചായ്ച്ചിളം ചെന്തുടുപ്പാൽ
ശില്പാഭം ചെങ്കതിർച്ചാർത്തണിയലുടയ
പൊൻവീരവാളിപ്പുരപ്പിൽ

അല്പാല്പം കാററടിക്കെത്തെരുതെരെ-
യുയരും പൊന്നലച്ചാർത്തിണങ്ങും
നെല്പാടം വഞ്ചിഭ്രൂവിൽ കനകമഴചൊരി-
ഞ്ഞുള്ള പൊൻകാന്തി ചിന്തി. 81

മലർക്കലവിടിന്ന വല്ലികളെയാട്ടിയും മാമര-
ത്തലപ്പുകളുരുമ്മിയും, കതിർവിളഞ്ഞപാടങ്ങളിൽ
സ്ഖലൽപദമണഞ്ഞു പൊന്നലകൾചേർത്തുമുദ്യദ്രസാ-
കുലപ്രകൃതി സഞ്ചരിച്ചു ഭുവി ശാരദീയാനിലൻ. 82

കാലുഷ്യംനീങ്ങിയച്ഛസ്ഫടികധവളസ-
ങ്കാശമാം വാരിപൂരം
കോലും ചെന്താമരപ്പൂമ്പൊടികളൊടുകല-
ന്നാത്തസൌരഭ്യസാരം
മേലും മേലും തെളിഞ്ഞഞ്ചിതനവപുളിന-
ത്തട്ടൊടശ്ലിഷ്ടതീരം
ചേലുററാമന്ദവേഗം തടിനികളൊഴുകീ
സൌഖ്യമേകുംപ്രകാരം. 83

ഈവിധമനർഘഫലശാലിനി ശരത്തും
ശ്രീവിഭവസമ്മദമിണങ്ങിയകൊയിത്തും
ഭ്രൂവിന്നനിതാന്തപരമോത്സവമൊടെത്തും
ദ്യോവിന്നെതിരാക്കി പുറമേയുമകമേയും. 84

ഭവ്യസ്വാന്തം മനുഷ്യാവലി തലയിലണി
ക്ലൃപ്തകൈയ് ചേൎത്തുനില്ക്കെ,
സുവ്യക്തസ്വാനഗാനം ശുകശകുനകുലം
വാഴ്ത്തിവാഴ്ത്തി സ്തുതിക്കെ,
നവ്യം നാനാവിതാനത്തൊടു ശരദൃതു സ-
മ്പത്തു കാണിക്കവെയ്ക്കെ
ദിവ്യശ്രീമൽപ്രഭാവപ്രകടരുചി തുലാ-
മാസമപ്യാവിരാസീൽ. 85

ഗദ്യം ൭.

അഥ സരസിജാക്ഷനാമാദിനാഥൻ പുരാ ഗീതയിൽ ചൊന്നൊരാത്മാവതാരം സ്മരിച്ചൂഴിമേലേ പരന്നേറുമുൽക്രൂരമാം അംഹസാംസഞ്ചയം സൎവ്വമുന്മൂലയൻ ധൎമ്മമുദ്ധൃത്യ സംസ്ഥാപനോൽകണ്ഠയാത്താവതാരോദ്യമോദ്ഭ്രൽ കൃപാരാശിരിത്യവ്യയൌകൌകസൊ ദേവയക്ഷാപ്സരസ്സിദ്ധവിദ്യാധരാ ബ്രഹ്മദേവൎഷിമാരും ധരിച്ചീടവെ, ഹൎഷഭക്ത്യുല്ലസൽ സമ്മദത്താൽ കരംക്കൊമ്പഴിഞ്ഞും രസശ്രീവഴിഞ്ഞും ജയംവായ്മൊഴിഞ്ഞും തുനിഞ്ഞാഞ്ഞണഞ്ഞേവരും വിശ്വവന്ദ്യാപദാനാൎഹമായ്ത്തീരുമാ വിശ്വനാഥന്റെ പുണ്യാവതാരത്തിനാൽ ശശ്വദാരാധ്യമാമമ്മുഹൂൎത്തം ശരിക്കൊത്തുകൊണ്ടാടുവാൻ മുമ്പുഞാൻ മുമ്പുഞാനെന്നുറച്ചൂഴിയിൽ ശാരദശ്രീപ്രകൃത്യുത്സവത്താലൂൎജ്ജപ്രാഭവംപൂണ്ടു നേൎവിണ്ണിലുംക്രൂട്ടിനാരന്തിതോറും തദാ വൎണ്ണ്യമാനം തുലാവൎഷഹ

ഷോത്സവം. തേജസാദേവരാഡ്രാജധാന്യാസ്സമുൽഭാസി
തം പ്രാചിയിൽ ഡംബരശ്രീയൊടൊത്തംബരാന്തസ്ഥലെ
സവ്വധാതുക്കളും സർവ്വപുഷ്പങ്ങളും സർവ്വവർണ്ണങ്ങളും സർവ്വ
രത്നങ്ങളും ചേൎന്നിണങ്ങിസ്ഫുരദ്രാമണീയത്വവിഷാ ചാരു
പൂന്തോരണംകാണുമാറായിതെ. മിന്നലാവും വളർപ്പൊൻ
തലക്കെട്ടണിഞ്ഞുന്നതാഭം നിരന്നു ഘനേഭങ്ങളും. ഉച്ച
കൈവ്വാരിഭൂതൽഗജ്ജനദ്ധ്വാനമായ് മെച്ചമാംഭേരിയുംതാക്കി
നിന്നുപരം. ശോഭയേറുംതടിദ്ദീപവും മിന്നിനിന്നന്തരാ ച
ന്തമായ്‌വാരിവിഷ്ടനവും കല്പകത്തിൻെറ പൂമൊട്ടുകൾക്കൊ
പ്പമായ്, ഹഷ്ണത്തേഷു ദിവ്യഷിമാർതങ്ങളിൽ കോരിയൂ
ത്തുന്ന വിൺതോയബിന്ദുക്കൾപോൽ, പാടിയാടിക്കളിക്കും
സുരസ്ത്രീകൾതൻചാരുമെയ്‌വേൎത്തഴും സ്വേദബിന്ദുക്കൾ
പോൽ, സ്വവ്വധൂനാം ലസന്നത്തനേഷു ത്രുടദ്ധാരതോവാരെ
ഴും മുത്തുജാലങ്ങൾപോൽ, ദേവദേവൻെറ പുണ്യാവതാര
ത്തിനാൽ പാവനാഭിഖ്യയാം ഭൂയിനെസ്സംശ്രയിച്ചാവസി
പ്പാൻവരും ദേവതാത്മാക്കൾപോൽ, തൻകുലത്തിൽ പരൻ
പങ്കജാക്ഷൻപിറന്നങ്കുരിക്കും മഹാഭാഗ്യമോത്തോത്തകം ത
ങ്കിടുംസമ്മദാൽ, വിണ്ണെഴുന്നള്ളിവാഴുന്ന വഞ്ചീശർതൻ
ഹഷബാഷ്പങ്ങൾപോൽ, ലോലമാംമാരിനീർത്തുള്ളികൾ
വീണുവീണാലസിച്ചു കുളിർത്തു ജഗത്താകവെ. തൽപ്രകൃ
ത്യുത്സവാലോകനത്തിൽ പരംതൃപ്തനായമ്മുഹൂത്തംതന്നിയ്ക്കു
കഴിഞ്ഞൊത്തപോലൊട്ടുടപ്പിക്കുവാനുന്നമായ് സപ്തസപ്തി
ക്കുവേഗം ഗതിക്കേറവെ, ഭാരതത്തിൻെറ ജാത്യന്ധതാമിശ്ര
മാം കാളരാത്രിക്കുഷഃകാലമൊട്ടാകവെ, കേരളക്ഷോണി

ന്തൻ ദുഷ്പ്രവാദക്കൊട്ടംകോളലച്ചാൎത്തമൎന്നീട്ടമാറാകവെ, വഞ്ചിഭൂദേവിതൻ പാദപത്മം ജഗത്തഞ്ചിതഭക്തിക്കൈയ് ക്കൂപ്പുമാറാകവെ, ഭൗതികാത്മീയചൈതന്യശക്ത്യുൽഗത ശ്രീവിളങ്ങിത്തുലാമാസമൊട്ടാകവെ:—

സന്നദ്ധദ്രോഹകൎമ്മൻ നരകനസുരനെ
        ക്കൊന്നെഴുന്നള്ളി, മുന്നം
പിന്നം ശ്രീപത്മനാഭൻതിരുവടി തിരുവാ-
        റാട്ടിനാഴിക്കുനേൎക്കും,
ഭിന്നശ്രീയാമയിത്തക്കുട്ടനിശിചരനെ
        ക്കൊന്നു ധൎമ്മംപുലൎത്താ-
നന്നി ശ്രീചിത്തിരക്ഷ്മാപതിയുടെ വടിവായ്
        ദ്ദേവനുഴിക്കുനേൎക്കും. 86

ചിന്തയ്ക്കുപോലുമനധീനമകാണ്ഡമായോ-
രന്തഃപ്രസാദമുദഭൂദപസുധാതലേസ്മിൻ;
ഹന്ത! പ്രതിക്ഷണമുദക്കമൊരോന്നു കാണ്മായ്
പൊൻതമ്പുരാൻ സുകൃതി മൂലകനത്ഥവത്തായ്. 87

പൂൎണ്ണേ ശ്രീ വഞ്ചിരാജ്ഞ്യാസ്സകലഹൃദയസം-
        പൂജിതെ ഗൎഭാരെ,
തീൎണ്ണേ ശ്രീഭാരതക്ഷ്മാജനനിയുടെ മഹാ-
        പാരതന്ത്ര്യാന്ധകാരെ,

ചേന്നേകത്രാഞ്ചിതേഷു ത്രിഭുവനശുഭക-
ർമ്മേഷു വേണാട്ടു നിത്യം
നേന്നേറും ഭാഗ്യപൂർത്തിത്തികവൊരു ജഗതാ-
മുത്സവം പ്രാദുരാസീൽ. 88

ഭൂപാലയാചകവിഭേദവിഹീനനാനാ-
വ്യാപാരമുത്തരളിതാത്മകുതൂഹലാഢ്യം
ദീപാളിയാം ദിനമശേഷമഹോത്സവാത്ഥ-
ശ്രീപാവനം തു സമഗാൽ സമഗാനന്ദത്തൈത്തഃ. 89

തപിട്ടാള്ളമാദിവസമായിരമോട്ടമെമ്പ-
ത്തെട്ടാകുമാണ്ടിലുളവായ തുലാത്തിലേവം
പട്ടാങ്ങമായ് സുദതി ഗർഭിണി വഞ്ചിരാജ്ഞി-
യ്യൊട്ടാത്മകുക്ഷിയിലൊരല്പമനക്കമുണ്ടായ്. 90

ഗദ്യം ൩.

ചിതമൊടുനരവരകുലമണിസദനെ പൊലിയാള്ളിപമ ത്തവുമക്ഷതമില്ലിക്കോലും കട്ടമഞ്ഞളുമണിരക്ഷകളും ചിലയന്ത്രമതും നിറകലശക്കുടവും കരുകത്തണ്ടും പുലിനഖവും ചെറുകട്ടക വയമ്പുകരം കൃഷ്ണാജിനവും നിറപറ പൂക്കല കുലവാഴകളും ചെപ്പുംമാറവും കണ്ണാടിയുമിവ മൂലയിലും ന ശാലയിലും ബഹുമന്ത്രജപത്തൊടു സംസ്ഥാപിച്ചഥ ഗർ

ഗൃഹാങ്കണശുദ്ധിവരുത്തിയമണിയറതന്നിൽ, അളിനിറമൊത്തു തിളങ്ങിവിളങ്ങും മണികുട്ടിമമതിലഴകിയമഞ്ചെ, തെളിവൊടുയമുനാരയനടുവെ തിളകിന പുളിനംപോൽ പള്ളപളെമിന്നിമിനുങ്ങിയ പട്ടണിതല്പതലത്തിൽ, കളരുചിയരുളി മദാലസമന്ഥരബന്ധുരമാം കരണത്രയകലവിയൊടമരുമൊരരുമക്കളെഹംസികണ,ക്കടിവയർതാണശരീരമുലഞ്ഞുകുഴഞ്ഞുകരങ്ങൾ തളൎന്നടൽസന്ധികൾ വദനാമൃതകരരുചിവിളറീടിലുമഭിനവമൊരതുലരുചിയിലമൎന്നും വാക്കൈയ് പൊത്തിയടക്കലെഴും കുലപരിജനതരുണികൾ കാലുതിരുമ്മിയുമഴകൊടു തിരുവുടൽ പുറമേതഴകിയുമുരമതുരുമ്മിയുമഞ്ചിതമാം വ്യജനത്താൽവീശിയുമഥ തിരുമുഖമതുകുളിർ പനിനീരിൽ കഴകിയുമാശ്ശു തുടച്ചും ദാസികൾ മണിയറയുടെപടിയുടെ പുറമെ നിന്നെ"ന്തിഹ കിംകരണീയമഹോകിമുവേണ്ടുവതെ"ന്നനിമിഷമറിഞ്ഞു പടഞ്ഞുൽകണ്ഠാകുലരാം നൃപകുലപരിജനപുരുഷരിലനവരതം പുരുഗൗരവമേകിയുമിടരൊടുഗൎഭഭരാലസകരണത്രയമമരും തിരുവഞ്ചിമഹേശ്വരി, വഞ്ചിനൃപാലകവരസുമവാടിയിലഞ്ചിയ വളരൊളി കല്പകവല്ലരി, സാക്ഷാദീശമഹഃപരിഷേവിതവിക്ഷകലോകവിലോചനമാധുരി, വീരസവിത്രികൾ ഭാരതഭൂതലസാരസമിഴികൾ നിദൎശനചാതുരി, പ്രകടിതബഹുശതവരഗുണഗണമൊടുമവനീവലയനിതാന്തമനോഹരി, രാജമഹഷ്യനുഭാവഗുണൻ തിരുമൂലകവാത്സല്യാമൃതനിൎഝരി, ലസദമരീണശരീരപരീതമരീകൃദരീണമരീചിപുരീനിബരീസകരീ, പതിദേവതമാർമണി, ദേവി, മനസ്വിനി, പാവനി, പാ

വ്വതിറാണിതദാ തിരുവടിവയർ നൊമ്പലമമ്പിലിയന്നതറി ഞ്ഞളവെ ബഹുശതജനനിബിഡമനന്തമഹാപുരിയിളകി മറിഞ്ഞവിശേഷമൊരോന്നും പറവതിന്നരുതരുതരഹരശിവ ശിവ! അങ്കുരിതപ്രിയസംഭ്രമകുതുകമശങ്കമറിഞ്ഞു വിശേ ഷമതുടനടി മൂലംതിരുവടിപങ്കജനാഭപദാംബുരുഹം തിരുമ നസി നിനച്ചു നിനച്ചു നമിച്ചുനമിച്ചനഘം തിരുനാമമൊ രോന്നു ജപിച്ചു ജപിച്ചും ക്ളപ്തകരത്തൊട്ടു മണിരഥമേറി ക്കുലഭവനത്തിനുനേക്കെഴുന്നള്ളീ. കച്ചേരികളുമടച്ചണയും വരമന്ത്രിയൊടൊത്തുപമന്ത്രികളും ബഹുസേവകരും പരി ചാരകരും പലസവ്വാധികളും കാര്യക്കാരും നമ്പികളും പല തമ്പികളും പല മാന്ത്രികരും ചില യാന്ത്രികരും ഗ്രഹഗണ കഗണ്ണങ്ങൾ പുരോഹിതരും കുലഗുരുജനവും പുരവാസിക ളും പലരമ്മച്ചികളും തങ്കച്ചികളും കൊച്ചമ്മകൾ പലരമ്യാ ന്മാരും സൈനികനാഥരുമാംഗലരാജപ്രതിനിധിയാം റസി ഡൻറും മററും ധരകളുമരിയമദാമ്മകളും വരപുരിയുടെബ ഹുമുഖരഥ്യകൾതോറും തുരുതുരെയിളകിയിരമ്പിയഥോചിത പദവിയിലരമനയഭിമുഖമണവതിനുഴറിയിറങ്ങിയ പട്ടതര ബഹളമതെന്തരുളാവൂ!! "തിരുവയറൊഴിയൊ രാജകുമാരൻ തിരുവടിവന്നവതാരംചെയ്യോ സമയമിതെന്തായ് തിഥിയും പക്കവുമവസരവും ശുഭകരമിതുനിയതം പുരുഷപ്രജയുടെ പിറവിയിതെങ്കിൽ കരിവിനുകരമിളവുണ്ടാകില്ലേ ചിത്തിര യല്ലീ ദിവസമിതസ്തമനത്തിന്നടുത്തൊരു ലഗ്നമതെന്തൊ! ല ഗ്നമതിടവമതെങ്കിലഹോ ബത! ലഗ്നഗനല്ലീ സൌരി ബ ലീയാൻ! എങ്കിലഹോ ഗുരുബുധശുക്രന്മാർ തങ്കിട്ടവതുശരി!

വൃശ്ചികരാശിയിലെങ്കിലെടോ രവിചന്ദ്രകുജന്മാർ ശങ്കവെടിഞ്ഞു തുലാത്തിലുമല്ലൊ! ഹരിഹരി! ശിവശിവ! ഭഗവൻ! ഭുവനതലത്തിലൊരവതരണത്തിനമിത്രവിശിഷ്ടം ഗ്രഹനിലകിമപി നഭ്രതം. വിസ്മയമത്ഭുതമാശ്ചൎയ്യകരം! താരകനാമമഹൽബ്രഹ്മാത്മക തത്വവിശേഷഗ സാരകലാഗുണകാരകനാം ശനി ബുധഗുരുശുക്രശുഭഗ്രഹദൃഷ്ടൻ ഗുരുതരശക്തിസമേതൻ ബന്ധുക്ഷേത്രേ വൎത്തിച്ചീടുകയല്ലീ! ധാൎമ്മികകൎമ്മമഹാധിപനാം ഖരകരസുതനുടെ പരമാദ്വൈതമഹസ്തത്വഗുണം ഗുരുസാത്വികശക്തിയൊടൊത്തും ലഗ്നാധിപനാമുശനസ്സുരുളിയ ശക്തിയൊടാത്മികവിദ്യക്കധിപതിയായ് ശുഭവിദ്യാകാരകനാം ബുധനുടെയ സുശക്തികലൎന്നിട്ടമീശ് ശുഭരാശിയിലവതരണത്തിന സംഗതിവരുകിലതവനീജനനീമഹിതതപഃഫല, മടിമകളുടെ പുരുപുണ്യഫലോദയ, മശരണരുടെബഹുഭാഗ്യവിലാസ, മതധരിതരുടെയുപനയശുഭസമയമ,തുലകിടമമരുലകായിട്ടമവസര, മാൎത്തികലൌകികകൎമ്മസുശക്തികളാത്മമഹസ്സൊടിണങ്ങിവിളങ്ങിട്ടമവതരണം ക്ഷണമിനിവരണം നൃപകുലമതിലീശപര പങ്കജനാഭഹരേ ഭഗവൻ ക്ഷിതിവഞ്ചിയെയമരുലകാക്കിട്ടമാറു ശുഭങ്കരനാമൊരു നൃവരകുമാരകനവതരണ്ണം ക്ഷണമരുളണമെങ്ങളെ യമരകളാക്കിനയിക്കണമെങ്ങടെ ജനിസഫലീകൃതമാവണമിങ്ങിനെ ഗ്രഹഗണനിലകൾ ഫലങ്ങൾ പറഞ്ഞുഗണിച്ചും ഭുവനപിതാവൊട്ടന്നേൻറം കൺകൾവിടിൎത്തിച്ചെവിയുന്നിക്കൊണ്ടങ്ങുപരന്നനിറഞ്ഞുജനങ്ങൾസമുൽക്കണ്ഠയൊടേ തെരുവുകൾനിറയെ.

ഭ്രൂകാമുകാവതരണാവസരം കുറിപ്പാ-
നാകാശമാളികയിലെപ്പുരഭിത്തിഭാഗേ
ശ്രീകാമുകൻ വിട്ട പതിച്ചൊരു ഖണ്ഡികാശ്യ-
ന്ത്യാകാരമായ് ദിനമണിസ്സുതരാം ബഭാസെ. 91

മതിയിനിയഥവാ മദീയതേജ-
സ്സതിലഘുവാക്കുമൊരുന്നതപ്രതാപൻ
ക്ഷിതിയിലവതരിക്കുമെന്തിനീ ഞാ-
നിതി ദൃഢമന്തരധാൽ സ ചിത്രഭാനുഃ 92

ഭൂവിൽ ചിത്രാവതാരം തുടരുമഖിലലോ-
കേശമാരാധയന്തൊ
ദ്യോവിൽ സന്നദ്ധരാകും ചില സുകൃതികളാം
നിർമ്മലാത്മാക്കൾപോലെ
ആവിർഭ്ഭാസംതെളിഞ്ഞൂ ഗഗനവിതതിയിൽ
ചാരുതാരങ്ങൾ, ചന്ദ്ര-
ശ്രീവിന്യാസേന മൂലംതിരുവടിയുമെഴ-
ന്നള്ളിവന്നാൻ തദാനീം. 93

തേവാരത്തെന്നിനിയവിളിപൊങ്ങുന്ന
കോയിയ്ക്കലെപ്പൊൽ-
പ്പൂവാടിപ്പൊന്നരമനയിലുൾപ്പൂക്കു
ഭ്രജാനി വേഗം

ദേവാച്ച്യയ്ക്കായ് പതിവിലധികം വേണ്ട-
വട്ടങ്ങളെപ്പോ-
ടാവാൻ കല്പിച്ചിതു മതിലകംകാരിയ-
ക്കാരനോടായ്. 94

ദർബ്ബാർഫിസിഷ്യനെ വിളിച്ചു വിശേഷമെല്ലാ-
മപ്പാടറിഞ്ഞഥ ദിവാൻജിയെയൊന്നുനോക്കി
തൃപ്പാദഭക്തർ ചിലരോട്ടുടനല്പമെന്തോ
നല്പാൻ്നരച്ചു നൃവരോ ʃ ഭജദാസ്തു തൂഷ്ണീം. 95

ഭാവമങ്ങിനെയറിഞ്ഞു സേവകരൊഴിച്ച
നിർമ്മലജലത്തിനാൽ
ഭ്രൂവലാരിമുഖവും കരങ്ങളുമഥാംഘ്രി-
യും കഴകിയഞ്ജസാ
ദേവദേവപദപങ്കജം മനസി, നാമ-
രാജി തിരുജിഹ്വയിൽ,
കേവലം ശിരസി കൂപ്പുകൈയ്യിവയൊടാവ-
ണിപ്പലക പൂകിനാൻ!! 96

ഹരിയുടെ മഹിമാവിൽച്ചെന്നു ചിത്തം ലയിച്ചു,
നരവരതിലകൻതൻ കൺകളൊട്ടൊട്ടടഞ്ഞു,
പരമദ്ധമമത്തിബ്ബാഹ്യചേഷ്ടാവിലാസ-
പരകളഖിലമാരാൽ ദ്ധ്യാനമുദ്രംകൊണ്ടു ഭൂപൻ! 97

താനിച്ഛിക്കുന്നതൊക്കുന്നതിനു നിഹതബാ-
ഹ്യേന്ദ്രിയം വിഷ്ണുപാദം
ധ്യാനിച്ചീടുന്ന വഞ്ചിക്ഷിതിയുടെ പരദൈ-
വത്തിൻകൾക്കണ്ണിലപ്പോൾ
ശ്രീനിത്യാസേനകാണായ് അവതരണവിലാ-
സങ്ങൾ; കോരിത്തരിപ്പായ്
മേനി,ക്കശ്രുക്കൾവാർന്നു മിഴികളി,ലൊ-
ളി തെല്ലങ്കുരിച്ചു മുഖത്തിൽ!! 98

“മരുമകനിളയേമ്പുരാൻ ജയിപ്പൂ
പുരുസുഖശാലിനി പൊന്നുതമ്പുരാട്ടി
തിരുവടി വിജയിക്കുകെ”ന്നുദഞ്ചൽ-
സുഖമുദഭ്രന്മധുരാത്രകാപി വാണീ. 99

ശതശതമമൃതോദ്യൽപൂർണ്ണകുംഭാഭിഷേകോ-
ചിതനവപരമാനന്ദാബ്ധിയാറാടിവേഗം
ബത മിഴികൾ തുറന്നു മൂലകൻ തമ്പുരാ,ന-
ഞ്ചിതതരമതുവീണ്ടും കേട്ടിതാനന്ദവാണീം. 100

ദിഷ്ടശ്രീയൊത്തഭിമതമൊടും ഹർഷസാ-
മ്രാജ്യസമ്രാട്
പട്ടംകെട്ടിപ്പരമചരിതാത്ഥാന്ത-
രാത്മാനുവൃത്ത്യാ

ചട്ടററീട്ടം തിരുവടിനൃപൻ ഹർഷവാ-
ത്താപ്രദാത്രെ
ത്വപിട്ടഞ്ചും പൊൻവളകൾ പരിതോഷിച്ചു
സമ്മാനമേകി. 101

തെരുതെരെ ഹൃദയത്തിൽത്തള്ളിവായ്ക്കും പ്രമോദ-
ത്തിരകളുടെതിരക്കിൽ സ്തബ്ധവൃത്ത്യാ തദാനീം
തിരുവടികൾ നടന്നി,ല്ലൊട്ടുനിന്നി,ല്ലിരുന്നി,-
ല്ലൊരുവകയുമറിഞ്ഞില്ലെന്തൊരാനന്ദനൃത്തം!! 102

ആരാൽ ദിവാനൊ"ടിനിയാവുക"യെന്നു കല്പി-
ച്ചാ രാജശേഖരമഹാമണി ധന്യധന്യൻ
പാരാതെ ചേന്നപരിചാരകരോട്ടുകൂടി
നീരാട്ടിനായ് കുതുകമാന്നെഴുന്നള്ളലായി. 103

വിനയമൊടവനിപതിലകനൊ-
ടനുമതിവാങ്ങിപ്പുറത്തുചെന്നു ദിവാൻ
മനതളിരിളകിവസിപ്പൊരു
ജനതയെയറിയിച്ചു ഹർഷവൃത്താന്തം! 104

പ്രഹതപടഹഭേരിശംഖഘണ്ടാരവാഢ്യം
ബഹുശതജനകണ്ഠോൽഘുഷ്ടമാമാപ്പുമേളം
മുഹുരണിവെടിയേവം പൊങ്ങിയാരാവപൂരം
ഹഹ! ഝടിതിഗഭീരം വിണ്ടലം വിങ്ങിവിണ്ടു!! 105

ഗദ്യം ൧.

നരപതികുലെ കുമാരോദയം പാരമുൎവ്വീതലെ ധൎമ്മമുദ്ധൎത്തുമുദ്യൽകൃപം പത്മനാഭന്റെ സാരാവതാരം നിജശ്രേയസാമാദിമൂലസ്വതാകന്ദളം ജാതമായെന്നവാൎത്താം നിശമ്യോല്ലസൽപ്രീതിവാരാകരം വേലിയേററം തുടൎന്നാപ്പുരീവാസി ലോകത്തിലുണ്ടാമലക്കോളിളക്കങ്ങളെന്തോതുവാനേഷഞാൻ!! ഭക്തിമൽസ്തോത്രസംഗീതമേളങ്ങളോടൊത്തിണങ്ങിസ്ഫുരദ്ദീപലക്ഷങ്ങളും തിങ്ങിയാപ്പുന്നഗാധീശപുൎയ്യന്തരിക്ഷംതുലോ മന്നതാഹ്ലാദസങ്കേതമായ്ത്തീൎന്നിതെ! ദാനധൎമ്മങ്ങളെന്തോതിടേണ്ടുന്ന നല്ലന്നദാനം സുധാപേയദാനം സുതാംബൂലദാനംഫലാപൂപദാനം കുളിൎത്തൈലദാനം നവും വസ്ത്രദാനം സിതാപൂരദാനം സുഗോഭൂമിദാനാദിയാൽ ദാനലോകംകണക്കായിതാപ്പത്തനം. വാരിവാരിശ്ശിശുക്കൾക്കു നല്കീടുവാൻ വീഥിതോറും മണൽക്കുന്നുകൾക്കൊപ്പമായ് പഞ്ചതാരപ്പൊടിക്കുന്നൊരോരോന്നെങ്ങുമേ തഞ്ചമായ്ക്കൂട്ടിടുംകോപ്പുകാണുംവിധൌ വെള്ളിമാങ്കുന്നടൎന്നങ്ങുമിങ്ങും തെറിച്ചെന്നതല്ലാതെ തോന്നീടുകില്ലാക്ഷ്മെ! പൊൻനിറത്തിൽപ്പഴുത്തുള്ള വാഴപ്പഴക്കുന്നുകൾ ചുററുമേകാണുകിൽപ്പൊൻമഹാമേരുശൃംഗങ്ങൾ പൊട്ടിത്തെറിച്ചുവ്വിധം പാരിൽവീണെന്നതേ തോന്നുകൊള്ളൂദൃഢം! വംശസന്താനലാഭത്തിലുൎവ്വീധവോത്തംസമാംമൂലകൻ തമ്പുരാനമ്പിനാൽ സൎവ്വസമ്പത്തുമേ വാരിവാരിക്കൊടുപ്പിച്ചുസത്തുക്കളിൽ ബ്ഭൂരിസന്തോഷമോടുത്സവംകൂട്ടിനാൻ:—

പാരിച്ചഹഷ്മൊട്ടു ദേവകൾ കല്പകപ്പൂ
വാരിച്ചൊരിഞ്ഞവ നിരന്നുതെളിഞ്ഞപോലെ
പാരിന്നുമേലണിവിയത്തിലുദിച്ചുപൊങ്ങി-
ബ്ഭൂരിപ്രകാശമൊടുനിന്നിതു താരകങ്ങൾ. 106

സ്നാനംകഴിച്ചു ഭഗവൽസ്തുതിയോടുകൂടി
ധ്യാനപ്രലീനഹൃദയോല്ലസിതാസ്യപത്മം
ആനന്ദശാലി നൃവരാഗ്രണിയാദിമൂല-
സ്ഥാനത്തുതന്നെയെഴുന്നള്ളിയിരുന്നുവീണ്ടും. 107

ദിവാൻജി റസിഡൻറു രാജകുലബാന്ധവന്മാർ പുരീ-
നിവാസിജനമുഖ്യരുത്തമപുരോഹിതന്മാർ പരം
നവാതിഥികളന്യരാമവരുമൊത്തു ബാഢം ക്ഷമാ-
ധവാഗ്രണി കുമാരദർശനകുതൂഹലം കാട്ടിനാൻ! 108

ചിത്രമൊടിഹ വിളങ്ങി വഞ്ചിഭൂപാന്വയത്തി-
ന്നുതവികൾ മലയാഴ്മയ്ക്കൊന്നപോൽ ചെയ്തധന്യൻ
സുകൃതി വലിയകോയിൽത്തമ്പുരാനുന്മുഖം സൽ-
കവികുലഗുരുമുഖ്യൻ കൈരളീകാളിദാസൻ! 109

ശ്രീമദ്വഞ്ചിക്കു വീണ്ടും വിജയമൊടഭിമാ-
നത്തിന്നുന്നാമനേകം
ഭ്രമന്ദാരദ്രുമാണാം ചിരമവനിഭൃതാം
ചിത്തജന്നൊന്നപോലെ

കാമം ജന്മപ്രദാനാൽത്തിറവിയ കിളിമാ-
ന്നൂരുകോയിക്കലെപ്പൊ-
ന്നോമൽത്താതൻപുരാനുന്മിഷിതനയന-
നായുന്മുഖം നിന്നിരുന്നു. 110

കാണാമിപ്പോഴെനിക്കെൻപരിണതസുകൃത-
ക്കുമ്പിനെ,സ്സാധുവഞ്ചി-
ക്ഷോണീമംഗല്യകല്പദ്രുമമതിനുവരും
നാമ്പിനെ,പ്പുണ്യഭാജാം
വേണാടക്കുള്ള ഭാഗ്യത്തിനു വളരുമക-
ക്കാമ്പിനെ,ച്ചിത്തിരർക്ഷ-
പ്പൂണാരപ്പുണ്യസത്താമരിയനുപമണി-
പ്പൂൺപിനെ,ധ്ധന്യനായ് ഞാൻ!! 111

ക്ഷമാപതിയുമൊത്തിദം മനസി ചിന്തയന്തസ്തദാ-
ക്ഷമാവശഗതാഃ പ്രതീക്ഷ്യ നിമിഷാൻ വസന്തസ്സ തേ
അമായകളശിഞ്ജിതകപ്പണനചാതുരീമാധുരീ-
സമാനതയൊടും ശ്രുവിച്ചിതു കുമാരകാരോദനം. 112

അവരുടെയിതരേന്ദ്രിയങ്ങൾ നേത്ര-
ത്തിനെ നിജനായകനാക്കി മുന്നിൽ നിർത്തി
അഭിനവസുഖമാദ്യമേ നുകന്നു-
ള്ളതിലിടരായ് ശ്രവണങ്ങളോടെതിർത്തു! 113

ഭൂപൻ ശ്രവിച്ചിതു കുമാരകരോദനത്തെ
ശ്രീപത്മനാഭസദനഗ്രഹവാണിയായും,
കാപട്യമെന്നിയെ ദിവാൻ സ്വകധൎമ്മരക്ഷാ-
നേപത്ഥ്യസാധനവിധിക്കെഴമാജ്ഞയായും, 114

ആകമ്രകീൎത്തി സുധി കേരളകാളിദാസൻ
ശ്രീകേരളീചരണനൂപുരനാദമായും,
നാകത്തിൽനിന്നുമുയരെജ്ജനകൻപുരാന-
സ്തോകം കൃതാൎത്ഥജനുഷഃസ്തവഗാനമായും, 115

സ്ഫീതപ്രിയൈഷി റസിഡൻറു നിലയ്ക്കുമാത്രം
സ്വാതന്ത്ര്യമെന്നൊരു വിവേകനിദേശമായും,
ശ്രീതമ്പിമാർ വിപദി ബാന്ധവരെന്നെഴും സ-
ന്നൂതപ്രമാണപരമാം ഉപദേശമായും, 116

പൌരാധിനാഥർ വരവഞ്ചിതലത്തിൽ മേന്മേൽ
സ്വൈരാധിവാസസുഖദായകഗീതമായും,
കൈരാതബുദ്ധികൾ കൃതഘ്നർ നിജാപരാധ-
വൈരാപനോദകടുകാൎമ്മുകഘോഷമായും, 117

ദുൎമ്മന്ത്രദുഷ്കരണതല്പരർതൻ നിഗൂഢ-
മൎമ്മപ്രഭേദനളികാരവപൂരമായും,
ശൎമ്മം വരട്ടിവിളയാടിവരുന്ന മാമൂൽ-
ഘൎമ്മം ഘനാഘനമഹാസ്തനിതാഭമായും, 118

ബദ്ധാദരം ഭുവി സനാതനസത്യസദ്ധ-
ർമ്മോദ്ധാരണത്തിലെ മഹോന്നതമന്ത്രമായും,
ഇദ്ധാനുഭാവമൊടധഃകൃതരാത്മവംശ-
ശ്രദ്ധാഭിഷേകകലശപ്രണവാഭമായും, 119

വാണീവിപഞ്ചിയുടെ സുസ്വരമായു,മേതൽ-
ക്ഷോണീമഹൽകരണനാടകനാന്ദിയായും,
നാണീയസാം ഭുവനമംഗളസമ്പദാം നി-
ശ്ശ്രേണീസമാവതരണശ്രുതിഘോഷമായും., 120

അന്തർബ്ബഹിഃശ്രവണഗോചരമാതുഷാരാ-
ദ്ര്യന്തം കുമാരിമുതലേവരുമാത്മരീത്യാ
ഹന്ത! സ്ഫുടം നൃവരസിംഹശിശുപ്രണാദ-
മന്തർഭിയാപി ച മുദാ നിശമിച്ചിതപ്പോൾ!! 121

"കാണേണം കൺവിടിത്തി,ക്കരയുഗളിതുട-
ച്ചാശു വാങ്ങിക്കണം, ത-
ച്ചേണേറീടുന്നമൌലൌ മുകരണ,മണിനെ-
റ്റിക്കു ചുംബിച്ചിടേണം,
പൂണേണം മാറി,ലംസോപരി കവിളുമണ-
ച്ചൊന്നു താരാട്ടണം മൽ-
പ്രാണേഭ്യോപി പ്രിയംതേടിയ മരുമകനാ-
മുണ്ണിതൻ പൂവലംഗം." 122

പലതുമിതി മനസ്സിൽ ചിന്തചെയ്യുവ്വരാട്ട-
ത്തിലകനമരുമപ്പോൾ കാണുമാറായി ദൂരാൽ
കലവിയൊടൊരുദാസീഹസ്തയുഗ്മത്തിലേററം
വിലസിടുമിളമപ്പൊന്നോമനപ്പൂവലംഗം. 123

മുത്തുക്കുട വെൺചാമര നാഗസ്വരമേളം
മെത്തും കുരവച്ചാർത്തണിയാപ്പും ജയവാദ്യം
ഒത്തുന്നതഘോഷാലെഴുന്നള്ളിച്ചു ധരിത്രീ-
ഭൃത്തുള്ളവിടേയ്ക്കാജ്ജഗദ്ദൃൽസുകൃതത്തെ. 124

ഇളമയുടെയെഴുന്നള്ളത്തു ഹർഷാംബുവാർത്തൾ-
ക്കളകളകളമേളം കണ്ടുകണ്ടഞ്ചിതാത്മാ
വളരുമരിയഭക്ത്യുൽഫുല്ലരോമാഞ്ചമാരാ-
ലിളയുടെപതി കൂപ്പീ പത്മനാഭാംഘ്രിപത്മം. 125

ചാരുപൊൻതളികയൊന്നിൽ നല്ലരുണ-
വീരവാളിവസനത്തിനാൽ
വാരുലാവിയ വിരിപ്പതിൽ തുടുതുടുത്ത
ചെന്നളിനമൊട്ടുപോൽ
ആരുണിദ്യുതികലന്ന പൊന്നിളമതൻെറ
പൂവലൊളിമെയ്യകം
ചേരുമുത്തരളഭക്തിയോടൊരുവ-
ളുപഹരിച്ചു വരവായിതേ! 126

ഇമ്പംതേടിയ വേദസംഹിതയിൽ ന-
ല്ലോങ്കാരമെന്നോണവും,
വമ്പഞ്ചും പരിതഃപ്രഭാവലയനാം
ബാലാക്കനെപ്പോലെയും,
സമ്പത്തിൻനടുവിൽത്തിളങ്ങി വിലസും
ഭാഗ്യത്തിനൊത്തും നൃപൻ
പൊൻതട്ടത്തിൽ മിന്നത്തപട്ടിലിളമ-
പ്പൂമെയ് സമീക്ഷിച്ചിതെ. 127

ആരോമൽപ്പവിഴപ്പൊളിത്തളിരൊളി-
ച്ചെഞ്ചോരിവാൽക്കാർ നരും
വാരോല്യന്നവിധം പിളുക്കിയരുമ-
ക്കുട്ടൻ പ്രസാദിക്കവെ
ക്രൂരോടൊട്ടുകുനിഞ്ഞെടുത്തു സദയം
തൃക്കണ്ണിൽവച്ചൂറവുതൻ-
മാറോടൊത്തുപുണൎന്നു തുരുമുക-
ന്നാനന്ദമാർന്നു നൃപൻ!! 128

അമ്മാണിക്യത്തിടമ്പാം മരുമകനിളമ-
ത്തമ്പുരാൻതൻെറ തൃക്ക-
ണ്ണമ്മാവൻതമ്പുരാൻതൻ തിരുമുഖകമല-
ത്തിന്നുനേക്കൊന്നയക്കെ

“മമ്മാ! പൊന്നോമനേ വാ വരു മരുമകനേ”
യെന്നാണിഭ്രൂക്കളൊട്ടി
സ്സമ്മോദാൽ കൈക്കെയ്‌ഞൊടിച്ചാക്കുൻകുറുനിരയിൽ
ചുംബനംചെയ്തു ദേവൻ! 129

വളരൊളിതിളകും തൽപ്പൂവലംഗം തലോടി
പ്പുളകമണിയുമാപ്പൊൻതമ്പുരാനമ്പിനോടെ
വളരെവഴിയുമാനന്ദാശ്രുവാലപ്പൊഴേ താ-
ന്നിളമയിലകരോത്തദ്യൌവ്വരാജ്യാഭിഷേകം! 130

കൊണ്ടാടിയാക്കരതലത്തിലൊരോമനപ്പൂ-
ച്ചെണ്ടായ്‌വിളങ്ങിയ കുമാരനെ നോക്കിനോക്കി
രണ്ടാകിലും ഭഗവദംഘ്രിസമർപ്പണച്ചെ-
ന്തണ്ടാർക്കുടം നവമിതെന്നു നൃപന്നു തോന്നി!! 131

ആപാടലാഭയെഴുമാശ്ശിശുമൂർത്തി തങ്ക-
ത്തൂമാറെറഴും നൃവരമാറിലമന്നിരിക്കെ
ഹേമാദ്രിസാനുവിലുദിച്ചുയരുന്ന ബാല-
ശോണാർക്കബിംബരുചികണ്ടു തെളിഞ്ഞുലോകം 132

ചൊടിയൊട്ടു തിരുമാതുലന്റെ പൊൻതോൾ-
പ്പടിയിലമന്നരുണാഭമത്കാംഗം
വടിവൊട്ടു പരമുല്ലസിച്ചു പൊന്നിൻ-
കൊടിമരമേറിയ ചെമ്പതാകപോലെ. 133

മുത്തുപൊൻമണിപട്ടമെന്നിവ കാഴ്ചവച്ചു ദിവാൻജിയോം-
ടൊത്തുചേൎന്നപമന്ത്രിമാർ പരിചാരകാദിമഹാജനം
ഏത്തുദിതപരഭക്തിയാൎന്നിളയേമ്പുരാൻെറ തിരുപ്പദം
മെത്തുമാദരപൂൎവ്വകം തൊഴുതേവരും പരിതൃപ്തരായ്. 134

"സൂക്ഷിച്ചെട്ടുക്കണമൊതുങ്ങിനടന്നിടേണം
നീ ക്ഷിപ്രകാരിണി! അനങ്ങരുതപ്പനൊട്ടും
വീക്ഷിച്ചുകാലടികൾവയ്ക്കണ"മേവമോതി
ബഭ്രുക്ഷിൽ കുമാരകമദാദ്ധീമനാസ്സ ദാസ്യൈ. 135

പട്ടും മണിപ്പുടവയും വളയും തനിപ്പൊൻ-
തുട്ടും നിറഞ്ഞുടനൊഴിഞ്ഞകരങ്ങളാലെ
പട്ടം തൊഴും ശിശുവിനെത്തൊഴുതാശു വാങ്ങി
മട്ടും തൊഴുന്നമൊഴി ദാസി തിരിച്ചു മന്ദം! 136

വെണ്ണിലാവൊളിസ്മിതപ്രകാശമാസ്യമേററു തൃ-
ക്കണ്ണിലുന്മിഷൽപ്രസാദമാൎന്ന പൊന്നുതമ്പുരാൻ
ഉണ്ണിതൻപിറപ്പിലുററനന്ദിതിങ്ങി മാനസെ
നണ്ണിനിന്നു താണുകുപ്പി വീണ്ടുമബ്ജനാഭനെ 137

പഞ്ചസാര പഴമാദി നന്മധുരസാധ-
നം ഗുരുജനത്തിനും
കിഞ്ച മന്ത്രിവരനും ക്രമത്തിലഥ മററു
മുള്ള ജനതയ്ക്കുമെ

ചഞ്ചദ്രുതസവരസം സ്വപാണിയിലെടുത്തു
നല്കി നൃവരൻ ലസ-
ന്നെഞ്ചമോടവരെ യാത്രയാക്കി യുചി-
താദരോത്സവനിദൎശനം. 138

ശ്രീകോയിൾത്തമ്പുരാനേകി
ഭ്രുകോൻ പൊൻവീരശൃംഖല;
ഏകം പൊന്മോതിരം കല്പി-
ച്ചേകി ഡർബാർഫിസിഷ്യനും. 139

ശുശ്രൂഷാവിധയെ തമേവ ഭിഷജം
മാതുഃ സുതസ്യാപി, താം-
സ്താൻ ഭൃപാനുയബാന്ധവാൻ പരിജനാം-
നാഹൂയ സൎവ്വാനപി
ദത്താജ്ഞഃ പൃഥഗേവ കാഞ്ചനവല്ക്ക്രു-
ലാദീംശ്ച ദത്വാ തത-
സ്തസ്മാൽ സ്വാൽ കുലമന്ദിരാന്നരപതി-
ൎദ്ധാമ പ്രതസ്ഥേ നിജം! 140

ദണ്ഡകം ൨

I നേരംപുലൎന്നുളവുദാരം കുമാരജനി
സാരം സമസ്തദിശിപാഞ്ഞു—പ്രജകളതറിഞ്ഞു
കലവികലംനിറഞ്ഞു—ധരണിതലമഖിലവുമൊ-
രമൃതമഴപൊഴിയുമളവതിലിയലുമിനിയപുതു
കുളിരൊട്ടുതെളിഞ്ഞു.

II ഭുവാകെയുള്ളശ്ശുഭദേവാലയേഷു ബലി
പൂജാദികം ബഹു തുടങ്ങി — ജനവിതതിതിങ്ങി
ജയവിളികൾപൊങ്ങി — പ്രഹതബഹുപടഹ
മണിനിവഹദരപടലിയുടെ ഘനരവമൊട
ണിവെടികൾ ദിശിദിശി മുഴങ്ങി.

III വേണാടലംകൃതികൾ ചേണാൎന്നണിഞ്ഞുബത
കാണായി വിൺപിറവിപോലെ — പ്രമദരതിമേലെ-
വളരുമതുകാലേ — അന്നപാദവിഭജനകളു-
മശനധനവിതരണവുമരുമതകിവിഹരണവുമ-
രുളിയതിനാലേ!

IV സാമന്തരും വലിയമാടമ്പിമാരുമുപദാമുദാവഹിച്ചു
നടകൊണ്ടു — രതിഹൃദി തിരണ്ടു - തിരുവടികൾകണ്ടു
ഇളയനൃപമണിയുടയയടിമലരിലുചിതതരമുപ-
ദകളുമരുളിയവർ തൊഴുതുവിടകൊണ്ടു.

വാനംതെളിഞ്ഞു പവമാനൻ പതിഞ്ഞു പരമാ-
മാനന്ദമഞ്ജുളമുലാത്തി — സുരഭിലതമെത്തി
ദിശിദിശിപരത്തി — പ്രകൃതിയുടെ ശരദുചിത
സുഷമയുലകഖിലവുമൊരഭിനവസുവിശദ
രുചി വിരവൊടുവരുത്തി!!

ഒന്നാം ഭാഗം സമാപ്തം.

# ശ്രീ

# ചിത്രാഭിഷേകം ചമ്പൂ.

## രണ്ടാംഭാഗം.

ചാരുശ്രീമൽപ്രശസ്തിപ്പെരുമ വളരുവാൻ
    മൂലമായ് പണ്ടു മേല്പ-
ത്തൂരും പൂന്താനവും സൽകവനകലവിയാ-
    ലേതുദേവന്റെ മുമ്പിൽ
വാരുറെറമ്മുന്നിലെന്നും നടനമരുളണം
    വാതഗേഹസ്ഥനാമാ-
ക്കാരുണ്യക്കാതലായിക്കലിയുടെകലയാം
    ബാലഗോപാലകൃഷ്ണൻ!! 1

ആവിസ്സ്തോഷാഭിമാനം പുളകിതതനുവായ്
    ത്തിന്റ, പൂർണ്ണത്രയീശ-
ശ്രീവിന്യാസാഞ്ചിതാശെ "മരടി"തി വിദിതെ
    ഗോക്ഷിതൌ രമ്യദേശേ
ആവിഷ്ടം "ഭിത്തിവൽക്ഷ്മാ"ഭിധഭവനപതിം
    സമൃഗീഡെ ഗുരും തം
ഗോവിന്ദാഖ്യം ഭിഷഗ്സത്തമമണിമകുടീ-
    കോടിമാണിക്യരത്നം. 2

കൂടിക്കൂടിപ്പെരുക്കുന്നിതു കുതുകമെന്നി-
യ്ക്കിസ്സഭാരാധനത്തിൽ
തേടി ത്വാം കാണ്കമൂലം, പ്രിയസഖ, തിരുവാം-
കോട്ടുവാഴും ജനാനാം,
ആടിപ്പട്ടാഭിഷേകം മുടിയിലനഘമാം
തൻമണിപ്പൊൻകിരീടം
ചൂടി ശ്രീചിത്തിരക്ഷ്മാവരനെ മിഴികളാൽ,
കണ്ടവാറെന്നപോലെ!! 3

ആനന്ദനർത്തിതനദദ്വിജകൂജനോദ്യൽ-
സ്വാനം വികസ്വരലസൽസു മനോന്തരംഗം
ആ നവ്യമാകുമവതാരവശാദ്വസന്തോ-
ദ്യാനശ്രീയാ ക്ഷിതിരിയം സുതരാം ബഭാസെ. 4

ബാലാർക്കശ്രീ വിരാജിച്ചരുളിടുമിളമ
തമ്പുരാൻ തൻ മഹസ്സു-
ദ്വേലാംശം വീശിവീശി പ്രജകളിലൊളി-
യുൾക്കൊണ്ടു, ലക്ഷോപലക്ഷം
ശ്രീലാംഭോജങ്ങൾ — നേത്രാനനഹൃദയ
സരോജങ്ങൾ പാരംവിടർന്നു-
ദ്വേലാഭം വഞ്ചിശോഭിച്ചിതു വലിയൊരുചെ-
ന്താമരപ്പൊയ്കപോലെ. 5

വിടിന്ന ജനഹൃൽസുമേഷു പരിതൃപ്തിമാധ്വീം നുക-
ന്നിടഞ്ഞു മുഗ്ദ്ധക്രുജമെന്യെ പരമസൌഖ്യസന്ദായിനഃ
സ്ഫുടം ദിവിഷദാം പറന്നവരുമുത്തമാത്മാക്കൾപോ-
ലിടം തടന്ന തിങ്ങി ചിത്രശലഭാസ്സദാ ഭൂതലെ. 6

ആ രാജബാലകവിധൂദയമോട്ടുകൂടി-
ത്തീരാതിഗം തിരകൾപൊങ്ങിയ വഞ്ചിനാട്ടിൽ
നേരായ് പ്രജാനിവഹഹഷമഹാംബുരാശി-
രാരാദഗാൽ പരമതൃപ്തിവശേന ശാന്തിം. 7

അന്നന്നമ്മച്ചിമാരും പുരതരുണികളും
ബാന്ധവസ്ത്രീകളും വ-
ന്നന്നമ്രം ഹഷഭക്തിത്തികവൊട്ടു തിരുമൽ-
ക്കാഴ്ചയുംവച്ചുദാരം
മന്നഞ്ചും സൂൎയ്യനെപ്പെററരുളിട്ടമരുമ-
പ്രാചിയേപ്പോൽ ശയിക്കും
പൊന്നമ്മത്തമ്പുരാൻതൻ തിരുവടിയിണ
കൈയ്ക്കൂപ്പിയാനന്ദമാർന്നു. 8

ഗദ്യം ൫.

ചിരസുകൃതഭാഗ്യയാം വഞ്ചിമാതിൻെറ സീമന്തരത്നം, മഹാധന്യയാമമ്മമാറാണിതൻ മാറിലെപ്പൊൻപതക്കം, നൃപശ്രേഷ്ഠമൻമൂലകൻതമ്പുരാൻ തൻമനോനിർവൃതിദ്രാവകപ്പൊൻമണിച്ചെപ്പു,ജൻ പത്മനാഭൻെറ മൂൎത്തികൃതാനുഗ്ര

ഹം ദാസിമാർ ബാന്ധവസ്ത്രീകളെന്നുള്ള നൽകാന്തിചിന്തു
ന്ന പൂവല്ലികൾനീട്ടിട്ടും പല്ലവശ്രീകരച്ചില്ലതോറും പറന്നു
ല്ലസിക്കുന്നവാരുററെഴുംപൊൻശ്ശുകം, ജ്ഞാതിസാമന്തഭൂമീ
ശർ ഭക്ത്യാദരപ്രീതിപൂർവ്വം സമാദായ തൻകൈയ്കളാലാ
വത്തും കണ്ണിൽവച്ചിച്ചുപോൽത്തെല്ലലംഭാവമെന്യേ മുകൻ
ച്ചിയിൽ കൌതുകാനന്ദനിർവ്വാണമാന്നോമനിക്കുന്ന മന്ദാരക
പ്പൂവണിച്ചെണ്ടു,ദഞ്ചദ്രസം വഞ്ചിരാജ്യപ്രജാസഞ്ചയത്തിൻ
മനഃപല്വലംതോറുമുൽഭാസമാനത്വിഷാക്രീഡചെയ്തുല്ലസി
ക്കുംമഹാരാജഹംസം, മഹാധന്യയാം വഞ്ചിഭൂലക്ഷ്മിയാൾക്കു
ററവാടാവിളക്ക,ഞ്ചിതം ഭാരതഭവ്യബീജോത്തമം, ജന്മനാ
യൌവ്വരാജ്യാഭിഷേകം കഴിഞ്ഞെന്മനോനേത്രനിർവ്വാണദശ്രീ
കനായ് ശുക്ലപക്ഷത്തിലെബ്ബാലചന്ദ്രൻകണ,ക്കിക്കലാ
രൂപനാംചിത്തിരർക്ഷൻപുരാൻ, ആശയെല്ലാം വളൎന്നീടുമാ
റെന്നമെ, ഭാസിതശ്രീവളൎന്നീടിനാൻമേൽക്കുമേൽ. പൌര
ലക്ഷോപലക്ഷങ്ങൾതൻ പ്രാർത്ഥനാസാരമേകീടുമായുർബ്ബ
ലോൽകർഷവും ധന്യനമ്മാവനാം മൂലകൻതമ്പുരാൻ തന്മ
ഹാനുഗ്രഹാരോഗ്യസമ്പത്തിയും, പത്മനാഭപ്രഭോരാശിഷാം
സാരമാം ചിത്തവിസ്താരവൈദഗ്ദ്ധ്യവൈശദ്യവും, ദേവഗ
ന്ധർവ്വസിദ്ധാപ്സരസ്സ്വർഗ്ഗിണാം ശ്രീവരത്താൽവരുംദേഹസൌ
ന്ദര്യവും, ഭാരതത്തിൻ പുരാണർഷിമാർനേൎന്ന ചിൽസാരമായു
ള്ളവിജ്ഞാനവും, വീരസൂരത്നമാമമ്മമാറാണിതൻ ശിക്ഷ
ണോന്നിദ്രമാം ചിത്തസംസ്കാരവും, സ്വന്തമാം യുക്തകാര്യ
ങ്ങളിൽത്തക്കതേന്റേടവും, നിത്യമോരോകലാംശംകണക്കെ
വളൎന്നത്തിരുപ്പൂവുടൽപ്പൂൺപു വഞ്ചിക്ഷമാപുണ്യപൂരോല്ല

സൽ ക്ഷീരവാരാകരംതന്നിലുണ്ടായ ബാലേന്ദുവൽഭൂവിതിൽ കാന്തിചിന്തീടിനാൻ. പേശലാരംഭവസന്തത്തുപോൽ കൌസുമോൽഭാസദാമോദിയാം സൌകുമാര്യ്യത്തൊടും, പ്രാവൃഡാകാശവൽസർവ്വതഃ പ്രസ്ഫുരത്തായിണങ്ങും ഘനശ്രീവികാസത്തൊടും, ശ്രീശിശിരത്തുപോൽശീതളാമോദസമ്മോദിതാശേഷലോകാന്തരംഗത്തൊടും, ഉററഹേമന്തവന്നല്പനീർത്തുള്ളികളിററുവീഴുന്ന ഹൃദ്യാംബരച്ഛായത്തൊടും, ഗ്രീഷ്മകാലംകണക്കാത്മസമ്പൽപദപ്രാപ്തികാട്ടുന്ന മാർത്താണ്ഡതേജസ്സോടും അഞ്ചിതാനന്ദസന്ദോഹസന്ദായിയാം പിഞ്ചുപൂമ്പൈതൽമേന്മേൽ വളർന്നീടിനാൻ. പുഞ്ചിരിക്കൊഞ്ചലും ചഞ്ചദ്ദൃശ്യഭ്രസാകുഞ്ചിതഭ്രൂലതാചാരുവിക്ഷേപവും കൺമയക്കും കടാക്ഷാവലോകങ്ങളും മന്മനസ്സിൽ സുധാധാരകോരിത്തളിക്കുംകളാലാപസാരസ്യവും പൊന്നരഞ്ഞാണവും പട്ടുപൂക്കോണവും മിന്നലിൻ കാന്തിചിന്തുന്ന പൂമേനിയും കിങ്കിണിക്കൈയ്‌വളമോതിരച്ഛായത്തിൽനിന്നങ്കുരിക്കും കളകപാണവും പൊന്നിളംനെഞ്ചിലാടി കളിച്ചാങ്ങളംതന്നിലേലുന്നവരത്നമാല്യങ്ങളും കണ്ടു ലോകൈകസമ്മോഹനാകാരചേഷ്ടാവിശേഷങ്ങൾ പൊൻതമ്പുരാനിൽത്തദാ വിസ്മൃതാശേഷചിന്താഭരം തൻപ്രജാകോടിയൊത്തഞ്ചിയഞ്ചി ക്രമാദപഞ്ചിമാതാവൊരോവത്സരംപോക്കിനാൾ. ശ്രീലനാം ബാലനായാലസിച്ചെൻപുരാൻ കാലഘട്ടങ്ങളാൽ മൂലകനേകിയുല്ലാസഹല്ലോഹലം. ജ്ഞാനികൾക്കാപ്പരംജ്യോതിഷഃശ്രീപതേർമ്മാനവാകാരതേജോവിലാസത്തൊടും നിത്യസൌന്ദര്യ്യസമ്പന്നയാകുംപരാശക്തിതൻ സൽപ്രകൃത്യുത്സവാദർശമായ്:-

ധന്യശ്രീ മൂലകക്ഷ്മാവലരിപുരുഭയോഃ
കൃത്യയോൎന്നിത്യമന്നി-
ത്തന്നെ ശ്രദ്ധാം സ്വചിത്തേ വ്യതനുത ബഹുസം-
ഖ്യേഷു കൃത്യാന്തരേഷു
മുന്നെ ശ്രീപത്മനാഭപ്രഭുവിനെ നടയിൽ
ചെന്നു വന്ദിക്ക വേഗം
പിന്നെക്കോയിക്കലെത്തിത്തിരുമരുമകനെ
ക്കണ്ടു ലാളിക്കയെന്നും. 9

ഒന്നാംകൊല്ലംതുടങ്ങിത്തദനു മതിലക-
ത്തുത്സവത്തിൽശ്ശീവേലി-
ക്കുന്നാമശ്രീയെഴുന്നള്ളിയ വിഭു ഭഗവാൻ
പത്മനാഭന്റെ മുന്നിൽ
ധന്യശ്രീമൂലകൻ പൊൻകുടവയറിൽവഹി-
ച്ചോമനബ്ഭാഗിനേയൻ
തന്നംഗം ഹന്ത! മന്ദംവരുവതു പുളകം
പൂണ്ടു വീക്ഷിച്ചു ലോകം!! 10

ഹരിയുടെ തിരുമാറിൽക്കൌസ്തുഭംപോലെ ഭൂമീ
ഹരിഹയനുടെ മാറിൽപ്പററിയുന്നിദ്രശോഭം
പരിണതരുചി ഹർഷം കാണിലോകത്തിനേകി
പ്പരിചൊടുമിളമപ്പൊൽപ്പൂവലംഗം വിളങ്ങി. 11

പൊന്നമ്മാവൻെറയോമൽക്കുടവയറിലിരു-
　　ന്നമ്മണിക്കൈകൾനീട്ടി
ച്ചിന്നും തൂവൈരമാലാമണികൾ തടവിയും
　　മൂക്കിലെത്തിപ്പിടിച്ചും
ഉന്നാമ്രം പുഞ്ചിരിക്കൊണ്ടരുളുമിളമതൻ
　　കേളിയിൽക്കൺമയങ്ങി
ത്തന്നത്താനേമറന്നൾപ്പുളകമൊട്ട നിലക്കൊ-
　　ണ്ടുപോയ് കാണിലോകം! 12

മുന്നാണ്ടത്തെത്തീവ്രദുഃഖം ക്രമത്താൽ
തന്നാണ്ടത്യുൽക്കുലമാം ഹഷ്മായി;
ഇന്നാം കാണ്മൂ ഭൂവിതിൽ ദുഃഖമാദ്യം
വന്നാൽ സൌഖ്യം പിമ്പിലുണ്ടെന്ന തത്വം. 13

പ്രത്യക്ഷീകൃതപത്മനാഭകരുണാ-
　　സാഫല്യമാം ഉണ്ണിയെ
സ്സത്യം, ഭക്തിഭരത്തിനാൽ ച്ചെവുവിറക്കൊ-
　　ള്ളുന്ന തൃക്കൈയ്കളാൽ
അത്യഘം നിധിപോൽവഹിച്ചു പുളകം
　　പൂണ്ടശ്രുവാക്കും ജഗൽ-
സ്തുത്യൻ മൂലകനുത്സവത്തിന്നരുളീ
　　ലോകക്കൊരത്യുത്സവം. 14

ശ്രീദാഭനാം പ്രതിപദിന്ദുകണക്കെ സർവ്വാ-
ഹ്ലാദാർഹനാമിളയപൊൻതിരുമേനി തൻമെയ്
ആദായ പാണികളിലൊന്നു പുണൎന്നുകൊൾവാൻ
മോദാകുലം ചുഴലെനിന്നു കൊതിച്ചു ലോകം 15

തൻ പ്രേമക്കുളിർപാൽക്കടൽപ്പിറവിയാം
പൊന്നമ്പിളിപ്പൈതലേ
ശുഭ്രാംഭദ്രിഷ്ണുപദേ ധരാഭൃദവതംസോ-
ത്തംസമായ്ക്കാണവെ
മുമ്പിൽ ദൂരെയുദശ്രുവായ് മതിലക-
ത്തെല്ലും മഹാരാജ്ഞിയാം
വമ്പേറും വരവീരസൂവിനുളവാം
സന്തോഷമെന്തോതിടാം! 16

ചിരാഹിതമനീഷിതം സുകൃതസഞ്ചയെയരഞ്ചിതെ-
രൊരാണ്ടിനകമുള്ളലിഞ്ഞുമലിയിച്ചുമേവംവിധം
പരാം സഫലതാം നയിച്ചനരദേവദേവക്കെഴും
വരാംഘ്രികളിലുററഭക്തിയൊടു കൂപ്പി നാനാജനം. 17

ധൃതാനന്ദം മൂലക്ഷിതിപതി കുലപ്രാക്ക്രമമൊടും
മതാചാരത്തോടും സമുചിതവയഃകൎമ്മവിധികൾ
നിതാന്താശാഭാരോല്ലസിതഹൃദയം ചെയ്തിളമയെ
സ്സുതാമാചാൎയ്യാണാം നികടമനയത്തം സുകൃതിനാം. 18

മാതാ വീരപ്രസൂനാം മണിമകുടി പുരാ-
ണേതിഹാസാദ്ഭുതാനാം,
നേതാ രാജർഷിമുഖ്യൻ ശ്രുതിവിധിനിരതൻ
മൂലകൻ തമ്പുരാനും,
ഹാ! താനേതന്നെ സാക്ഷാന്നരവടിവിലെഴ-
നാദിമൂലസ്വതാത്മാ-
വേതാവൽസിദ്ധി കൈവന്നരുളിട്ടുമവിടേ-
യ്ക്കെന്തിനാചാര്യനന്യൻ!! 19

ഭൂമീനാഥസ്തഥാപി പ്രഥയൊടുവിജയി-
ക്കുന്ന പൌരസ്ത്യപാശ്ചാ-
ത്യാദർശങ്ങൾക്കു കേന്ദ്രീകൃതഹൃദയമെഴും
പണ്ഡിതാചാര്യവര്യാൻ
കാലേകാലേ നിയോഗിച്ചിതു നിജഹൃദയോ-
ന്നിദ്രഭവ്യപ്രഭാവ-
ത്താലേ സമ്യക്‌സമാരാധിതവരഫണിതീ-
പാദരെ പ്രീതിപൂർവ്വം. 20

കാമം ധർമ്മോദ്ധൃതിക്കായരുളിട്ടുമിളമ-
ത്തമ്പുരാൻ ശിഷ്യനായു-
ദ്ദാമശ്രീ കൈവളന്നഞ്ചിയഗുരുവരരാ
ണ്ടിന്നൊരാപ്പണ്ഡിതന്മാർ

ഓമൽക്കണ്ണെന്ന സാന്ദീപനിമുനിവരനെ
 പ്പോലെ നിർമ്മായകീർത്തി-
ക്ഷേമപ്രഖ്യാതിഭാരത്തൊടു നിരുപമമാം
 ജന്മസാഫല്യമാർന്നു. 21

ചതുര ജനനിതൻ ഹിതോപദേശ-
പ്പുതുപനിനീർ കഴുകിത്തുടയ്ക്കയാലെ
അതുലരുചിരവാസനാഢ്യമായ്‌വ-
ന്നിതു തെളിവാൻ സുതൻെറയന്തരംഗം. 22

ഗുരുവരരുപദേശിക്കുന്ന പാഠങ്ങളെല്ലാം
തെരുതെരെയവിടത്തെ ച്ചിത്തവേദ്യാം വിളങ്ങി.
അരുണകിരണസംഗാൽ കാല്യകാലേ നളിന്യാം
വിരുതിൽവിടിരുമോരോ താമരപ്പൂക്കൾപോലെ. 23

പ്രീതി തൃപ്തി ബഹുമാനമത്ഭുതം
ഭീതി ശങ്കയിവയുത്തരോത്തരം
ഹാ! തികഞ്ഞതനുവാസരം പരാ-
ഭൂതിയായ് ഗുരുവരൎക്കു ശിഷ്യനാൽ. 24

കാലത്തിന്നൊത്തശാസ്ത്രം കലകളിവപഠി-
 ച്ചുററ വിജ്ഞാനശക്തി-
യ്ക്കാലംബീഭൂതമാകും ധിഷണയുടെ വിലാ-
 സത്തിലോമൽകുമാരൻ

ശ്രീലന്മാരാം ഗുരുക്കൾക്കകൈതളിരു പകൎ-
യ്യുന്നമട്ടാം മതിപ്പും
മൂലക്ഷ്മാപാല—നമ്മാവന ദൃഢതരവി-
ശ്വാസവും കൈയ്‌വളൎത്തി. 25

ബുദ്ധൻ, ശ്രീയേശു, സാക്ഷാന്നബി,യഥ ഭഗവാൻ
കൃഷ്ണനെന്നുള്ള നാനാ
സിദ്ധന്മാരായ ലോകോത്തരഗുരുവരർതൻ
സച്ചരിത്രം പവിത്രം
ശ്രദ്ധയ്ക്കാദ്യംമുതൽക്കെ ദിനമനുവിഷയീ-
ഭൂതമായ്ത്തിൻറു, മാതാ-
വിദ്ധപ്രാഗത്ഭ്യമോടൊത്തഭിരുചിയതിലൊ-
ട്ടേറെയേകാൻ ശ്രമിച്ചു. 26

ശരിക്കുവായിച്ചു പഠിക്കുമിന്ത്യാ-
ചരിത്ര,മാട്ടൊട്ടു പകച്ചുനോക്കും
സ്ഫുരിക്കുമോമൽപുളകാംഗ,മെന്തോ
സ്മരിച്ചു തെല്ലേറെയിരുന്നുപോകും. 27

പഠിപ്പും വിജ്ഞാനപ്പെരുമയുമസന്ദിഗ്ദ്ധമൃദുവാക്-
ചൊടിപ്പും തന്റേടത്തികവുമഥ ചൎയ്യാവിധികളിൽ
വെടിപ്പും കാൎയ്യങ്ങൾക്കുതകിന പിടിപ്പും നറുതളിർ-
ക്കൊടിപ്പൂണ്ണാമോമൽത്തനുവൊടു വളർന്നു പ്രതിദിനം. 28

പൊന്നുണ്ണിത്തമ്പുരാൻതൻ കളലളിതവിലാ-
സേംഷു ഹൃഷ്ടാന്തരംഗം
മന്നും മർത്ത്യൗഘവും ഹാ! പകലിരവറിയാ-
തങ്ങു വർത്തിച്ചിരുന്നു.
അന്നാത്തേക്കുഴിചുററി ത്രിദശനഗരിയിൽ
ച്ചെന്നു പന്ത്രണ്ടുവട്ടം
മന്നിൻ ചിത്രാവതാരോത്സവകഥകൾ തുലാ-
മാസമോതിക്കഴിഞ്ഞൂ! 29

ഏവം വേണാട്ടിലേലും നിരുപമതരമാം
ദിവ്യഭവ്യപ്രഭാവം
ദേവർക്കും സ്പർദ്ധയേററിപ്പുകയുടെ പുകയാൽ
ധൂസരീഭൂതമായി
ഹാ! വന്നൽപാതകേതൂദയമരുളിയുടൻ
ദിങ്മുഖം ഹന്ത! പാടേ
ഭാവം പെട്ടെന്നുമാറി പ്രകൃതിയുടെ കരിം
കോമരക്കൂത്തരങ്ങായ്!! 30

ഗദ്യം ൨.

അഥ ബത ദശശതമതിനൊടു നവതിയിലൊരു നവമാന്തവരുംവരിഷത്തിലെ യുൽകടദുർഘടകക്കടകത്തിലഹോ വരിഷത്തു വിപൽകടലിൻനടുവിൽ ച്ചെറുവഞ്ചിയെനിറയുമഴൽത്തിരതല്ലലിലാകപ്പാടെയുലച്ചുമറിച്ചിഹ മുക്കിടുമാ

റൊരു കൊടുമയൊടുയരെവളൎന്നിതു. പകലിരവറിവതിന്നരു
തരുതാംപടി വിണ്ടലവുംധരണിതലവും കകുഭാംപെരുതാകി
യമേഖലയും വകതിരിവൊടുമറിവതിന്നശരണമാമൊരുപാഴ
ശവത്തുണിപോലെ ഘനാഘനപാളിയിരുണ്ടുതിരണ്ടുപെരു
ത്തിതു. അണ്ഡകടാഹമിടിച്ചുപൊടിച്ചു തരിപ്പണമാക്കി
യടിച്ചുപറത്തിടുമാറൊരു ചണ്ഡമരുത്തു കരുത്തുപെരുത്തു
ജഗത്തിലിടംവലമേബത പാഞ്ഞു. മഹാപ്രളയത്തിന്നു
വന്നണിയണിനിരയാം ഘനപംക്തികൾ കോരിയൊഴിച്ചി
തുമാരിനിരന്തരമരഹരശിവശിവ!! ഭുജംഗത്തൊടു പോരങ്ക
ത്തിന്നുനേരംകിട്ടിയ പീരങ്കിപ്പടയമരുലകതിൽനിന്നണിയ
ണിനിറകളൊഴിച്ചതുപോലിടിവെട്ടിനടുങ്ങിയരണ്ടുവിറച്ചിതു
കിടുകിടെ ഹരിതാം മേഖലയവനിയുമുരുതരനളികമുഖങ്ങ
ളിൽനിന്നു വമിഞ്ഞുലകരിശമൊട്ടടനടി ഭസ്മീകൎത്തും
പാഞ്ഞുപിരിഞ്ഞുപുളഞ്ഞുവരുന്ന മഹാനലഹേതികൾപോ
ലെ തെരുതെരെ മിന്നിമിന്നൽപ്പിണരുകൾ. സഞ്ചിതസുഖ
മൊടുപുഞ്ചിരിതൂകി യുദഞ്ചിതവിഭവമൊടഞ്ചിയവഞ്ചിയിൽ
വഞ്ചതിയരുളിടുമേതോ വലിയ വിപത്തുവരുന്നതുകണ്ടകമുട
നടിവിണ്ടു വിരണ്ടൊരുദിക്കുകൾ വാവിട്ടാക്രന്ദിച്ചിതു. അടി
മുടിവിറയലൊടനവധിദിശിദിശി തരുനിരമൂൎഛിച്ചുടനെ
വീണുനിലംപൊത്തുകയായ്. പടമന്നുപെരുകിയ കരുമന
യാൽ നിജഹൃദയംപൊട്ടിച്ചുടുചുടെ രക്തമൊലിച്ചൊഴുകി
ബത! കുത്തിയൊലിക്കുമൊഴുക്കിലകപ്പെട്ടാലകളും ഗൃഹശാ
ലകളും ധനധാന്യസമൂഹവുമാളുകളും മദയാനകളും ബഹു
ശാഖികളും മൃഗജാതികളും കടശിലകളുമന്നുപടമൊഴുകിയടി

ഞ്ഞാറുമലവെള്ളത്തിനടിക്കുകുട്ടങ്ങിയ കരകളിലൂടെയൊലി ച്ചുലയാഴിയിലടിയുകയും, മണിഹർമ്മ്യശതങ്ങളടിത്തറയിള കിമറിഞ്ഞുതകൎന്നിരക്കുകയും, കടലലകളൊടിടറിയകായ ലിലെത്തിരമാലകൾതമ്മിലടിക്കുകയും, പലവഴിതെരുതെ രെവരുമാമലവെള്ളവുമംബുദപംക്തികൾ കോരിയൊഴിക്കും മാരിയുമായ പെരുകും പ്രളയാംബുധിയിൽ പല കുന്നുകളും മുഴകീടുകയും, മതജാതിവിഭേദവിശേഷമശേഷമകന്നു പര സ്പരസാഹോദൎയ്യമൊടൊരുമകലന്നാപ്പറയരുമന്നവധി മറയ രുമൊരുകുടിൽകിട്ടുകിലതിലൊരുമട്ടുപൊറുത്തും അദ്വൈ താമൃതപൂരനിദൎശന സിദ്ധിവരുത്തിയ കൎക്കടകത്തിലെ മൎക്കടകസ്ഥിതി പറവതിന്നരുതെ!! മലവെള്ളത്തിന്നടിക്കുകിട ന്നമരച്ചുവിളൎത്ത ശരീരമൊടൊരുവിധ മൊന്നെഴനേററവനീ ജനനീസതി ചുഴലവുമങ്ങിനെനോക്കിയവാറെ വെള്ളപ്പട യതിലവനവന്റെവകയുള്ളതശേഷ മകപ്പെട്ടലമറുപട്ടിണി യും കൊടുശീതവുമായിവിറപ്പെട്ടുടലിൽ തോലുമെലിമ്പും ശേഷിച്ചെ്ാരുവക വീടുകളില്ലകിടപ്പതിന്നായ്, പിടിപാട്ട കൾ കഞ്ഞികുടിപ്പതിന്നില്ലരയാടകൾപോലുമുടപ്പതി,നില്ലാ തൊരുവക ഭൂതപ്രേതപിശാചജുഗുപ്സിതവികൃതശരീരികളാ യവശേഷിച്ചമരും പ്രജകളുമായ്ത്തിരുവഞ്ചിവസുന്ധരയു ഴലുന്നേരം കേൾക്കുവതെന്തൊരു കൂട്ടമണിദ്ധ്വനി! കൂട്ടമണി ദ്ധ്വനി!! കോട്ടയ്ക്കകവും പുറവും ഘണ ഘണ കൂട്ടമണിദ്ധ്വ നി! കൂട്ടമണിദ്ധ്വനി!! യാന്ത്രികശാലകൾതോറുമശാന്തിദമാ ന്ത്രികകാഹളചൂളംവിളിയും കേൾക്കുവതെന്തെന്തരഹരശി വശിവ!! ജനനിവരാകിനി ഹതസുകൃതെ, മതി നിന്നവുകൾ

തവപ്പതിമൂലംതിരുവടിയയ്യോ ഹതവിധിയെന്തിഹചെയ്യു! ബഹുഷുമഹൽസുവിപൽസു നിജപ്രജകൾക്കരുമപ്രിയതാതനിലും ബഹുശ ഗുണമലിവൊടു പോററിയതാതൻ ധർമ്മമഹീപതി നിഖിലചരാചരജീവനദായകനാശ്രിതബഹുജനചിന്താരത്നം കക്കിടമിരുപത്തുമൂന്നൊടിണങ്ങിയ കൽക്കരിയിരുളിൽമറഞ്ഞാനെന്നോ!! കൺകളിരുണ്ടഹ! ചെവികളടഞ്ഞു തലയ്ക്കുകറക്കമൊടംബവസുന്ധര വഞ്ചിനിരാശ്രയ ക്രന്ദിൽക്കരുവായ്‌കേട്ട വിപത്തിതുവീണ്ടും വീണാൾ മൂർച്ഛയിലുടനെ!! അയ്യോഭഗവതി ജനനിധരെ ഹഹ! കയ്യോടെങ്ങെഴനെള്ളി തിരിച്ചിനിയെന്നെഴനള്ളിടുമെങ്ങടെ താതൻ മൂലകനെങ്ങടെപാലകനെങ്ങടെ ദേശികനെങ്ങടെ മാതുലനെങ്ങടെ ശേവധികരുണാവാരിധിയെങ്ങടെ കൺമുന്നരുളിയദൈവംതായെ എങ്ങെഴനള്ളിതിരിച്ചിനിയെന്നെഴനള്ളിവരുംതുണയാരിനിയെങ്ങൾക്കെന്തിന നാടിനിയെന്തിനവീടിനിയെന്തിന ധനവുംധാന്യവുമെങ്ങടെ നിന്തിരുവടിയൊടു വേർപെട്ടുവോക്കിനിയെന്തിന ജീവിതമയ്യയ്യോ കൊടുവെള്ളപ്പടയുടെമുഷ്കിന കീഴ്‌പെട്ടുള്ളതശേഷമൊടുങ്ങിവലഞ്ഞു തളൎന്നു നിരാധാരന്മാരാമടിയങ്ങളെയിന്നവിട്ടുന്നുമിവണ്ണംനിന്തിരുവടിയേ ഹന്തവെടിഞ്ഞോ!!സഞ്ചിതഭക്ത്യനുരാഗഭരാദരവഞ്ചിനിരാശ്രയയായ്ത്തിന്നല്ലോ പൊന്നിളമത്തിരുവടിയൊരുബാലകനെന്നവിടുന്നു നിനച്ചില്ലല്ലൊ! അത്തിരുവടിയുടെ നിൎമ്മലമൂൎദ്ധ്നി പൊൽത്തിരുമുടിചൂടിച്ചില്ലല്ലോ! അത്തിരുവടികളിലീയടിയങ്ങടെ രക്ഷണഭരമേല്പിച്ചില്ലല്ലോ! ജനപദപുരവരമതുകളിലിങ്ങിനെ വഞ്ചിയിൽമുറവിളിപൊ

ങ്ങിവളൎന്നിതു. കെട്ടുകളൊക്കെയഴിഞ്ഞുപുറംവഴി ചിന്നിച്ചി തറിയ നിരവധിപുരവരതരുണീജനാലനകബരികാദംബി നികൾനിരന്നും, കദനംസഹിയാഞ്ഞരുമപ്രജകളുരസ്സിലല ച്ചീടുമിടികൾതുടൎന്നും, അഴലൊഴിയാതെ കരഞ്ഞുകലങ്ങിയ കൺകളിൽനിന്നുതിരും ചുടുബാഷ്പകണങ്ങൾകരമാരിചൊരി ഞ്ഞും പടമന്ന ഹന്ത ദുരന്തനിരന്തരദുഃഖിതസന്തതിവഞ്ചി യിൽവന്നിടപെട്ടമഹാവഷ്ത്തുവതെന്നിനിയൊഴിവതു ഹരി ഹരിഭഗവൻ:—

"കല്പാന്തംവരെ വാഴ്ക വാഴ്ക നൃവരൻ
മൂലൎക്ഷ"നെന്നാൎത്ഥവ-
ന്നല്പാളും കവിസൂക്തിയിന്നു സഫലം
ഹാ! വഞ്ചിഭൂനായികെ!!
തൽപാഥഃപ്രളയത്തിൽമുങ്ങിനിവരെ
തപൽകണ്ടസൂത്രം മഹീ-
കല്പാനോകഹമല്ലി ഹന്ത!ശിവനേ! പൊയ്-
പ്പോയതെന്നോയ്ക്കുമായ്!! 31

കേണന്ധീഭൂതഹൃത്തായഴലൊടു തലത-
ല്ലുന്ന ലക്ഷോപലക്ഷം
പ്രാണസ്നേഹംപെടും തൻ സുതരൊടുമൊരുമി
ച്ചാൎത്തയാം വഞ്ചിമാതാ

കാണക്കാണെ പ്രിയംപൂണ്ടരുളിടുമരുമ-
ച്ചിത്തിരർക്ഷൻപുരാൻ തൻ
ചേണഞ്ചും പിഞ്ചുപൊന്മാർത്തടവിരിവിലണ-
ച്ചാനനം നിശ്വസിച്ചാൾ! 32

പ്രായം കൌമാരമാത്രം, ഭരണകലകളിൽ
കൈയ്കടത്തിത്തുടന്നി,-
ല്ലായത്തം വഞ്ചിരാജ്യം ബഹുമുഖവിഷയാ-
കീർണ്ണകാര്യാർത്ഥജാതം,
ശ്രീയഞ്ചും മാതുലപ്പൊൽത്തിരുവടികൾ നമി-
ച്ചെന്നുമാജ്ഞിച്ചിട്ടും തൻ
ശ്രേയസ്സിൽ തൃപ്തിവന്നി,ല്ലിടറി തിരുവുളം
ചിത്തിരർക്ഷൻപുരാനും!! 33

കുമാരവദ്വിലസിതശക്തിയാകിലും
കുമാരനാം ഗുണനിധി ചിത്തിരർക്ഷജൻ
ക്ഷമാധിപോപ്യതിമഹതിം വ്യഥാമിമാം
ക്ഷമാവശസ്സ്വയമസഹിഷ്ടദിഷ്ടതഃ 34

ചേണാളും പ്രേമമോടൊത്തനവധിവരിഷം
നാഥനായ്വാണ മന്നിൻ-
പൂണാരം മൂലകക്ഷ്മാപതിയൊടുമൊരുമിച്ചാ-
ത്മചൈതന്യവുംപോയ്

കേണാകെത്താണമന്ദിച്ചെവിടെയുമൊരുപോൽ
ശ്രദ്ധമെ ശൂന്യമായി-
ക്കാണായ് പിറേറന്നനന്താലയനഗരി നിര-
സ്തോർമ്മിയാം കായൽപോലെ. 35

മികവൊട്ടമുയരെക്കരിംകൊടിക്കൂ-
റകം പുരവീഥികളിൽപ്പറന്നുകാണായ്,
പ്രകടകരിനിഴൽപ്പരപ്പതെന്നാ-
ണകലുവതൊന്നിനി വഞ്ചിനാട്ടിൽനിന്നും. 36

മാത്രാന്തരെ പുരിയിലന്നു പരേതനായ
ഗോത്രാപതേസ്തദനുമൂലമഹീവലാരേഃ
ഗാത്രാന്തസംസ്കൃതിയെയുന്നിയമൂകഘോഷ-
യാത്രാവിശേഷമുദഭൂൽ പരിവാരപൂർണ്ണം. 37

മഹാരാജാവായിച്ചരമഗതനാം മൂലകനെയും
മഹാരാജാവായിപ്പദമുടയ ചിത്രർക്ഷജനെയും
ഇഹാലോകിച്ചൊപ്പം തിരുവടികളിൽത്താണുതൊഴുവാൻ
സ്പൃഹാപൂർവം നാനാജനതതി നിറഞ്ഞൂ നഗരിയിൽ. 38

ഉദ്യോഗസ്ഥപ്രധാനൈർന്നിജസചിവവരൈ-
സ്സൈനികൈസ്സൈന്യനാഥൈ-
ർഭൃത്യൈരാചാര്യമുഖ്യൈസ്തദനുപരിവൃതഃ
പൌരമുഖ്യൈഃ പ്രജാഭിഃ

ദുഃഖാചാരാന്നിരസ്താഖിലതനുവിലസൽ-
ഭൂഷണൈരേകവസ്ത്രൈ-
സ്സദ്യഃ ശ്രീചിത്തിരർക്ഷൻ തിരുവടിരനയ-
ന്മാതുലസ്യാന്ത്യയാത്രാം. 39

പാരം ക്രന്തലഴിഞ്ഞുലഞ്ഞു ശവമ-
ഞ്ചത്തെച്ചുഴന്നുച്ചകൈ-
സ്സോരസ്താഡവിലാപമെത്തിയ വധൂ
വർഗ്ഗത്തിനഗ്രേ തദാ
നീരന്ധ്രാഢ്യസിതാസിതാഭ്രവിചലൽ
ഖണ്ഡങ്ങൾതന്നഗ്രതോ
വാരഞ്ചുംശശിപോൽ വിളങ്ങി തിരുവാം-
ക്രൂറിൻെറ പുണ്യോദയം! 40

ഇന്ദ്രനീലനിറമായ് മിന്നത്തൊരുടയാട
ചാത്തി, വളരുന്നവാർ-
കുന്തളം പുറകിൽ വാല്യമിട്ടു ബത കെട്ടി-
വച്ച തിരുനെററിമേൽ,
ഹന്ത! തൃക്കരതലത്തിനാൽ കുശവഹിച്ചെ-
ഴുന്നരുളിടുന്നതാ
വൻതപസ്സലകുചെയ്യതിൻഫലമൊരോമ-
നക്കനെകവിഗ്രഹം. 41

ആവിഭാതസമയത്തിലമ്പൊട്ടു വിടിർന്നി-
ട്ടുന്ന നവ്യതാമര-
പ്പൂവിനുള്ള നവരാമണീയകരസം വ-
ഴിഞ്ഞൊഴുകിടുന്നപോൽ
ശ്രീവിലാസമിയലുന്നൊരാക്കനകമൂർത്തി-
യല്ലി വസുധേ, ഭവൽ-
ഭാവിഭാവുകനിദാനമായനിധി ചിത്തി-
രർക്ഷജനിതമ്പുരാൻ. 42

ഇരുവശവുമായ്ത്തിങ്ങിക്കൂട്ടും പ്രജാവലിയെക്കട-
ത്തിരുമിഴികളാൽ തൃക്കൺപാർത്തും പുരോഗവി ഭൂമിയിൽ
അരുണിമവഴിഞ്ഞേലും ചെന്താരൊളിച്ചെറുപിഞ്ചുകാൽ
കരുണകരുണംവച്ചും പൊൻതമ്പുരാനെഴുന്നള്ളിനാൻ! 43

പൊന്നമ്മാവന്റെയുൽപ്രക്രിയകളെ മുറപോൽ-
ച്ചെയ്യുതിന്നായൊരുങ്ങി-
ത്തന്നത്താൻപോന്നിവണ്ണം മൃതജഡമരുളും
പള്ളിമഞ്ചത്തിനൊപ്പം
പൊന്നംഭോജത്തുടംപിഞ്ചടിയിണയരുളി
ച്ചിത്തിരർക്ഷൻപുരാൻ ത-
ന്നാത്തെപ്പോക്കതെയ്യോ ജനതയുടെ കരാം-
ത്തട്ടു വീണ്ടും തകർന്നു! 44

തളിരൊളിമൃദുചോരപ്പിഞ്ചുതൃക്കാലിതയ്യോ!
പരമശരണരെങ്ങൾക്കേകെജീവാതുവല്ലീ!!
പരുഷദൃഷദുപാഘ്നം പാതയിൽപ്പാരമൂന്ന-
ന്നളവതിൽവരുകില്ലേ നൊമ്പലം തമ്പിരാനേ! 45

അരുതിതുമിഥകാണ്മാൻ പത്മനാഭാ ഹരെ, നി-
ന്തിരുവടിയിതു തൃക്കൺപാൎക്കുവാൻ ശക്തനെന്നൊ
കരുണകരുണമേവം വിങ്ങിവിങ്ങിപ്പറഞ്ഞാ-
പ്പെരുവഴിയിൽ നിറഞ്ഞോരൊക്കെ വാവിട്ടുകേണു. 46

സ്രവദശ്രുഷു സൎവ്വജീവലോകേ-
ഷ്വവഗന്ത്യാം പരിമൂൎഛ രാജധാന്യാം
അഥ മന്ദമണഞ്ഞു ഘോഷയാത്രാ-
ഗതിയാപ്പള്ളിയടക്കുമുക്കിലെത്തി. 47

ഗദ്യം ൩.

അവിടെനെടുമ്പുരകെട്ടിവിതാനിച്ചരുകിലണിത്തുടർത്തുക്കുവിളക്കുകൾ വരിവരിയിട്ടുകൊളുത്തി,യധോഭുവി കുത്തുവിളക്കുകൾ പത്തയ്യായിരമൊത്തുഡുവിതതികണക്കുതെളിഞ്ഞൊളിതിറവിയ വേദിയതിൽ സുഖസുരഭിലമലയജഖണ്ഡശതങ്ങൾ അടുക്കിയൊതുക്കിസ്സാമ്പ്രാണിയുമൊത്തഷ്ടസുഗന്ധമിടിച്ചുപൊടിച്ചു ഘൃതദ്രവമിതമൊടൊഴിച്ചുകുഴച്ചുതിനുപരിപരത്തിയിണക്കിയതിന്മേൽ കർപ്പൂരക്കുളിർകുന്നുകൾക്കൂട്ടി വടിച്ചുനിരപ്പുവരുത്തിയതിൽക്കസവൊളിതിളകി

ന നവനീരാളങ്ങൾവിരിച്ചുചമച്ച നരാധിപന്റെ—തിരുമൂലകന്റെ ചരമാഞ്ചിതപള്ളിശ്ശയനതലം—തൃപ്പള്ളിയടക്കിലിണങ്ങിയകട്ടവുഴന്ന പദാതികൾ നളികമുഖത്തൊടുനിജമുഖവുംബത! താഴ്ത്തിനമിച്ചണിയിട്ടിടവെ, കൊടികളുകററിയകുന്തത്തലകൾ കുനിച്ചസിലതകളൊതുക്കിയധോമുഖരായ്ക്കുതിരപ്പടചുററിനിരന്നിടവെ, ഗളതലമണികളഴിച്ചു മുഖാവരണാഭരണങ്ങളകററി മഹാമദഗജനിരയൊരുവശമണിനിന്നിടവെ, കവണികൾമാത്രമുടുത്തു നിരസ്തവിഭൂഷണമുരസികരങ്ങൾപിണച്ചും വാക്കെയ്പൊത്തിയുദശ്രുമുഖത്തൊടുമന്ത്രിയൊടൊത്തുപമന്ത്രികൾ മുതലാമുദ്യോഗസ്ഥപ്പരിഷപകച്ചണിയിട്ടിടവേ, തമ്പികളുംപലനമ്പികളും ബഹുബന്ധുനൃപാലരുമിടരൊട്ടുനെഞ്ഞിടിപൂണ്ടവിടവിടെ നിരന്നിടവേ, തൊപ്പിയെടുത്തുചെരുപ്പുകളൂരിത്തലയുംതാഴ്ത്തിയൊരേടത്താംഗലരനവധിനിന്നുമിഴിച്ചിടവെ, സവിനയബഹുമതിയരികിലണഞ്ഞധിരാജപ്രതിനിധിമുതലനവധി ബഹുമാന്യജനങ്ങൾദിവംഗതനാം നരപതിയുടെതിരുജഡപാദതലവിനറുസുമമാലകൾചാർത്തിവണങ്ങിടവേ, പ്രിയധവന്റെവിരഹാർത്തികലർന്നു ധരാനഗരീപരമംഗലദേവതയുംപ്രിയദയിതയുമഹഹ! കരഞ്ഞുകരഞ്ഞുപരം മതിമോഹമിയന്നുമയങ്ങിടവേ, കബരിയഴിച്ചുപുറംവഴിചിന്നിയുരസ്സിലടിച്ചുപുരസ്ത്രീകൾമുറവിളികൂട്ടിടവേ, "ആരിനിയാശ്രയമെങ്ങൊരുഗതിയിനിയെങ്ങടെശേവധിപോയി ഹരേ ഹാ!" തിങ്ങിനിറഞ്ഞിയലുംബഹുജനതതിയിങ്ങിനെനിന്നുകരഞ്ഞിടവേ, സമുചിതസമയസമഞ്ജസരാഗവിരാവവിശേഷം വാദകഭടർക്കുഴലൂതി

ടവേ, ചിതയുടെച്ചുഴലവുമാഹിതവഹ്നികൾ ഹവനവിധിക്കു മുതിന്നിടവേ, ദ്വിജവരതതിപലതരമറമന്ത്രശതങ്ങൾമുതി ൻറുവിട്ടിടവേ, നഗരിയിൽനിറയവെയണിമണിനിരയുടെ ഘണഘണഘോഷമുയന്നിടവേ, ബഹുജനതതിയുടെ "ഹരി ഹരിശിവശിവ"ജപമൊലിമുഖരിതമായിടവേ, അചരചര കലിതമൂലകൊട്ടഗഗനവുമതനുപകച്ചമരുന്നളവേ:—

ആരാൽ ശ്രീചിത്തിരർക്ഷൻ തിരുവടി പനിനീർ
പാലിവററിൽത്തികച്ചും
നീരാടിച്ചംഗലേപാഭരണവിഭവമോ-
ടൊത്തു പൂമാലചാത്തി
നീരാളപ്പട്ടിൽമൂടിത്തിരുജഡമതിനെ
ദ്ദേശികാനുജ്ഞയോടൊ-
ത്താരാധിച്ചാശു കട്ടപ്പുറമതിലെഴുന-
ള്ളിച്ചു ബാഷ്പാകുലാക്ഷൻ!! 48

കളധൌതദുക്കൂലമിട്ടുമൂടി
ത്തുളസിത്തണ്ടുകൾ വച്ചടുക്കി മേന്മേൽ
വളരും ചിതയിൽ സമന്ത്രകം നെ-
യ്യുളവില്ലാതെ പകന്നു ഭൂസുരന്മാർ!! 49

സാമവേദമവനീസുരപ്പരിഷ മററു
ലോകരഖിലം 'ഹരേ
രാമ'യെന്നുമുരുവിട്ടു മററുമൊരു ഭക്തി
ഗാനമുയരുംവിധൌ

ആമയം ഹൃദി വളൎന്നു മൂന്നുരു വലത്തു
വച്ചു തൊഴുതെൻപുരാ-
നോമനക്കരതലത്തിനാൽ ചിതയിലഗ്നി-
യും ബത! കൊളുത്തിനാൻ!! 50

ദഹനനു, തിരുമൂലകങ്കലേറും
പൃഥുതരഗൌരവബുദ്ധിയാൽ മടിച്ചോ
ജനതതിയുടെയശ്രുവാൽ കുതിൎന്നോ
ചിതയതിലൊട്ടിട മന്ദഭാവമാൎന്നു. 51

വിസ്മയം ഹഹ! വളൎന്നയന്നുടൻ
സസ്മയജ്വലനവൈഭവത്തൊടേ
അസ്മദീയസുകൃതത്തിടമ്പിനെ-
ബ്ഭസ്മമാക്കി ഭഗവാനുഷൎബ്ബുധൻ! 52

ഏവം പൊൻമാതുലൻതൻ ചരമവിധികളെ
ഗ്ഗോത്രധൎമ്മാനുരൂപം
ദേവൻ ശ്രീചിത്തിരൎക്ഷൻതിരുവടി വിധിവ-
ന്നിൎവ്വഹിച്ചൂഢഭാരം
താവൽത്താനസ്തരാജാത്മകരുചിയൊടിരു
ണ്ടുള്ളതാമന്തരിക്ഷം
താവും തൽപ്പട്ടണത്തിൽക്കുലഭവനമെഴു-
ന്നുള്ളിവാണാൻ തദാനീം. 53

ആയതാശയൊട്ടു കാത്തുപോന്ന നിധി പോയ
    പോലെ ഹതജീവനാഃ
ഭൂയസാ സ്വഹൃദയേഷു വിക്ലബതയാല്പ-
    ദശ്രുനയനാനനാഃ
കായവും ബഹു തളൎന്നു പള്ളിയടമുക്കിൽ
    നിന്നു നിവരെജ്ജഡ-
പ്രായരായലമിഴഞ്ഞിഴഞ്ഞഥ പിരിഞ്ഞി-
    തേ സപദി തേ ജനാഃ. 54

ചേലാൎന്നൊഴം പണികളൊക്കെന്നിവൃത്തി, നാട്ടു-
വാലായ്മയാലിരുളുമംബരമോടുകൂടി
കാലാനുകൂലവിധവോചിതവേഷവൃത്ത്യാ
മാലാൎന്നിതേ ഹഹ! വിയോഗിനി വഞ്ചിമാതാ. 55

ഹൃത്തിലേററമരുമപ്പെട്ടും പരമഭക്തിയാ-
    ൎന്നു സചിവാദ്യരോ-
രൊത്തിടപ്രഭുവരേണ്യർ, പൌരവരർ, ബാന്ധ
    വക്ഷിതിപരും തദാ
ഷിത്തിരൎക്ഷജനിബാലകൻ വലിയതമ്പു-
    രാൻെറ തിരുമുമ്പിൽ വ-
ന്നൊത്തിയത്ര സമയോചിതോപദകൾ വച്ചു
    ചേവടി വണങ്ങിനാർ. 56

സ്വീകരിച്ചിവരെയൊക്കെയും സമുചിതാദ-
രേണ, മലവെള്ളമാ-
ന്നാകവെ പൊറുതികെട്ട തൻ പ്രജകളെക്കു-
റിച്ചറിവതിന്നുതാൻ
ഹാ! കടന്നു തിരുനാവുയന്നതവിടേയ്ക്കു
ഹന്ത! ഭഗവൻ ഹരേ,
നീ കനിഞ്ഞു! വിജയിച്ചുവഞ്ചി! ജനതേ,
ഫലിച്ചു ഭവദീഹിതം!! 57

"വ്യാജമെന്നി ജനതയ്ക്കു വേണ്ടതുണ ചെയ്യു-
കാദ്യ,മഥ മാതുലൻ
രാജമൌലിയുടെയൂൎദ്ധ്വദൈഹികസമാപ്ത
കൎമ്മപരിപാടികൾ
രാജസൂയമഖവദ്വിശുദ്ധിവിഭവ-
ങ്ങളൊത്തുടനൊരുക്കുകെ"-
ന്നോജസാ സചിവനേകി കല്പന കുമാര-
നാം വലിയതമ്പുരാൻ!! 58

ഹന്ത! പൌരരൊടു "നാം ചെറുപ്പമറിവുററ-
നിങ്ങടെ സഹായമാ-
ണെൻതലച്ചുമടു തെല്ലുതാഴ്ത്തി നെടുവീപ്പി-
ടാനുതകിടേണ്ടു മെ

ചന്തമാൻ ഹൃദയം പരസ്പരമറിഞ്ഞു-
വേണ്ണമഖിലം, ശുഭം
സന്തതം ശരണമ് ശ്'നെന്നുചിതഭാവ-
ഗർമരുളീടിനാൻ!! 95

ഒരു ചെറിയകുമാരൻ മാത്രമാണെങ്കിലും നി-
ന്തിരുവടി സുധി ചിത്രർക്ഷൻെറ ശക്തിപ്രഭാവം
കരുവിലെമുളയിൽപ്പോൽ കണ്ടുഞെട്ടിത്തദാനീം
തെരുതെരെ വിനമിച്ചാരേവരും പാദതാരിൽ. 60

ചിത്രർക്ഷന്നു പരേതദേഹിയിലെഴും
ഭക്തിക്കു,മത്രാത്മനഃ
ക്ഷത്രശ്രീയുടെ നിസ്സപത്നഗതിയാം
ശക്തിക്കുമൊക്കുംവിധം
ചിത്രം ചിത്രതരം സമസ്തജനതാസ-
മൃക്സ്തുതപ്രൗഢിയാ-
മത്രയ്ക്കുൾകടമായ്നടന്നിതു പിതൃ-
ശ്രാദ്ധാദികം സർവ്വവും. 61

വിത്രസ്താശേഷജീവി വ്രജമുലകിനെഴും
കാളരാത്രിക്കുതുല്യം
പ്രത്യക്ഷപ്പെട്ടൊരാപത്തൊടു മൊരുവിധമം-
ക്കക്കെടം തള്ളിനീക്കി

ചിത്രർക്ഷൻ മാബലിപ്പോൽത്തിരുവടിയുദയം
    ചെയ്യുമോണത്തെ മുന്നി-
ട്ടെത്തി ശ്രീവഞ്ചിഭൂവിൽ ദ്യുതിവിതറി മുദാ
    വന്നു പൊൻചിങ്ങമാസം! 62

വാനാളും തിരുമൂലകന്റെ സുകുമാ-
    രാകാരലാവണ്യമോ-
ട്ടൂനാപേതഗുണൈസ്സമിദ്ധഹൃദയ-
    ശ്ചിത്രർക്ഷജൻ തമ്പുരാൻ
ആ നാൾതൊട്ടിഹ വഞ്ചിഭൂമിപതിയായ്
    ത്തന്നററസിംഹാസന-
സ്ഥാനാരോഹമഹോത്സവാത്ഥമുദഭ്ര-
    നാനാവിധോപക്രമം! 63

ഇപ്പാരിൻ പുണ്യസത്തായ് ജനിയിലിളമയായ്,
    വ്യാഴവട്ടത്തിനുള്ളിൽ
തൃപ്പാപ്പൂർ മൂപ്പിലായി,ത്തദനു തിരുവിതാം-
    കൂർമഹാരാജനായി,
തൃപ്പാണിക്കുള്ള ചെങ്കോൽ—നടയിലെയുടവാൾ
    പത്മനാഭന്റെ ചെമ്പൊൽ-
ത്തൃപ്പാദത്തിന്റെ ദാസ്യത്തിലെയുടമയൊടും
    ചിത്തിരർക്ഷൻ വഹിച്ചൂ! 64

അജനുടെയുടവാൾ വഹിച്ച ചിത്രർ-
ക്ഷജനധുനാ സുധി പത്മനാഭദാസൻ
വിജയമരുളി ശക്തിയാന്നമർത്ത്യ-
വ്രജബലശാലി വിശാഖനെന്നപോലെ. 65

ഗദ്യം 4.

അഥ സപദി പിഞ്ചുപൊൻപൈതലാണെങ്കിലും വഞ്ചിഭൂവിൻെറ മംഗല്യസൂത്രം, പ്രജാസഞ്ചയത്തിൻെറയേകാശ്രയം, മൂലകൻ തമ്പുരാൻ സഞ്ചയിച്ചുള്ള പുണ്യോൽകരം, പത്മനാഭൻെറമൂൎത്തികൃതാശീഃഫലം, ചിത്രജൻതമ്പുരാൻ വഞ്ചിസാമ്രാജ്യസമ്രാഡ്പദപ്രാപ്തിയോടഞ്ചിടും സ്വൎണ്ണകുംഭാഭിഷേകത്തൊടെ മിന്നിടും തൻമണിപ്പൊൻകിരീടം വഹിച്ചുന്നതസ്വൎണ്ണസിംഹാസനം വാഴവാനന്നിട്ടും വാസരം വന്നണഞ്ഞിടവെ പന്നഗാധീശപുൎയ്യങ്കണം സൎവ്വതഃ സമ്മദക്ഷീരവാരാശിയാറാടിയും സന്തതാഹ്ലാദമാം ചന്ദ്രികാദ്രാവകം ചന്തമോടേ പുരണ്ടാഭകൈക്കൊള്ളുന്നലം പൌരരോടൊത്തു സാമന്തഭൂപാലരും വേദിയന്മാർ മഹാബാന്ധവന്മാർ തുടന്നെത്തിയോരോജനം തിങ്ങിവിങ്ങിപ്പുരാലംകൃതിച്ചാൎത്തുമായ് എങ്ങുമെങ്ങുംവളൎന്നൊത്തുകോലാഹലം ചിങ്ങമാഷ്ഷോഡശാഹസ്സുപോയിടവെ!

ചേണിൽച്ചിത്രർക്ഷജൻതൻ മണിമുടിയിലണി-
ഞ്ഞീടുവാനുള്ള ഭാസ്വ-
ന്മാണിക്യപ്പൊൻകിരീടം കനകകരലസൽ
കാന്തിയിൽപ്പൊക്കി മുന്നിൽ
കാണിച്ചുന്നിദ്രശോണാംബരസുഷമയിലാ-
റാടിയും കാണ്ക വഞ്ചി-
ക്ഷോണിത്തട്ടിന്നനേക്ഷാസ്സുളരസമണവൂ
പൊന്നുഷസ്സന്ധ്യ മന്ദം!! 66

വാരഞ്ചീടുന്ന ഭാവിക്ഷണമതിലണിയെ,
ച്ചിത്തിരർക്ഷൻപുരാൻതൻ
ധീരശ്രീയായമൂർദ്ധാവതിൽ മണിമകുടം
പോലെ, ബാലാർക്കബിംബം
പാരം പൂർവ്വാദ്രിശീർഷോപരി വിലസിടവെ
പന്നഗാധീശപുര്യ്യാ-
സ്സാരസ്യശ്രീവിലാസോദയകലവികളെ-
ന്തെല്ലമെ ചൊല്ലവല്ലേ! 67

ഇത്ഥംകാരം പുരത്തിൽബ്ബഹളമുയരവേ,
പത്മനാഭാലയത്തിൽ
ശുദ്ധാന്മാർ സപ്തതിവ്യർഷികൾ മഹിമയെഴ-
ന്നാഗ്നിഹോത്രിദ്വിജന്മാർ

ബദ്ധശ്രദ്ധം പുരാണശ്രുതിപരമഭിഷേ-
കാത്ഥകമ്മങ്ങൾചെയ്തുൽ-
ബുദ്ധബ്രഹ്മപ്രകാശം ഭുവി ദിവിവളരും-
മട്ടു വത്തിച്ചിരുന്നു!! 68

ആലും മാവും കുരുത്തോലകൾ പുതിയ തളിർ-
പ്പൂക്കലച്ചാത്തു മാലാ-
ജാലം നൽച്ചെങ്കരിക്കിൻകുലകൾ പലതരം
പക്വരംഭാകദംബം
ചേലുററിട്ടും സുവണ്ണാംബരമണികൾ വിതാ-
നങ്ങൾ നാനാതരം പൂ-
ണ്ടേലും മേലാപ്പുമായിബ്ബത! മതിലകവും
രമ്യമായുല്ലസിച്ചു!! 69

പൊന്നിൻതട്ടിൽത്തുളുമ്പപ്പരിമളമിളകും
നെയ്പകത്തിക്കൊളുത്തി-
ച്ചുന്നിദ്രാഭം നിരന്നങ്ങിനെയൊളിചൊരിയും
ദീപലക്ഷോപലക്ഷം
ഒന്നിച്ചേക്കുന്ന സന്മംഗളവിഭവമഹാ-
ഭവ്യദിവ്യപ്രകാശം
തന്നിൽ ശ്രീപത്മനാഭാലയമതിലകമ-
നഗ്ര്യകാന്ത്യാ വിളങ്ങി. 70

സരസതയൊടു പഞ്ചവാദ്യനാഗ-
സ്വരബഹുകാഹളശംഖനാദഭേദൈഃ
പരമപുരുഷസന്നിധാനവപ്രാം-
ബരമധുനാ മുഖരീഭവിച്ചിരുന്നു. 71

നാനാഹോമങ്ങൾ പുഷ്പാഞ്ജലികൾ മുറജപം
മന്ത്രതന്ത്രങ്ങൾ ദിവ്യ
ധ്യാനാർഹം പുണ്യതീർത്ഥോദകകലശമഹാ
കുംഭപൂജാവിധാനം
ദാനാശീഃസ്തോത്രപാരായണവിധികൾ നിറ-
ഞ്ഞശ്വമേധാദ്യപാരാഗ്ര്യ-
സ്ഥാനാർഹാനന്ദലക്ഷ്മീവിഭവമൊടു വിരാ
ജിച്ചിതാ വിഷ്ണുവാടം. 72

ഹവിർഘൃതഫലനാഷ്ടഗന്ധഹിമതോയപുഷ്പോത്ഭവം
പവിത്രസരമ്യമാകുമൊരു സൌരഭം മേൽക്കുമേൽ
സുവിപ്രവരവേദഘോഷമൊടുയന്നു വേദിക്കകം
കവിഞ്ഞു ഗഗനാങ്കണാവധി വളൻ പൊങ്ങീ ത്രിലോകം.

അതിശുഭമഭിഷേകത്തിന്നെഴും സന്മുഹൂർത്തം
പ്രതിനിമിഷമടുക്കുംതോറുമുത്സാഹപൂർവം
അതിഥികൾമുതലെത്തിച്ചേർന്നൊരാ ഹിന്ദുലോകം
മതിലകമിടതിങ്ങുംമട്ടു വന്നെത്തിനിന്നു!! 74

വാരുററംക്കൊണ്ടഭിഷേകമണ്ഡപമതിൻ
ചുററും യഥാസ്ഥാനമാ-
പ്പേരുറേറാരതിഥീന്ദ്രർ ബാന്ധവരുമാ-
സ്സാമന്തഭൂപാലരും
ഷേരും ജന്മികളും പ്രഭുക്കളുമഹോ
മാടമ്പിമാർ തമ്പുരാ-
ന്മാരും തമ്പികൾ പൌരരെന്നിവർ മുദാ
കൈയ്കെട്ടി നിന്നീടിനാർ. 75

അങ്ങിങ്ങു നാലുപുറവും മണിഗോപുരങ്ങൾ
ഞെങ്ങിക്കടന്ന ബഹുലക്ഷജനപ്രവാഹം
തിങ്ങിപ്പരന്നു വിജയാരവമോടുകൂടി
തങ്ങിത്തദാ മതിലകം മതിയായിടാതായ്. 76

വാരഞ്ചും ദീപകോടിപ്രഭയുടെ നടുവിൽ
സ്വർണ്ണരത്നപ്രകാശം
സ്ഫാരം വെട്ടിത്തിളങ്ങിച്ചിളവെയിലിള-
കുംമട്ടു കാണായിവന്നു.
സൂരൻ നേരേപടിഞ്ഞാറുദയമരുളിവ-
ന്നുജ്ജ്വലിക്കുന്നപോലെ-
ന്നേരം ശ്രീകോവിലുൾപ്പുക്കുരഗശയനമാം
പത്മനാഭസ്വരൂപം! 77

സാമംതൊട്ടുള്ള വേദദ്ധ്വനി, സനകമുഖ-
പ്രഖ്യരാമഗ്നിഹോത്രി-
സ്തോമം, ലക്ഷ്മീവിലാസം, നവഘനതുളസീ-
മാല്യസൌരഭ്യസാരം,
നാമം കീർത്തിച്ചു തിങ്ങും സുകൃതികൾ പുരുഷാ-
രങ്ങൾ, ആ ക്ഷേത്രവാടം
ശ്രീമദ്വൈകുണ്ഠസാക്ഷാന്മഹിമയൊടു വിരാ-
ജിച്ചുകാണായിതപ്പോൾ. 78

തക്കംപാർത്തണിവെടി ഭേരിയോടു്ക്കൂടി-
ട്ടിക്കെല്ലാം ഝടിതി നടുങ്ങവേ മുഴങ്ങി;
തക്കംവേണ്ടിനിയഭിഷേകലഗ്നമായെ-
ന്നൽകണ്ഠാഭരമൊടുനിന്നു കാണിലോകം. 79

ആരാദ്രാജർഷിരത്നം മനുകുലതിലകൻ
ചിത്തിരർക്ഷൻപുരാനം
നീരാടിച്ചെന്നു ദേവദ്വിജഗുരുപിതൃമാ-
താക്കളെബ്ഭക്തിപൂർവ്വം
ആരാധിച്ചഗ്രരായോക്കശനഭവനഗോ-
ഭൂമിദാനങ്ങളും ചെ-
യ്താരാജന്മംഗളോദ്യദ്വിഭവമൊടെഴുന
ള്ളത്തിനാരംഭമായി. 80

കുന്തം വാളീട്ടി ശ്ശൂലം ഘൃണി പരശ്ശു ഗദാ
ദ്യായുധൗഘങ്ങൾ കൈക്കൊ-
ണ്ടന്തസ്സോടംഗരക്ഷാപുരുഷർ, പരിജന-
സ്തോമമസ്തോകസംഖ്യം,
ചന്തത്തിൽ കൈയ്‌വിളക്കേന്തിന തരുണികളും
രണ്ടുഭാഗത്തുമായ്‌നി-
ന്നന്തർഗ്ഗേഹാൽ ക്ഷിതിക്ഷിന്മണിയുടെയെഴുന്ന-
ള്ളത്തു കാണായിതപ്പോൾ! 81

കേശഭാരപരിവേഷമായ മുഖചന്ദ്രനും,
ശ്രവണവിസ്ഫുരൽ-
പേശലദ്യുതിയുഡുക്കൾ, വൈരമണിമാല
മാറി,ലുപവീതവും,
കാശരമ്യരുചി പൊന്നണിക്കസവിയന്നാ-
രയ്യോരുടയാടയും
ശ്രീശഭക്തനിത! ചിത്തിരർക്ഷജനി വഞ്ചിഭൂ-
പരമദൈവതം!! 82

അലസാംഗിമാരുടെയുലൂലകദ്ധ്വനി-
യ്ക്കലചേർത്തു പൌരരുടെയാർപ്പുപൊങ്ങവേ
വിലസൽപ്രതാപമെഴുനള്ളി തമ്പുരാൻ
മലരൊത്തു പൂക്കൾ വരിഷിച്ചെഴും പഥാ. 83

ശാതോദരീമണിചകോരികൾ രണ്ടുപാട്ടും
കാതോളമെത്തിയ ദൃഗഞ്ചലചഞ്ചുപുഞ്ജൈഃ
ചേതോഹരം നൃവരചന്ദ്രസുധാംഗലക്ഷ്മീം
ജാതോദയാഭിനവമുററു നുകന്നുകൊണ്ടോർ. 84

മതിലകമെഴനള്ളി ശ്രീബലിപ്പന്തലിൽക്കൂ-
ടതിലഘുപദപാതം നീങ്ങിയത്യന്തഭക്ത്യാ
ശ്രുതിയുടെ പൊരുളാകും പത്മനാഭൻെറ മുമ്പിൽ
ദ്യുതിയൊട്ടു വിലസും പൊൻമണ്ഡപംപൂകി ഭൂപൻ!

"പത്മനാഭ പരദൈവമേ" പദമിവററ
രണ്ടിലളവേ മന-
സ്സത്തമാന്ന നിഖിലാത്ഥവും സപദി സംഗ്ര-
ഹിച്ചു തിരുജിഹ്വയാൽ
ഛത്രമററരുളിയാഹിതേന്ദ്രിയമ-
ദശ്രുവായ് മുകുളപാണിയായ്
പത്മനാഭനുടെ മുമ്പിൽ വീഴ്പ്പുകളടക്കി
നിന്നു നരനായകൻ! 86

ചേണയന്ന നടതന്നിലെട്ടുവയവങ്ങളും
ദൃഢമമന്നതാ
താണുവീണു ദൃഢഭക്തി കൊച്ചുതിരുമേനി-
യല്ല; വലിയേമ്പുരാൻ

കാണുമാജ്ജനതതിക്കു പോര, ഹരിപത്മനാ-
    ഭനുമൊരേവിധം
വേണുമുള്ളലിവുപൂണുമാറു ഹൃദയാപ്പ്ണം
    സപദി ചെയ്കയായ്! 47

ചാരിതാൎത്ഥ്യവികസന്മുഖാംബുരുഹമുല്ലസൽ
    പുളകമോമന
ത്താരിലല്ലികൾ വിടിൎന്ന പൂക്കുമൊരു പൊൻകടമ്പി-
    ന്നുടെ ഭംഗിയിൽ
ഭൂരിഭക്തി,യെഴുനേററുനിന്നവഹിതേന്ദ്രിയ-
    സ്തിമിതമാനസം
വാരിജാക്ഷനിലുറച്ച കൺമണികൾ, നിന്നു തെ-
    ല്ലിട ധരാധവൻ. 48

തിണ്ണമുൾക്കളിരിയന്നു വീപ്പ്പൊട്ടു വിടിൎന്നു
    നീണ്ടിടമെഴും കട-
ക്കണ്ണെറയയ്ക്കയിരുപാട്ടുമായനുഗർ നീട്ടി
    നിന്ന തളികങ്ങളിൽ
എണ്ണമററുടയ പൊൻപണങ്ങൾ കരസമ്പുടേ,
    നട കവിഞ്ഞിട്ടും-
വണ്ണമിമ്പമൊട്ടു, വാരിവാരിയിഹ കാണി-
    യിട്ടു തൊഴുതാൻ പുരാൻ. 49

പഞ്ചവാദ്യപടഹാരവം, ഘണഘണാമണി-
ധ്വനികൾ, ആൎപ്പുമാ-
യഞ്ചിവായ്ക്കുരവ ശംഖനാദമൊടു വിണ്ടലം
മുഖരമാകവെ,
ചഞ്ചദാഭമഭിഷേകമണ്ഡപതലത്തി-
ലുന്നതമഹാമഹാ-
പഞ്ചതുണ്ഡമഹിതാസനത്തിലെഴുന്നള്ളി-
നാൻ നരവരോത്തമൻ!! 90

ആവസിഷ്ഠനിഭരഗ്നിഹോത്രികൾ ചുഴന്നു
നിന്നു, തിരുമൂൎദ്ധ്നി പൊൻ-
പൂവണിഞ്ഞു, ശുഭമന്ത്രകങ്ങളുരുവി-
ട്ടു, ദീപവുമുഴിഞ്ഞലം,
ശ്രീവലംകരതലത്തിൽ വാളുമിടതിൽ
ധാരിത്രിയുമണച്ചു, ഭൂ-
ദേവപുംഗവർ വഹിക്കയായ് കലശ-
ഹേമകുംഭമുദിതോത്സവം! 91

പ്രഹതപടഹഭേരീശംഖജയ്ജയ്നിനാദ-
പ്പെരുമയൊടലർവൎഷം പെയ്തുമാൎത്തും ജനങ്ങൾ
അതിരസമിടതിങ്ങിപ്പുഷ്പശബ്ദായമാന-
സ്ഥിതിയിലവിടമെല്ലാം നിന്നിതൊട്ടേറെനേരം! 92

പ്രത്യക്ഷം ഹന്ത! കാണായ്, ക്ഷണമനുപുരത-
സ്സ്വൎണ്ണസിംഹാസനത്തിൽ
ശ്രുത്യർഹം പുണ്യതീൎത്ഥോദകമരുമയൊടാ-
റാടിയാപ്പൂവലംഗം
പ്രത്യംഗം രാജ്യലക്ഷ്മീപടുനയനകലാ
രംഗമാനന്ദലക്ഷ്മീ-
നൃത്യൽകല്ലോലമാലാപരിലസിതവപുഃ-
ശ്രീകനാമെൻപുരാനെ!! 93

ഭ്രസ്ഥാപിതാത്മപദമാമഭിഷേകമാടി-
യാസ്ഥാനവേദികയിൽനിന്നെഴുന്നേറ്റു ദേവൻ
ആസ്ഥാപരെരനുഗതെമ്മകുടം വഹിപ്പാ-
നാസ്ഥാനമണ്ഡപസഭാതലമഭ്യയാസീൽ. 94

ദണ്ഡകം 1.

ക്ഷിപ്രം ഗിരീന്ദ്രതടവപ്രാന്തകന്നിടറി നിഷ്പ്രക്രമിച്ച
പുരുഷാരം—വിജിതജലപൂരം—വഴികളിലുദാരം
മുഖരതരമിളകിമണിമുടിയണിയുമരിയസഭചുഴലെ
യിതമൊട്ടുത്ധടിതി പെരുകിയിതു പാരം. I

ആസ്ഥാനഹൎമ്മ്യവരമാസ്ഥാണുമൂൎത്തിയുടെയാസ്ഥാന
വെള്ളിമലപോലെ—രുചിവിതറി മേലേ—ബഹുച
മയലാലേ—ഛിരദരഥതുരഗഭടനിവഹപരിവൃതി
കടകം കൊടികളിവയിടകലരെ വിലസിയതുകാലേ II

മുന്നിട്ടലങ്കൃതികൾ മിന്നിസ്സദസ്സിൽ മുഴപ്പൊന്നിൻ
കസേരകൾനിരന്നു—വെളിയടകൾനീർന്നു—നവ
മൊളിപുലർന്നു—പ്രകടതരനവവിഭവരുചിരതയി
ലരിയസഭയമരവരസഭയൊടെതിരനഘലതകലർന്നു. III

കാമംതെളിഞ്ഞതിഥിസാമന്തബന്ധുനൃപരാമന്ത്രമണ്ഡപ-
മണഞ്ഞു—സ്ഥലമിടകുറഞ്ഞു—പദമനുനിറഞ്ഞു അധി
കൃതരുമനുചരരുമവരിലുപചരണവിധിയരുളുവതിനു
ചിതതരരതിയൊടു തുനിഞ്ഞു. IV

പുരവാസിനോപി മതഗുരുസൽപുരോഹിതരുമിതരേപി
മാന്യരുമിണങ്ങി—സഭയിലിടതിങ്ങി—ചിലരിടഞ്ഞെരുങ്ങി-
തന്നുചിതപദമതിലവരഖിലമവിടെയൊരുവിധ-
മരിയസഭയിലിരുവശവുമിടതങ്ങി. V

ബഹളത്തിലന്നു പൊടിപടലംവളർന്നു കൊടിയിളകിപ്പറന്നു
നടമാടി-ബഹുകലവിക്രൂഢി-സഭമഹിമതേടി-പ്രഹതപടു
പടഹരവമണിവെടികളൊടു നഗരി ഗഗനതലമൊളിയ
രുളിനിവരെ വിളയാടി!! VI

ചേലേറും സാർവഭൗമപ്രതിനിധിയെഴുതും
നീട്ടു വായിച്ചു, പിന്നെ
ച്ചാലേ റീജൻസി കൈക്കൊണ്ടരുളിയഥ മഹാ-
രാജ്ഞി ഭൂഭാരമാർന്നു!

കാലേ തസ്മിൻ സഭായാമുദയശിഖരിതൻ-
    നേർക്ക് ബാലാർക്കബിംബം
പോലേ, വഞ്ചീന്ദ്രമൌലിക്കഭിമുഖമണയെ-
    പ്പൊങ്ങി പൊന്നിൻകിരീടം. 95

പ്രഹതപടഹഭേരീശംഖജയ്‌ജയ്‌നിനാദ-
ത്തൊടു വെടികൾ മുഴങ്ങി പൂമഴച്ചാർത്തിണങ്ങി
പ്രമദമഹിമതിങ്ങിദ്ബുദ്ധപുഷ്പായമാന-
സ്ഥിതിയിലിഹ വിളങ്ങി വേദിയൊട്ടേറെനേരം! 96

വെൺകൊററക്കുടചൂടി, മൌലിയിൽ മണി-
    ത്തങ്കക്കിരീടത്തൊടും,
തങ്കപ്പട്ടണിമെയ്യുടുപ്പുകളുമായ്,
    വീയിച്ചു വെഞ്ചാമരം,
അങ്കത്തിങ്കൽ നവോഢയാകുമവനി-
    ലക്ഷ്മീവിലാസത്തൊടൊ-
ത്തെൻകണ്ണേ ഹഹ! കാൺക വേദികയിൽ നിൻ
    ചിത്രർക്ഷപുണ്യോൽകരം!! 97

ദണ്ഡകം 2.

I സ്നേഹാർദ്രഭക്തിഭരഹാഹാരവംപൂണ്ടവരമാഹാത്മ്യമാം പ്രജ-
കൾകണ്ടൂ—മദമൊട്ടുമുരണ്ടൂ—ഹൃദയമൊളികൊണ്ടൂ-
നിജഭവ്യകഫലമഖിലമരുളുമയമതുലഭുജ ബലസഹിത
നിതി മനസി കരുതി നടകൊണ്ടൂ.

II ചേലോലുമിപ്പുതുമയാലോലവാർത്തയൊട്ടുമാലോക-
രൊക്കെയുമറിഞ്ഞൂ—അവരവർപറഞ്ഞൂ—ധരണി
യിൽനിറഞ്ഞൂ—വലിയതിരുവടിയമൃതകിരണനുടെച
രമഗതി വിതറുമഴലിരുളിനുടെ കഠിനതകുറഞ്ഞൂ

III ബാലാരുണൻെറ.മുഗ്ദ്ധലോലാഭ ദിഗചലയവേലാന്തര-
ത്തിൽനിഴലിച്ചൂ—പറവകൾനദിച്ചൂ— ഉദയമറിയി
ച്ചൂ—ജനഹൃദയമുഖനയനസരസിരുഹനിവഹമതി
ലൊളിവിതറി വിതറി നവദിനകരനുദിച്ചൂ.

IV നൂനംപഴേനിലയിലൂനംപെടാതെ ബത!യാനംതുടങ്ങി
ധരവഞ്ചീ—നവസുഷമതഞ്ചീ—കളിരൊളിയൊടഞ്ചീ
ഗതിവിഗതികളിലതനു ചൊടിയിളകിയഭിരമണ വര
വരണമനു സുദതിരിവ ധരണി കൊഞ്ചീ.

ഗദ്യം 5.

ഹര ഹര! ശിവ ശിവ! സുകൃതമഹൊ പുരുസുകൃതം! മതി മതി! തിരുവടി വയസി കുമാരകനാകിലുമിതമൊട്ട മനസി ച സുകൃതികുമാരൻ, മതി മതി! ദൈവമലിഞ്ഞിതു, വഞ്ചിജയിച്ചു, ജനങ്ങൾ കൃതാൎത്ഥരഹൊ! ബഹുഭാഗ്യം! വരുമിനിയഭിനവരുചിരപരിഷ്കൃതഭരണമിളാപതി ചിത്തിരജൻതുടരും ക്ഷിതിതലമിതിലനവരതം നടമാട്ടമുദഞ്ചിത ഭവുകഫലങ്ങൾ! നമുക്കിനിയഭിനവശാസ്ത്രകലാവിഭവങ്ങടെ കഴിവുകളരുളുമശേഷസുഖാനുഭവങ്ങൾ ദിനംപ്രതിവരുമിനി! അഖിലസമൃദ്ധിയൊടും നറുപുകളൊളിയാം പാലം

ബുധിനട്ടവെ പൊന്നുംതിരുവടി ചിത്തിരജൻനിജവഞ്ചിയെ
യമരമിണക്കി നയിച്ചലമുണ്ണിക്കുണ്ണൻ ദാരകപോലിയുല
കിടമമരുലകാക്കിട്ടമുതവിയകലവികൾ കൺകളിലുടനടി
കാണണമാപ്പദപങ്കജയുഗളി ജയിക്കണമെങ്ങടെ സങ്കട
മഖിലവുമകലണമെങ്ങടെ മിഴിയിണസഫലതപൂകണമെ
ങ്ങടെ ജനിചരിതാൎത്ഥമതാവണമിങ്ങിനെ പകലിരവനുപദ
മുയരുമുദഗ്രമഹാഗ്രഹമൊട്ട ജനവിതതിവിനാഴികതാണ്ടിക്ക
ഴിയെ; ഹരഹരശിവശിവ! ചിത്രമിതെന്തതിചിത്രതരം ശ്രുതി
യിണയിലണഞ്ഞതുവിഷമയവചനം!! ജനപദപുരജനപരി
വൃഢരനവധി പദഭുവി വീണു കരഞ്ഞുഴറീടില്ല,മിതമൊട്ട
സചിവനുമുപസചിവരുമനുപദമടിയിണ തൊഴുതൎത്ഥിച്ചീ
ടില്ല,മമ്പിനൊടെ ബഹുവമ്പിയലും ഗുരുവരരനവധിഗുണ
ദോഷിച്ചീടില്ല, മകതളിരിടറിയണഞ്ഞുപണിഞ്ഞടിമലരി
ണപുണരലൊടവനിയിരന്നു കരഞ്ഞുഴറീടില്ല.മപഗതധര
ണീഭരണസമുൽസുകഹൃദയമിളാപതികിമപിനിഗ്രഢം മന
സിവഹൻ ജനനീസഹജാദ്യുഗുരുദ്രോഹപരിമിതപരിജനപ
രികരവിഭവമകന്നാൽ ഉരഗവരാഭിധപുരിയൊട്ട വഞ്ചിധരാ
മപി കദനപയോധിയിലാക്കിവിഹായവിദൂരെ, വിദ്യാഭ്യാസ
ഫലമൊട്ടദിനമനവദ്യാഭിഖ്യപുലന്നുളും പരിപാവനഗോ
ദാവരിയാംനദിയാൽ പരിവൃതനരവരനിവസനപുരിയായ്
പ്രകൃതിമനോഹരകാനനഗിരിവാതടിനീസരസീസൈകത
പദയാം മഹിഷപുരേശപരധരണിതലംപ്രതി യഹിവരശയ
നപദാംബുജദാസൻ ചിത്രർക്ഷൻ തിരുവടിയെഴുനള്ളിയതെ
ത്രവിചിത്രവിലാസവിശേഷം!!

ആജന്മാനന്ദലക്ഷ്മീം പരമസുചരിതാം
അത്ര മാതൃഷ്ടപസാരം
റീജൻറാക്കി പ്രജാപാലനവിധികൾ സമ-
ർപ്പിച്ചിരുന്നെങ്കിലും താൻ
രാജശ്രീ ബാലരാമപ്രഭുവിനുടെ വിയോ-
ഗത്തിൽ വേണാടലം നി-
ർവ്യാജക്ലേശാർത്തിയാർന്നൂ പുരജനതയുമായ്
പണ്ടയോദ്ധ്യാപുരംപോൽ! 98

ആഴംകൂട്ടുന്ന ഭാഗ്യഗ്രഹപതി പതിനൊ-
ന്നാമിടത്തിന്നു വീണ്ടും
വ്യാഴം വക്രിച്ചു പത്തിൽഗ്ഗതിയരുളിയപോ-
ലാഹിതക്ലേശഭാരം,
പാഴറവുകൾക്കൊണ്ടോരോമൽപ്രിയനകലെയെഴു-
ന്നള്ളവെ വഞ്ചിമാതാ-
വൂഴം കാണാതെ കേണാള,രഹര! ദുരിതം
തീരുകില്ലെന്നതാണോ!! 99

അമ്മേ ശ്രീവഞ്ചിഭൂവേ, കദനമരു,തിനി-
ബ്ഭാവിഭാഗ്യപ്രദീപം
നിന്മേലമ്പോട്ടു തേയ്ക്കും കരിനിഴലുക-
ളാണീയനിഷ്ടങ്ങളെല്ലാം;

ചെമ്മേ കാലം പ്രതീക്ഷിച്ചരുളുക, ജഗതാം
ധർമ്മമുദ്ധൃത്യ ലക്ഷ്മീം
സമ്മേളിപ്പിക്കുമങ്ങിൽത്തിരുവടിയചിരാൽ
ചിത്തിരർക്ഷൻ പുരാൻ മെ. 100

അത്യാനന്ദേന മൈസൂർക്ഷിതിപതി തിരുവാം
ക്രൂർമഹാരാജലക്ഷ്മി-
ക്കത്യാനന്ദത്തിടമ്പായ് നറുമൊഴി ചിതറും
ചിത്തിരത്തമ്പുരാനെ
ഭൃത്യാമാത്യാത്മസജ്ജീകൃതവിഭവമൊടും
സ്വീകരിച്ചാത്മപുര്യാം
പ്രത്യാശിച്ചാശു കൈയ്‌വന്നൊരു നിധിവ-
ദുപാസിച്ചു വാഴിച്ചുകൊണ്ടാൻ! 101

അഹരഹരിഹ മൈസൂർബ്‌ഭൂമിപാലന്റെ സമ്യക്-
സഹകരണമൊടൊപ്പം വഞ്ചിഭൂമീമണാളൻ
സ്പൃഹയൊടഥ തുടർന്നു ജ്ഞാനവിജ്ഞാനവിദ്യാ-
വിഹരണവിധി തത്തദ്ദേശികാഗ്ര്യോപദിഷ്ടം. 102

പുതുപുകളൊളിച്ചാത്താമൈസൂരിനും തദധീശനും,
ചതുരത വഴിഞ്ഞേററം വഞ്ചീശിതുർഹൃദയത്തിനും,
അതുലതരമാം ഭാഗ്യം വേണാട്ടിനും നൃപശിക്ഷണ-
കൃതുവതിലുദാരാഭം ഭംഗ്യാ വളന്നു ദിനേ ദിനേ. 103

അഭവൽ കോപി ദിക്കാല
ദ്വിവിധജ്ഞാനപണ്ഡിതഃ
ചിത്രർക്ഷസ്യാവനീജിഷ്ണോ
രാജ്യതന്ത്രേഷു ദേശികഃ 104

ആ മാന്യനാം ഗുരുവിൽനിന്നിഹ രാജ്യതന്ത്ര-
മീമാംസ രണ്ടുവിധവും ശരിയായ്പഠിച്ചും
ക്ഷേമാർഹമാം ഭരണരീതികൾ കണ്ടറിഞ്ഞും
ധീമാനവദ്ധ്യയദസൌ ഗുരവേ പ്രമോദം. 105

ആമന്ദം രാജ്യമോരോന്നിലുമരചനെഴ-
ന്നള്ളിയാചാര്യനൊത്തു-
ദ്ദാമശ്രീഭൂമിപന്മാരുടെ ഭരണകലാ-
രീതി കണ്ടും പഠിച്ചും
ആ മന്നിൻനാഥരത്യത്ഭുതകുതുകഭരം
ചെയ്ത സൽക്കാരമേറ്റും
കാമം ശ്രീചിത്തിരർക്ഷൻതിരുവടിയഖിലാ-
രാദ്ധ്യനായ്വന്നു മേന്മേൽ. 106

ചരിത്രപ്രഖ്യാതം പുരികൾ, പല തീർത്ഥങ്ങൾ, ഹിമവൽ-
ഗിരിപ്രാന്തം, ക്ഷേത്രം, പലപടനിലം, സ്ഥാപനഗണം
പരിഷ്കാരശ്രീതൻകലകളിവയിയിന്ത്യ മുഴവൻ
ചരിച്ചാരാഞ്ഞുദ്യൽകുതുകമെഴുന്നള്ളി നരവരൻ!! 107

നാനാഭാഷകൾ ഭൂഷണങ്ങൾ ദിനച-
ര്യാചാരകർമ്മങ്ങളും
നാനാവൃത്തികൾ ശിക്ഷണങ്ങൾ നരർതൻ
നാനാസ്വഭാവങ്ങളും
താനാരാഞ്ഞഭിവന്ദ്യനാം ഗുരുവുമായ്
ഇന്ത്യാമഹിക്കുള്ളെഴും
നാനാർത്ഥങ്ങൾ സമഗ്രമായ്ത്തിരുമന-
ക്കാമ്പിൽദ്ധരിച്ചൂ നൃപൻ! 108

പുരാതനാധുനാതനസംസ്കൃതിപ്രകാരഭേദവും
ചിരാദുപാത്തമിന്ത്യതൻ പരാശ്രയാനുഭൂതിയും
വരാവതാം ഭവിഷ്യദർത്ഥജാതവും സ്വശിഷ്യനാം
നരാധിനാഥനോടു വിസ്തരിച്ചുരച്ചു ദേശികൻ! 109

ബംബാഭൂവിൻെറ കർമ്മക്ഷമത, യുരതകം
വംഗഭൂസ്സ്വാഭിമാനം,
വമ്പായ് മാറാട്ട ധീരസ്ഥിരഗതി, രജപു-
ത്രാർയ്യസംസ്കാരവീര്യം,
അൻപാളും കേരളത്തിൻ ലഘുശുചിവിഭവാ-
ഡംബരം ജീവിതംതൊ-
ട്ടമ്പാ!! ശ്രീഭാരതത്തിൻമഹിമകൾ പലതെൻ
തമ്പുരാനിൽ തിളങ്ങി! 110

ശ്രീകാഭോഗം വളൎന്നങ്ങിനെയനുദിവസം
ശുക്ലപക്ഷത്തിലെശ്ശു-
ദ്ധാകാശംപോൽ വിരിഞ്ഞൂ തിരുവുള,മവിടെ
ത്തങ്ങി മിന്നിത്തിളങ്ങീ
രാകാചന്ദ്രൻകണക്കെത്തിരുഹൃദയ,മതിൽ
ച്ചുററുമായ് പ്രസ്ഫുരത്താ-
മാകാരംപൂണ്ടു വിദ്യാകലവികളൊളിചി-
ന്നുന്ന താരങ്ങൾപോലെ. 111

സദയമവനിപങ്കൽജ്ജന്മനാ ചേൎന്നു, രാജ്യ
പദമനുപരിവേഷവ്യഗ്രതാമാവഹന്ത്യാ
സദരഭരമിദാനീം യൌവരാജ്യശ്രിയാ തൽ-
പദമകരുത സമ്യക് സുഗ്രഹേ വിഗ്രഹേഽപി. 112

വിളങ്ങീ പൊൻചെന്താമരമലരൊളിപ്പൊൽത്തിരുമുഖം,
വളൎന്നു തൽഗാത്രം കനകകദളീകാണ്ഡസുഭഗം,
വളൎത്തൂകൈയ്യ് രണ്ടും ഭുവനതലഭാരോദ്വഹനനിഷ്-
കളപ്രാജ്യോജസ്സാൎന്നുളി തിരുവക്ഷസ്സ്തടമൊട്ടും. 113

കാമൻ കാണും ജനാനാം, ഭുവനതലപരി-
ത്രാണദാക്ഷ്യത്തിലാശ്രീ-
രാമൻ, സദ്വൃത്തനുദ്യൽകുവലയപരമാ-
നന്ദസന്ദായി സോമൻ;

ഈരമട്ടോരോ കലാംശദ്യുതിയഭിനവതാ-
　　　　രുണ്യലാവണ്യലക്ഷ്മീ-
ശ്രീമൽപ്രേമക്കടക്കൺനറുകുളിരൊളിയാ-
　　　　ന്നെന്നുരാനുല്ലസിച്ചു. 114

ലോകാവസാനപരമാവധി മിന്നി ലോകാ-
ലോകാചലോപരി തെളിഞ്ഞുലകത്തിനെന്നും
ഏതാഭയേകുമൊരു പൊന്നുകെടാവിളക്കായ്
ഭൃകാമുകന്റെ തിരുമെയ് സുതരാം വിളങ്ങി. 115

ഗദ്യം 5.

അനുദിനമസദൃശമഹിമതകും മനുവംശമഹത്തമകലശപയോധിയിലുദിതകലാനിധിയുലകിനുശേവധി പരിണതമായധിഭവമൊളിവിതറി വിളങ്ങിടുമഞ്ചിതവഞ്ചിമഹീമഹിളാഗളമംഗളസൂത്രം ജഗതിപവിത്രം സുമനോമിത്രം പുരുശുഭചിത്രർക്ഷമഹശ്ചിത്രതരാകൃതി സമധിഗതാഖിലവിമലകലാഗുണപൂർണ്ണിമയാർന്നധിയൌവ്വനരാജ്യമഹാസിംഹാസനമടിയരുളി, കൃതകമനകളേബരസുഷമാമൃതരസകലശമുഖാദഭിഷേകമണിഞ്ഞുതെളിഞ്ഞുവിളങ്ങിയതറിയുവരറിയുവരഹരഹരകമതിലതിമഹദാദരകൌതുകഭക്തിപരായണഭാവമൊടും പലനൃപതികുമാരകുമാരികളും, പ്രഭുവരരു,മമാത്യനരർഷഭരും, പലരഭിനവധാരണിഭരണകലാസുവിശാരദരാകിയ ഭരണധുരന്ധരരഭിമതരഭിനവശാസ്ത്രനിരീക്ഷകരു,ന

പമധിഷണാവൈഭവശാലികൾ വേദവനാന്തവിഹാരികൾ, കാവ്യസുമോപവനാന്തവിലാസികൾ, ആത്മബ്രഹ്മനഭഃസ്ഥലചാരികൾ, ജനപദപുരവരനേതൃവരേണ്യർ, മഹത്തുകൾ വംഗർ, കലിംഗർ, മറാട്ടികൾ, കോസലരം,ഗമഹാവനിവാസികൾ, സിന്ധുർ, പഞ്ചാബികൾ,രജപുത്രരിംഭമർ മാളവർ, മഗധർ, മഹാഗുജറാട്ടികൾ,പാണ്ഡ്യർ, തെലുങ്കർ,മഹമ്മദ,രാം,ഗല രാദിമഹാന്മാരഹമഹമികയാവന്നു യഥാവിധി, വഞ്ചിതടത്തിൽമുളച്ചു മുതിന്നൊളിയഞ്ചിയകേരളമാകെവളന്നഥ വഞ്ചിതഭാവുകഭാരതഭൂവിനഭഞ്ചിതഭവ്യഫലങ്ങളതിപ്പാൻവളരും കല്പകതരുവായരുളിന തിരുവടികണ്ടുവണങ്ങി യഥാമതി കൌതുകവിസ്മയപരവശഭാവമിയന്നും സുബഹു പറഞ്ഞുപുകഴ്ത്തിപ്പിരിവതു ദിനമനുകേട്ടദിതോൽകലികാകലമിതമൊട്ട ഭാരതസമ്രാഡ്പ്രതിനിധി സവിനയഭക്തിഭരാത്ഥനചെയ്തതു സമുചിതബഹുമതിയംഗീകൃതപാ ബന്ധാദരഭരമദ്ധാ സുവിശദഹൃത്താം ഗുരുവൊടുമൊത്തു മഹേന്ദ്രപ്രസ്ഥമണഞ്ഞളവാപ്രഭൂതിലകൻ സതപരമെതിരേറവുചിതമൊരുക്കിയ സൽക്കാരങ്ങൾസമംഗീകൃത്യ സമസ്താദരവൊടുമവിടെവസിക്കെ, ചിരതരപരിചിതഭാരതപുണ്യപുരാതനരാജമഹഷ്യനുഭാവമഹഃപ്രസരിമയും, തിരുമുഖബിംബമതിങ്കലധൃഷ്യവുമഭിഗമ്യവുമായ്‌വിലസും ഭാവവു,മുക്തികൾതൻ പുരുശക്തിയു,മുരുതരയുക്തിയു,മധുനാതനഭുവനത്തിലെ വിവിധജ്ഞാനവിലാസവു,മായതദൃഷ്ടിവിശേഷവു, മവനകലാസാതിഗഹനപദാസപചീപരിണതപരിചയസുഗമതയും, സമചിത്തതയും, സ്ഥിരനിശ്ചയവും, മതജാതിവിഭേദസഹി

ഷ്ണുതയും, നിഖിലോപരി വിനയവിലാസവിശേഷവും,മിശ്രഭക്തിദൃഢീകൃതഹൃദയവും,മതിലഘുജീവിതചര്യകളും,ബഹുകണ്ടുപരിക്ഷിച്ചനുപദമരുളിയ  പരമകുതൂഹലതൃപ്തിവളന്നുലാശ്ചര്യത്തൊടു പാശ്ചാത്യോത്തമഭരണകലാപടുവില്ലിംഗ്ടൺപ്രഭു കല്യൻസമ്രാഡ്തുല്യൻ പലവുരുവാഴ്ത്തിയഥോതലതാഴ്ത്തിനമിച്ചു "ധരാഭരണം സ്വയമേല്ക്കണമെ! സ്വയമേല്ക്കണമെ! തിരുമേനിമഹാമതിവഞ്ചിധരിത്രിയെയേറെമരിച്ചരുൾകെ"ന്നനവധികുറിവിനയമൊടത്ഥിച്ചഴകൊടുബഹുവിധസൽക്കരണങ്ങൾകഴിച്ചഥ നിജബഹുപരിവാരത്തൊടുമനുഗമനംചെയ്തതിഥിയെവിരവൊടുയാത്രയയച്ചു!—

കില്ലില്ലിങ്ങനെ വഞ്ചിവാസികൾമുതൽ
ച്ചൊല്ലെഴ്‌കൊണ്ടവൈസ്രായിയാം
വില്ലിങ്ടൺപ്രഭുവോളവും ജനതയാൽ
സമ്യക്കൃതാഭ്യത്ഥനൻ
തെല്ലിന്നിക്കളയാതെകാലമവനം
കൈയേല്ക്കുകെന്നുറെറഴും
ചൊല്ലിൽ തൃപ്തിവരാതെ പാത്ഥിതവിടെ
പ്പൊൻതമ്പുരാൻ പിന്നെയും. 116

അഥാഹിതാശേഷഗുണാനുഭാവ-
സ്തഥാവിധെ ഭൂപതി കാലഘട്ടെ
പ്രഥാഹ്നി മൈസൂർനഗരെ തദന്തരുഢ-
പ്രഥാഭരം തത്ര വസിച്ചിരുന്നു. 117

ഒരിയ്ക്ക,ലല്ലൊട്ടൊരുപാതിയും പോ-
യിരിക്കണം; പട്ടണമാകമാനം
ശരിക്കു നിശ്ശബ്ദതകാത്തനക്കം
തരിമ്പുമില്ലാതെ കിടന്നിരുന്നു. 118

പ്രിയപ്പെട്ടും വെൺമുഴതിങ്കൾബിംബം
വിയത്തലേ നിന്നു തെളിഞ്ഞിരുന്നു,
അയത്നമാപ്പാലൊളിവെണ്ണിലാവിൽ
സ്വയം പുരിശോഭ വളൎന്നിരുന്നു. 119

മിള്ളൽസുഖം പള്ളിയറയ്ക്കകത്തെ
വിളക്കു തെല്ലൊന്നൊളിതാണിരുന്നു;
വളക്വാടങ്ങളിലിട്ട സാക്ഷാ-
യിളക്കമെന്യേ ദൃഢമായിരുന്നു. 120

നനുത്തവെൺപട്ടണിമെത്തമേൽ ഭൂ-
ധവൻ സുഖംപൂണ്ടു കിടന്നിരുന്നു;
ശരന്നദീസൈകതമാൎന്നു പഞ്ചാ-
നനൻ കിടക്കുന്നതുപോലിരുന്നു. 121

നിറന്ന തൃക്കണ്ണിണ പാതിയോളം
മറഞ്ഞു നിശ്ചഞ്ചലമായിരുന്നു,
നിറഞ്ഞ നാനാനിനവാൎന്നു പള്ളി-
ക്കുറുപ്പമാന്തിക്കുകയായിരുന്നു. 122

മുറയ്ക്കു പള്ളിത്തവണയ്ക്കു വാൾക്കാർ
പുറത്തു ജോറായ് നിലകൊണ്ടിരുന്നു;
നിറച്ചതോക്കേന്തിയ യോധർ ഗാട്ടി-
ട്ടുറക്കിളച്ചങ്ങിനെ നിന്നിരുന്നു. 123

ഒരുത്തി — തൻഭർത്തൃവിയോഗദുഃഖം
വരുത്തിടും ക്ലാന്തി മുഖത്തിയന്നോൾ
നിരുത്സവം; പള്ളിയറയ്ക്കകത്തേ-
യ്ക്കൊരുത്തി വന്നാൾ — ഒരുകേരളസ്ത്രീ. 124

അടഞ്ഞകൺപോള തുറന്നു, തെല്ലൊ-
ന്നിരിപ്പുറപ്പിച്ചരചൻ സ്വമഞ്ചെ,
പരിസ്ഫുരൽഗൌരവ,മാസ്ഥയെന്ന്യേ
ശരിക്കു കല്പിച്ചരുൾചെയ്തിതേവം. 125

"ആരാം ശുഭേ, മത്സവിധത്തിലെന്തി-
ന്നീരാവിൽ നീയെങ്ങിനെ വന്നുചേർന്നു?
ഘോരാർത്തിയെന്തെ,ന്റെ മനസ്സധർമ്മ-
മോരാത്തതെന്നോർത്തു, പറഞ്ഞുകൊൾക" 126

ക്ഷണത്തിലാബ്ഭാമിനി കൂപ്പുകൈമൊ-
ട്ടണച്ചു ശിഷ്ടേ, മണികുട്ടിമത്തിൽ,
വണക്കമായ്, മുട്ടുകൾകുത്തിനിന്നൊ-
ട്ടുണർത്തിനാൾ ഭൂപനൊടിപ്രകാരം. 127

“പ്രാണനാഥ, പരിപാഹിമാം മദവലംബ-
മായ പരദൈവമെ,
രീണസർവ്വസുഖയാകുമെന്നിലവിടുന്നാ-
ലിഞ്ഞു പുലരേണമെ!!
ക്ഷീണശക്തിയിഹ ദുഃഖഴൽത്തണലിൽ വീണു-
കേണുഴറിടുന്ന ഞാ-
നാണനന്തപുരരാജധാനി, മമ പൂർവ്വ-
പുണ്യപരിപാകമെ! 128

മാസമല്ല വരിഷങ്ങളെത്ര വളരെക്ക-
ഴിഞ്ഞിതു ഭവദ്വിയോ-
ഗാസഹിഷ്ണുതയിലാർത്തയായ് പരമനാഥ-
യായുഴറിടുന്നു ഞാൻ;
ഭാസമാനതരുണാരുണാംബുരുഹലോഭ-
നീയകമനീയതാ-
വാസമായ ഭവദീയചാരുചരണദ്വ-
യം ബത! തലോടുവാൻ. 129

ഹേതുവെന്തിവളിലീവിധം തിരുവുളം പരാ-
ങ്മുഖതയേലുവാ,-
നേതുമൊട്ടറിവതില്ല ഞാൻ പിഴകൾ ചെയ്ക-
തായൊരുവിധത്തിലും;

ഓൎത്തുവാനരുതു രാജ്യദുഃസ്ഥിതികൾ, മാമ-
കപ്രജകൾ "തമ്പുരാ-
ന്നേതു ദിക്കിലവിടേയ്ക്കു പോകവയ"മെന്നി-
രന്നു കഴിയുന്നിതെ. 130

"പൊന്നുചേവടികളെങ്ങൾതൻ പ്രിയപിതാവെ-
ഴുന്നരുളിയെങ്ങുവാ-
നെന്നു വീണ്ടുമെഴുന്നള്ളുമംബ വസുധേ", പ്ര-
ജൗഘമിതികേഴവെ,
"ഇന്നു നാളെ"യിതി ചൊന്നുചൊന്നു വിഷമിച്ചു,
വഞ്ചി ഭവദാഗമ-
ത്തിന്നുവേണ്ടിയുപവാസമായ് ഭജതി
പത്മനാഭപദപങ്കജം. 131

"നോക്കിനമ്പിളിയുദിച്ചപോലെയെഴുന്നള്ളി-
ട്ടുന്നഹഹ തമ്പുരാൻ!
നേക്കിതാവരുവി"നെന്നുടൻ ജയജയാര-
വങ്ങളൊട്ടുക്കൂടവെ
പേക്കിനാവുകളിലോമനപ്രജകൾ ആൎത്തു
കേട്ടു ധരവഞ്ചിയാൾ
നോക്കിനോക്കി നയനാശ്രുധാര ബത വാൎത്തു
വാൎത്തു കരയുന്നിതെ! 132

സമ്പദുന്മുഖി, പരിഷ്കൃതിപ്രവണ, ഭക്തി-
മൽപ്രജ, ഭവൽത്തിരു-
പ്പൊൻപദത്തിലനുരക്ത, സൽപ്രകൃതിരാമ-
ണീയകവിലാസിനീ
ഇമ്പമേവമിയലുന്ന വഞ്ചി യുവശക്തി
വൈദുഷികളിൽ പരം
വമ്പനാകുമവിടേയ്ക്കു പാരമനുരൂപ-
യല്ലി കരുണാനിധേ? 133

എന്തിനേറെ, മുഴതിങ്കൾബിംബമൊടു വേർപി-
രിഞ്ഞിരുളകത്തലം
മുന്തിടും രജനിപോൽ സമസ്തജനഗർഹ-
ണീയരുചിയായി ഞാൻ;
പൊന്തിരുപ്പദമഖണ്ഡബാലരവിബിംബ-
മായുദയമേലുവാൻ
പിന്തിരിക്ക കനിവോടനന്തപുരരാജ-
ധാനിയിവളിൽ പ്രഭോ!! 134

ഞാനിവണ്ണമവിഷഹ്യമാം കദനവഹ്നി-
യേററുരുകിയാലു"മെ-
ന്ധാനി"യായ്‌വരികയല്ലേ ചെയ്യതളിമാനി-
യാകിയ മമ പ്രഭോ!

മാന്നിതൻ സ്വകുലദൈവമായ വിളു പത്മ-
നാഭപെരുമാൾക്കെഴും
ശ്രീനിദേശവചനം തദാജ്ഞയൊടു വന്ന-
ഞൊന്നിനിയുണർത്തിടാം. 135

"കാലമോ കലിമുഴുത്തധർമ്മമണിയിട്ടു
ഹിംസ്രപരിഷൽക്കൊട്ടും-
കോലമായുലകു; വത്സ ഹേ, മനുകുലോത്ത-
മോത്തമവതംസമെ;
കാലതാമസമലം, സ്വരാജ്യഭരണം തുട-
ർന്നു തന്നതായ ചെ-
ങ്കോലണച്ചു പുനരുദ്ധരിച്ചരുൾക ധർമ്മ-
മസ്തു ഭവതേ ശുഭം." 136

പടിമയൊടുമുരച്ചീവാക്യമഹ്നായ മിന്നൽ-
ക്കൊടിയുടെവടിവാസ്ത്രീരത്നമെങ്ങോ മറഞ്ഞു.
ഝടിതി ശയനമഞ്ചംവിട്ടെഴുന്നേററു ഭൂപൻ
ത്രുടിതമതി, നമിച്ചാൻ പത്മനാഭാംഘ്രിപത്മം 137

"എന്താണേതാണിതു കഥ! ഹരേ
പത്മനാഭപ്രഭോ, ത്വ-
ച്ചിന്താശക്തിപ്രഭവമഖിലം, പാഹി
മാ"മെന്നിവണ്ണം

സ്വന്താമോഘപ്രതിഭയിലുറപ്പിച്ചു
കല്പിച്ചു ഭൂമീ-
യന്താനേതും ശയനമഗമദ്രാത്രി-
ശേഷം സജോഷം. 138

മഞ്ചംപൂകി ക്ഷണാൽത്തൻ മനസി പെരുകിടും
ചിന്തയോരോന്നൊതുക്കി
ത്തഞ്ചത്തിൽത്തൃക്കടക്കണ്ണുകൾ പകുതിയട-
ഞ്ഞില്ലതിൻമുമ്പു വീണ്ടും
ചെഞ്ചെമ്മേ കാണുമാറായൊരു രുചിപടലം,
"പോകപോകപ്പ, നേതും
നെഞ്ചംവാടാതെ, പാലിച്ചരുളുക കുലധൎ-
മ്മത്തെ"യെന്നാശു കേൾക്കായ്. 139

ഒന്നഞ്ചിത്തൃക്കടക്കണ്ണിണ ഝടിതി തുറ-
ന്നീടവേ, ഹന്ത! കാണായ്
പൊന്നമ്മാവന്റെ—മൂലംതിരുവടിയുടെയാ-
നിർമ്മലാത്മസ്വരൂപം;
മന്നൻ ചാടിപ്പിടഞ്ഞോരടിമുടിപുളകം
പൂണ്ടഹോ ഭക്തിബാഷ്പ-
ക്ലിന്നപ്പൂമേനി, പൊന്മാതുലനടിമലരിൽ
ത്താണുവീണാനമിച്ചാൻ!! 140

"എന്നപ്പൻ പോവുകസ്സൽകുലസമുചിതമാം
    ധൎമ്മരക്ഷയ്ക്കു, നീണാൾ
ഉന്നമ്രം വാഴ്ചയും തെ ജയവുമരുളിടും
    നാഥനാം പത്മനാഭൻ"
എന്നഞ്ചിക്കേട്ടു വീണ്ടും ധൃതപുളകമെഴ-
    ന്നോററു നോക്കീടവെ ഹാ!
സുന്നം സൎവ്വത്ര, ചിന്താകുലതയൊടു നൃപൻ
    പോക്കിനാൻ ബാക്കിനേരം. 141

ദണ്ഡകം ൩

ഏണാങ്കബിംബമൊളിതാണാപതിച്ചുദയശോണാഭ
പൂൎവ്വദിശിപൊങ്ങി — ഉഡുവിതതിമങ്ങി — മണിയൊ
ലിമുഴങ്ങി — ശുകനിവഹപടഹശതരവമുഖരമരിയ
പുര,മലർത്തിയിലിനിയ പുതുമണമൊടുവിളങ്ങി. 1

പള്ളിക്കുറപ്പൊഴിയെയുള്ളിൽപ്രിയത്തൊടെഴുനള്ളി-
പ്പുറത്തുനരപാലൻ — ധരയിലനുകൂലൻ — പുരഗമന
ലോലൻ — ഗുരുജനനിസഹജരനുചരിവരൊ-
ടരിയനിജപുരഗമനനിനവരുളി കമനതരശീലൻ. 2

തന്നാതിഥേയനൊടുചെന്നാത്മനിൎഗ്ഗമനസന്നാഹകാൎയ്യ-
മറിയിച്ചു — പരമതിശയിച്ചു — വ്യഥയനുഭവിച്ചു — മഹി
ഷപുരനൃപനു തനതതിഥിയുടെ വിരഹമതികഠിനതര
കദനകരമിതികരളപകച്ചു 3

കാത്തോത്ത് തന്നാതിഥിയാത്രോത്സവായനരഗോത്രാരി
കല്പനകൊടുത്തു—പുരിയണിയലൊത്തു—സുഷമ-
കളുതിർത്തു—രഥതുരഗഗജവിവിധബലസഹിതമവ-
നിപതി സചിവമുഖപരിജനമൊടതിഥിയൊടടുത്തു. 4

ആരാജകീയപടഹാരാവഘോഷമൊടു മാരാൽജനങ്ങ-
ളുതറിഞ്ഞു—വഴികളിൽനിറഞ്ഞു—നഗരിയിലണഞ്ഞു—
ഉരഗവരനഗരനരവരകമനമുഖകമലദരിശനസദഭി-
ലഷിതമകമതിൽ വഴിഞ്ഞു— 5

വമ്പാൻകമ്പടിയിലമ്പാരിയാനയുടെ മുമ്പാതിഥേയനതു-
മിറങ്ങി—പടഹമൊടിണങ്ങി—അണിവെടിമുഴങ്ങി—
ഒരുപുതിയമണികനകരുചിരരഥമതിലതിഥിനൃപതി
ജനവിതതിയുടെനടുവതിൽവിളങ്ങി. 6

"ജയധർമ്മരാജ, ജയകുലശേഖരപ്പെരുമാറ്റംജയിക്ക
ചിരകാലം" – ജനത സുമജാലം—വിതറിയനുവേലം
സതതമിതിജയവിളികളുയരെയനുഗമനപഥി കളിർ
പവനനരുളി ശുഭശകുനമനുകൂലം! 7

മുന്നിട്ടന്നനുയാത്രയായി മഹിഷക്ഷോണി-
ധവൻ വഞ്ചിരാ-
ട്ടൊന്നിച്ചെത്തിയകമ്പടിപ്പടയുമായന്യോ-
ന്യമേതാവുമൊത്ത

തന്നിൽത്തന്നിലെഴുന്ന ഭക്തിബഹുമാ-
നാനന്ദഭാവോക്തിഭി-
സ്സന്നിത്യസ്മരണാർഹരായൊരുവിധം
തമ്മിൽ പിരിഞ്ഞീടിനാർ. 142

അതിരുവരെയകമ്പടിയ്ക്കു മൈസൂർ-
ക്ഷിതിപനയച്ചൊരു സേനയോടുകൂടി
പ്രതിനഗരമണഞ്ഞു വിശ്രമിച്ചാ-
സ്സുധിയെഴുന്നള്ളി നൃപർഷി ചിത്തിരർക്ഷൻ. 143

അരുളിയതിരകംപുക്കെന്നതൊന്നല്ലഹോ നി-
ന്തിരുവടി മയിസൂർവിട്ടന്നുതൊട്ടുള്ളതെല്ലാം
തെരുതെരെ വരുമോരോകമ്പിമൂലം ധരിച്ചു
വിരുതൊടു തിരുവാംകൂർപൌരരാബാലവൃദ്ധം. 144

അങ്കോപവിഷ്ടനവയൌവ്വനലക്ഷ്മിയായ്പ്പോൽ-
ച്ചെങ്കോൽവഹിപ്പതിനു പൊന്തിരുമേനിയാരാൽ
ചെങ്കോട്ടയാമതിരിലെത്തുവതിന്നുമുന്നേ
വിൺകോമളദ്യുതികലർന്നു വിളങ്ങി രാജ്യം. 145

നാടത്രയും പരമഹർഷമണച്ചു ഗോപ-
വാടത്തിൽനിന്നു ഭഗവാൻ മധുരാപുരിക്കായ്
കേടറ്റെഴുന്നരുളി വന്നളവാപ്പുരം വ-
ന്നോടത്ര പൂണ്ട പുതുമോടികലർന്നു രാജ്യം. 146

ആരാജദത്ഥ,മപദാനജയപ്രശംസാ-
സാരാങ്കിതങ്ങൾ കൊടി,മാലകൾ, തോരണങ്ങൾ
വാരാൻ പൊൻതിരുമനസ്സെഴുന്നള്ളിയെത്തു-
മാരാജവീഥികളിലൊക്കെയലങ്കരിച്ചു. 147

സ്വന്തംപിതാവിലധികം പ്രിയമുള്ളിലേറും
പൊൻതമ്പുരാൻ തിരുമനസ്സെഴുന്നള്ളിടുന്നു
ചന്തമ്പെടും സുദിനമാട്ടിനമംബ വഞ്ചി-
യ്ക്കന്തർബഹിശ്ച പരമോത്സവമായിരുന്നു. 148

സാനന്ദം വന്നെഴുന്നള്ളിന തിരുവടിയെ
സ്വീകരിച്ചാദരിപ്പാൻ
വാനഞ്ചും രാജപാതയ്ക്കുരുകിരുവശവും
പൂവണിപ്പന്തൽകെട്ടി
പീനശ്രീ നെയ്‌വിളക്കും നിറപറകളുമാ-
യഷ്ടമംഗല്യവും വ-
ച്ചൂനംകൂടാതെ തൻതൻനടകളിൽ നിലയായ്
പൌരരും പൌരിമാരും. 149

അണിവെടികൾ മുഴങ്ങി, ഹന്ത! ഭൃഗ-
ന്മണി തിരുവഞ്ചിയിലൂന്നി പാദപത്മം!!
കണിശുഭ,മെഴുന്നള്ളിടും ക്ഷണം ക-
ണ്മണികൾ തുറന്നിഹ കണ്ടു തൃപ്തരാവാം. 150

ക്രമത്തൊട്ടു വളൎന്ന വായ്ക്കുരവയാൎപ്പുമേളങ്ങളും
സുമങ്ങളുതിരുന്നപാതയിൽ വരും രഥാഭ്യന്തരേ
സുമന്ദഹസിതാസ്യബിംബമഹഹ! കാണ്ക കണ്ണേ! സ്വയം
സുമംഗളരവേണപൊങ്ങിയിതു കൂപ്പുകൈയ്മൊട്ടുകൾ. 151

സ്ഫീതാനനസ്മിതമിയന്നഭിവന്ദ്യയായ
മാതാവുമാത്മസഹജാതരുമായ് രഥത്തിൽ
ഹാ! താണുകൂപ്പിയ ജനാവലിയിൽ കടാക്ഷ-
പാതാമൃതം ബത! തളിച്ചെഴുനള്ളി ദേവൻ!! 152

"ജയതു ജയതു ചിത്രാഭൂമിപോത്തംസമെന്നും,
ജയതു നൃവരവംശം; വഞ്ചിമാതെ! ജയം തേ"
സ്വയമിതുവിധമാൎത്താൎത്താജ്ജനൗഘം തദാ പൊൻ-
മയരഥമനുപോകുന്തോറുമേ പിന്തുടൎന്നു. 153

വ്രജകുലമണിക്കൊപ്പം പൊൻതമ്പുരാന്റെ മഹസ്സിലാ
വ്രജക,ളവർതൻ ഭക്ത്യുൽകൎഷത്തിലാത്തിരുമേനിയും
നിജനിജമഹാഭാഗ്യം വാഴ്ത്തിപ്പുരസ്സരതൃപ്തിയിൽ
സ്സുജവമമിതാനന്ദം ഭ്രരാഢഗാൽ സ്വപുരിവരം. 154

നൂനം നിദാഘസമയഗ്ലപിതാന്തരംഗോ-
ദ്യാനത്തിലമ്പൊടു വസന്തമണഞ്ഞപോലെ,
പീനം ഘനാന്ധതമസാവൃതവാരിരാശി-
സ്ഥാനത്തുയൎന്ന ശരദിന്ദുവുദിച്ചപോലെ, 155

കേണാൎത്തയാകിയ സതിക്കു വിയുക്തനാം സ്വ-
പ്രാണാധിനാഥനരികിൽ ബത! വന്നപോലെ;
ക്ഷീണാൎത്ഥയാമൊരു കുടുംബിനിയാൾക്കു കൊണ്ടു
ചേണാൎന്ന നല്ല നിധി കൈക്കലണഞ്ഞപോലെ, 156

തൂണച്ചുമാം തലയിലേററി വൃഥാ ചുമന്നു
കാണും വിളക്കിലൊളിനാളമണഞ്ഞപോലെ
കേണററുകാത്തൊരതിസുന്ദരസുപ്തമെയ്യിൽ
പൂണും പുലൎന്ന നവജാഗരശക്തിപോലെ 157

മാനിച്ചകം തിരുവനന്തപുരാഖ്യരാജ-
ധാനിക്കു ചേതനയുമുത്സവവും വിശേഷാൽ
ആ നിസ്തുലാത്മപതിതൻ പുനരാഗമത്തിൽ
തേനിൽ കവിഞ്ഞ രുചിയിൽ പ്രകടീകരിച്ചു!! 158

ആ മാന്യകോസലധരാവലയത്തിലാ ശ്രീ-
രാമാഗമത്തിലുളവായ മഹാമഹം താൻ
ഭൂമാവിയന്നു വരവഞ്ചിയിലന്നു ബാല-
രാമാഗമത്തിലിരവും പകലും വളൎന്നു. 159

ചിത്താഹ്ലാദം വിളങ്ങീ പ്രജകളിലഖിലം,
രാജ്യമാകെത്തിളങ്ങീ,
ഉദ്യോഗസ്ഥൎക്കിണങ്ങീ ചൊടി, ഖലജനത-
യ്ക്കുള്ളു പൊള്ളിത്തുടങ്ങീ,

സദ്യോ വാഴ്ച്ചയ്ക്കൊരുങ്ങി, നൃവരകുലമതിൽ
പ്പൂർവ്വബന്ധുക്കൾ തിങ്ങി,
വിദ്യോതൽകീർത്തിപൊങ്ങി, സകലജനതയും
വന്നു തൃക്കാൽവണങ്ങി!! 160

ആദരാത്തദനമാതൃസോദരസമേതനായ്
സപരിവാരനായ്
മോദമോടു നഗരപ്രദക്ഷിണവിധിയ്ക്കെ-
ഴുന്നരുളി തമ്പുരാൻ;
ശ്രീദനായ് സകലദൈവമായ വിട്ടപത്മ-
നാഭനുടെ പൊൽത്തിരു-
പ്പാദപത്മയുഗളം വണങ്ങിയതുലാത്മ-
തുഷ്ടിയുമിയന്നിതേ!! 161

മുറ്റാതങ്ങെത്തി മന്ത്രിപ്രമുഖരധികൃതന്മാർ
മുറയ്ക്കുന്നു "പട്ടം
കൊട്ടാരം" പുക്ക വഞ്ചിക്ഷിതിയുടെ പരദൈ-
വത്തെ വന്ദിച്ചുനിന്നാർ;
ഒട്ടാരാൽ തൃക്കടക്കണ്ണരുളിയുചിതമാ-
യാദരിച്ചാജ്ജനത്തെ
പ്പട്ടാളംമേനി ദേവൻ വിടയരുളിയവ-
ർക്കത്ര വിശ്രാമമാർന്നാൻ!! 162

ചിന്നും ഭക്തിത്തികവൊടുപദാമുദപഹന്തോ മഹാന്തോ
വന്നും പോയും ദിനമനുമഹാപൌരസാമന്തമുഖ്യർ
ചൊന്നും കേട്ടും നിജധരയിലെ ക്ഷേമവൃത്താന്തമെല്ലാം
തന്നൂറാംക്കൊമ്പിൽ ക്ഷിതിപതിധരിച്ചൂഢമോദം വസിച്ചു!!

രണ്ടാംഭാഗം സമാപ്തം.



ശ്രീ

# ചിത്രാഭിഷേകം ചമ്പൂ.

## മൂന്നാം ഭാഗം.

ധമ്മം നേക്ദ്ധരിക്കാനിനിയവതരണം
    വഞ്ചിരാജാന്വയത്തിൽ
ശമ്മത്തിന്നൊത്തുചെയ്യാമിതി കലശ-
    പയോരാശിമുത്സൃജ്യ നൂനം
കമ്മശ്രീഭ്രുവനന്താലയനഗരിയിതിൽ
    പ്പോന്നു പള്ളിക്കുരുപ്പാം
നമ്മത്താൽബ്ഭക്തരക്ഷാവിഹൃതിയരുളിടും
    പത്മനാഭം ഭജേഥാഃ!! 1

മുന്നം ശ്രീവഞ്ചിധമ്മോദ്ധാരണമരുളുവാൻ
    ശങ്കരാചായ്യരേപ്പോ-
ലിന്നസ്സൽ ചിത്തിരർക്ഷൻ തിരുവടിയെ മുദാ-
    ഭ്രുതലേ ജാതനാക്കി
മന്നഞ്ചും വഞ്ചിരാജേശ്വരി സുകൃതിനിയാം
    പാവ്വതീഭായിറാണി-
യ്പൊന്നമ്മത്തമ്പുരാൻതൻ പദകമലയുഗം
    ഭക്തിപൂവ്വം തൊഴുന്നേൻ. 2

കാതാവല്ലെൻപ്രമോദം സഭയിലയിസഖെ,
കണ്ടനേരം ഭവന്തം
പ്രീതാശം രാജ്യഭാരോദ്വഹനമൊടരുമ-
പ്പുത്രനാം ചിത്തിരർക്ഷൻ
ശ്രീതാവും സ്യന്ദനത്തിൽപ്പദവിയൊടെഴുന്ന-
ള്ളുന്നതാലോക്യ നൂനം
മാതാ പൊൻതമ്പുരാട്ടിയ്ക്കകതളിരിൽവള-
ൎന്നുള്ളഹൎഷം കണക്കെ!! 3

ചിലദിനമിഹ വിശ്രമിച്ചു ദേവൻ
ഭരണകലാഗുരുണാനുനീയമാനൻ
പടുമതി നിജരാഷ്ട്രകൂടകത്തിൻ
നില പരിശോധനചെയ്യുവാനൊരുങ്ങി. 4

സർക്കാരിൻചട്ടമൊപ്പിച്ചുതള്ള തുറ ഭരി-
ക്കുന്ന മേധാവിവർഗ്ഗം
റിക്കാട്ടെല്ലാം ശരിക്കങ്ങിടുന്ന ഝടിതി തയ്യാർ
ചെയ്തു സന്നദ്ധരായി
തൃക്കാലൂന്നും മുഹൂർത്തം നിമിഷമനു തദാ
കാത്തുകാത്താവസിച്ചാ-
രക്കാലം, ഭക്തിശങ്കാഭയപരവശരായ്
സ്വസ്വകാര്യാന്തരേഷു. 5

വരാതമെഴുന്നള്ളിവന്നതതുകക്ഷ്യയെപ്പററി നീ-
ർരാദരദരേണ ഭൂപനരുൾചെയ്ത ചോദ്യങ്ങളിൽ
ഒരാള്ളമുടനുത്തരത്തിനു തരപ്പെട്ടം യുക്തി കൈയ്-
വരാത്തവിധമുൾപ്പകപ്പിൽ വിഷമിച്ചു മേധാവികൾ 6

ഓരോകക്ഷ്യകൾ തന്നവസ്ഥകളും,മാ-
മേധാവികൾക്കള്ളതാ-
മോരോ പ്രാപ്തികളും, ശരിക്കശരികൾ-
ണ്ടോരോന്നിനും തക്കപോൽ
ധീരോദാത്തനിളാധവൻെറ മുഖഭാ-
വത്തിൻപ്രഭേദങ്ങള-
ന്നോരോ ചിത്തവികാരമേകി നിഭൃതം
മേധാവികൾക്കൊക്കെയും. 7

തിരുമുഖമതിൽവന്ന മന്ദഹാസം
കരുതിയൊരാൾ നിജ ചാരിതാത്ഥ്യമായി;
ഒരു ചെറുതലയാട്ടമന്യനോത്താൻ
പെരുമയിതിൽപ്പരമില്ല വേറെയെന്നായ്. 8

പുരികലതയിലാന്ന കോട്ടമന്യ-
ന്നെരിപൊരിയായ് ജനിധൂമകേതുപോലെ;
ഒരു തിരുവദനത്തുടുപ്പ് വേറി-
ട്ടൊരുവനു ദാവകൃശാനുവായ് ഭവിച്ചു. 9

പരന്ന 'ശരി' ഒരൊററവാക്കതെന്തോ
പരമസുധാകലശാഭിഷേകമായി;
വിരസതയൊടൊരൊററനോക്കൊരാൾക്കാ-
നരനിടിവാളതുതന്നെയായിരുന്നു. 10

അരുമയൊടൊരു ഹസ്തദാനമയ്യോ!
പുരുഷനവൻ പുരുഹൂതനായ്‌കഴിഞ്ഞൂ!
വിരുതൊട്ടു തുറയൊക്കെയിവിധം നി-
ന്തിരുവടി കണ്ടെഴുന്നള്ളിനാനതന്ദ്രം. 11

കലവിയൊടഥ വഞ്ചിക്കുള്ളിലെ ക്ഷേത്രതീർത്ഥ-
സ്ഥലമതുകൾ തൃക്കൺപാർത്തു താലൂക്കുതോറും
നലമതിയെഴുന്നള്ളീ രാശിചക്രത്തിലോരോ
നിലയിലുമണയും ശ്രീഭാനുമാനെക്കണക്കെ. 12

മുട്ടാതിങ്ങനെവന്നു മാതൃസഹജാ-
ചാര്യൈസ്സമേതസ്തുടി-
ത്തപിട്ടാളും തന്ന ചിത്തിരർക്ഷനവനീ-
പാലൈകചൂഡാമണിഃ
ഒട്ടാരാൽ പ്രജകൾക്കശേഷമമിതാ-
നന്ദത്തൊടാലപ്പുഴ-
ക്കൊട്ടാരത്തിൽ വസിച്ചു; പൌരരവിടെ
കൊണ്ടാടിനാരുത്സവം. 13

പാൎത്തലം മുഴുവനിങ്ങനെ ചുററി-
പ്പാൎത്തലം പടുതമൻ നരദേവൻ
ചേൎത്തലയ്ക്കുമെഴുനള്ളിടുമെന്നാ-
യോൎത്തണഞ്ഞിതവിടെത്തഹശിൽദാർ. 14

“പോരില്ല ചേൎത്തലയിലീവഴി വെയ്ക്കു”മെന്നു
നേരിട്ടറിഞ്ഞളവിലാബ്ഭരണാധികാരി
പാരിച്ചതാപമൊടു ചേൎത്തല വന്നു പൌര-
ന്മാരിൽ പ്രമാണികളൊടോതി യഥാൎത്ഥമെല്ലാം 15

“എന്തിപ്പറഞ്ഞതെഴുനള്ളൽ കരപ്പുറത്തെ-
ച്ചിന്തിപ്പതില്ലി,തുവഴിക്കു വരില്ലയെന്നോ!
എന്തിന്നു പിന്നിവിടെ വാഴ്‌വതു നമ്മളും ഹാ!
ചിന്തിക്കുവിൻ വരുവിനെ”ന്നു മുതിൎന്നു പൌരർ. 16

ആറാത്തസങ്കടമൊടന്നവരൊത്തു നാല-
ഞ്ചാറാൾ കരപ്പുറമഹീതലമൌക്തികങ്ങൾ
ക്രൂരാളുമങ്ങു തിരുമുമ്പിലണഞ്ഞു കണ്ണീ-
രാറാടിനിന്നു തൊഴുകൈയൊടുണൎത്തിയേവം. 17

“കണ്ണിനുത്സവമണച്ചെഴുന്നരുളിവന്ന
പൊന്നുപരദൈവമേ,
നണ്ണിയാലരുതിയററിയന്നൊരടിയങ്ങൾ
തൻ പരമഭാഗ്യമേ,

വിണ്ണിലും വളരൊളിക്കതിർക്കലപര-
ത്തിടും ഭുവനദീപമേ,
വെണ്ണിലാപ്പൂകളൊടീത്തിരുപ്പദയുഗം
ജയിച്ച പുലരേണമേ!' 18

ജീവിതത്തിലിതരാനപേക്ഷമടിയങ്ങൾ
നേർന്നുള്ളമീപ്പദ-
പ്പൂവിലെന്നിയിനിയെങ്ങുവാനഴലുണ-
ർത്തിടേണ്ടതിവരെന്നുമെ!
ഈവിധം ബത! കരപ്പുറത്തെ വിഗണിച്ചു
ഭക്തരടിയങ്ങളെ
ബ്ഭാവിയാതെ ഹതഭാഗ്യരാക്കി വെടി-
യൊല്ല ഹന്ത! കരുണാനിധേ!! 19

"ഇന്നുനാളെ വളരും, വളർന്നു, തിരുമെയ്
അതൊന്നു കണികാണുവാ-
ന്നെന്നുയോഗ"മിതി കേണുകേണു കൊതിപൂ-
ണ്ടു വത്സരമനേകമായ്
ഒന്നുപോൽ പ്രജകൾ രണ്ടുലക്ഷമിടരാർന്നു-
വാഴ്വൊരു കരപ്പുറ-
ത്തിന്നു യോഗ,മതിനില്ലയെങ്കിലഖിലാ-
ശയും ബത! ഹതം ഹതം! 20

പൊന്നുചേവടികളൊന്നുപൂണ്മതിനു ഹന്ത!
　　　　ചേർത്തലയനർഹയാ-
കുന്നുവെങ്കിലവർ വഞ്ചിനാട്ടിലഭിമാന-
　　　　മെങ്ങിനെ പുലർത്തിടും!
എന്നുമല്ലരിയനിന്തിരുച്ചരണഭക്തിയിൽ
　　　　പ്പരമഭാഗ്യരായ്
വന്നുയന്നൊരടിയങ്ങളാമഹിയിൽ വാഴ്ച-
　　　　യെങ്ങിനെ സഹിച്ചിടും!! 21

രണ്ടുലക്ഷമൊളിപൂണ്ടു വാസനതിരണ്ടു
　　　　ഭക്തിമകരന്ദമുൾ-
ക്കൊണ്ടു പൊന്തിരുമുഖാഭയേന്തിവിടി-
　　　　രേണ്ട ഹൃൽസരജങ്ങളിൽ
തണ്ടുലഞ്ഞടിയുമാറു വൻകദനമേഘ-
　　　　ബാഷ്പജലസേചനം-
കൊണ്ടു ഹാനിയരുളാതെ ചേർത്തലവഴി-
　　　　ക്കെഴുന്നരുളിടേണമേ.” 22

കേടകന്ന വരവഞ്ചിനാഥപദസേവയിൽ
　　　　ക്കൊതി മുഴുക്കയാൽ
മാടഭൂവരനെ വിട്ടൊരീബ്ഭടരണി-
　　　　പ്രസിദ്ധകളരിക്കളം

ഈടലംവളരുമീക്കരപ്പുറമഗണ്യമായ്
ത്തിരുവുളത്തിലും
കേടണച്ച ധരയെങ്കിൽ-എന്തിനടിയ-
ങ്ങളെങ്ങിനെയുണത്തിടും!! 23

നാശിതാഘരുചി രാജഭക്തിയലതല്ലി-
ട്ടുന്നൊരു പയഃപയോ-
രാശിപോൽ, ഹൃദയശ്ശുദ്ധിതൻ ധവളകാന്തി
ചിന്തിയ പരപ്പുപോൽ
വീശി വെണ്മ ദിവി, വഞ്ചിമാതിനുടെ വെന്നി-
വെൺകൊടിയൊടൊപ്പമാ-
ശ്രീശിവംകരി കരപ്പുറംജനനിതൻ
മഹസ്സു വളരുന്നതും, 24

തപിട്ടിയന്നരിയ കൊച്ചി"യാലനദി"യി-
പ്പുരങ്ങളിലെ വൻപണ-
പ്പെട്ടി കാല്ക്കുമതുപോൽത്തലയ്ക്കുമന-
ഘോപധാനനികരോപമം
കെട്ടിവച്ചു, നവപഞ്ചസാരമണൽവെ-
ണ്ണിലാവൊളിവളന്നവെൺ-
പട്ടുമെത്തയതിലംബ ചേർത്തല പുകൾപ്പ-
രപ്പൊടു ശയിപ്പതും, 25

കായലും കടലുമാദരത്തോടിരുഭാഗ-
വും നിജതിരക്കര-
ത്തോയബിന്ദുമണിമൌക്തികങ്ങളെയണച്ച-
ണഞ്ഞു തടവുന്നതും,
ആയതാഭമണിയിട്ടുനിന്നു ജനനിയ്ക്കു
കേരനിരി ശതള-
ഛായചേൎത്തു കരചാമരാവലികൾ വീശി-
യിമ്പമരുളുന്നതും, 26

ശൎമ്മദായിനി കരപ്പുറം ജനനിതൻ വെ-
ളുത്ത തിരുമാറതിൽ
ചെമ്മണഞ്ഞു വിലസുന്ന ചെന്നളിനമാല-
യൊത്ത നെട്ടവീഥിയിൽ
സമ്മദത്തോടു മുരണ്ടുകൊണ്ടളികൾപോൽപ്പ-
റന്നു കിഴമേൽ മുതി-
ൎന്നമ്മതൻമഹിമ നാടുനീളെ വിളയിച്ചു
കാറുകൾ ചരിപ്പതും, 27

ചാരുശാരദനിശീഥിനീഷു നടുവിണ്ണിൽ
നിന്നു മുഴതിങ്കൾതൻ
വാരുതിൻ്റ നറുവെണ്ണിലാവൊഴുകിവീണു
ചേൎത്തല മഹീതലം

ചേരുമാ രുചിരപഞ്ചസാരമണൽവെണ്മ-
വീശിയുമവണ്ണ്ന്ന്രമാ-
യോരു സൽപ്രകൃതിരാമണീയകത വാഴ്ത്തു-
വാനരുതനന്തനും!! 28

ഏത്തുകൊണ്ടുമഭിമാനനീയവിഭവപ്രജാ-
പ്രകൃതിരമ്യമായ്,
കാതുകൺകരളിവററയിൽ സഹൃദയർക്കും
കുളിരണപ്പതായ്,
ശ്രീ ഉലോം വളരുമീക്കരപ്പുറമഗണ്യ-
മാം തിരുവുളത്തിലെ-
ന്നോതുമെന്നു മടിയങ്ങൾതൻ പഴമനസ്സ-
റിഞ്ഞ കഥയല്ലതാൻ! 29

കാത്തുകൊൾക കരുണാനിധേ! ചരണഭക്ത-
രിൽത്തിരുവുളം പരം
ചേർത്തു ചേവടികൾ ചേർത്തലയ്ക്കുമെഴനല്ലു-
മാരു ഭവുകാസ്പദം”.
പേർത്തുമിങ്ങിനെയുണർത്തിനിന്നു ദയനീയ-
ദൃഷ്ടിയൊടു കണ്ണുനീർ
വാർത്തുവാർത്തു തിരുമുമ്പിലാപ്പുരുഷർ ദണ്ഡ-
വൽ പ്രണിപതിച്ചിതേ!! 30

"മതിമതി പരിതാപം, നാം വരും ചേർത്തല"യ്ക്കെ-
ന്നതിമധുരഗഭീരം വാചമാകർണ്ണയന്തഃ
രതിയൊടുമെഴുന്നേററാപ്പൌരർ തൃപ്പാദഭ്രൂവിൽ,
കൃതികൾ, തൊഴുതു ഹർഷാദുത്തരംഗാന്തരംഗം. 31

സന്താപാശ്രുപ്രവാഹം ദ്രുതമഥ പരിതോ-
ഷാശ്രുവായ്ത്തീൻറു, പാരം
ചിന്താക്ലാന്തം മുഖത്തെക്കരിന്നിഴലഭിമാ-
നാവലേപത്തുട്ടപ്പായ്,
സ്വാന്താശാവല്ലിപൂത്താപ്രകൃതിമധുരിമ-
ശ്രീയൊടാച്ചേർത്തലക്കാർ
ചെന്താർപ്പാദങ്ങൾകുപ്പിപ്പുനരപി വിടവാ-
ങ്ങിച്ചു തൻനാട്ടു പുക്കാർ!! 32

സരഭസമവർ ചേർത്തലയ്ക്കുചെന്നാ-
വരവെതിരേററിടുന്ന പൌരരോടായ്
"തിരുവടിയെഴുന്നള്ളു"മെന്നുണർത്തി;
പുരമതിരമ്പലൊടുത്സവം വളർത്തി!! 33

ഗദ്യം 1.

അഥ ബത സുകൃതിനി സുഗുണിനി ശുഭജനി ജനനി-
കരപ്പുറമൊന്നുതെളിഞ്ഞു * തിരുവടിമലരിണപുണരുമൊര

സുലഭപദവിയിലുടമയൊടൊന്നുതെളിഞ്ഞു *അവിരളനവ
സുഖപരിമളരുചിയൊടു വിവരമതഖിലരുമുടനെയറിഞ്ഞു *
ജനിഫലമവനവനതകിയനിലയിലൊരനഘമുദംബുധികര
കൾകവിഞ്ഞു * ഗുണനിധിബലിയുടെ വരവിലുമൊരുശത
ഗുണമൊളിയൊടു നവചൊടിയിടതിങ്ങി * പുരവരസരണി
കൾ ചമയലിലഭിനവകലവികളൊടുജനനികരമിറങ്ങി *
ആലപ്പുഴമുതലിതമൊടുചേർത്തലയേലും പന്തിരുനാഴികനീ
ളം * നലരുചിയൊടുപുരവരമതിനകമിഹ വിലസിനപെ
രുവഴിയമ്പലമോളം * ഇഹഭുവിമരുവിനബഹുജനതതിയു
ടെ മഹിതമതികളിലെയൃജ്ജുതകണക്കെ * വളവൊടുതിരി
വുകളഖിലമുകലെയതിവളരൊളിവിലസിയ സരണിമുഴ
ക്കെ * കരളൊടുമിഴിയിണകവരുമഴകിലതിസുരഭിലതര
മലർമാലകളാലെ * ചടുലരുചിയുതക്കമുചിതമുയരമൊടു
നെടുനെടുപന്തൽചമച്ചിഹചാലെ * കുട കൊടി തഴ നവുത
ളിരിലമലരിവയിടയിടെനിറയെയിതത്തൊടുചാർത്തി * അ
ടിയിലെയരുണിമവിലസിന സരണിയിലതിസിതനവമ
ണൽ നിറയെനിരത്തി * അതിലതിപരിമൃദുശബളവസന
തതി പരിചൊടുനടുവിൽവിരിച്ചഴകേകി * പ്രതിനവവിക
സിത സുരഭിലകുസുമവിതതിയതിലുഡുഗണരുചിയൊടുതൂ
കി * തിരുവടിപുണരണമിതിപഥി പെരുകിയ ഹൃദയപര
മ്പരപോലവമിന്നി * പലനിറമുതവിയ പരിമൃദുതുകിലണി
കമുകുകളിരുവരിത്തുണകളുന്നി * കൊടികനിനവമലർകുല
പലതവകളിലടിമുതൽമുടിവരെ വിരവൊടുതൂക്കി * ചിര
കൃതജനശതസുകൃതനിവഹഫലമരചചരണയുഗ സമുചിത

മാക്കീ * വെളുവെളെവിലസിന മണലിനനെട്ടവതിലലമഴ കൊഴകിയപെരുവഴിചാലെ * വിരുതൊട്ടുവിലസിയിതതിസു ഖമൊഴുകുമൊരമൃതകം സുഷമാനദിപോലെ * കലവി യൊടതിസിതസികതയിൽനിവരവെ വിലസിനനെടുമഴവി ല്ലതുപോലെ * സുമഹിതഗുണനിധിധരണിജനനിയുടെ ക മനാഹൃദന്തരനാളികപോലെ * ഇരുവശമവരവരുടെപടി കളിലണിവിരുതഹമഹമികയൊട്ടുമിടകൂട്ടി * സുമഫലകിസ ലയവിഭവകലിതബഹുചമയലിലഭിനവമോടികൾകാട്ടി * നിറപറദശസുമകലശശുഭകണികൾ നിറയെനിരത്തി വിള ക്കുകൊളുത്തി * വനിതകൾനിജശിശുനിരയൊട്ട നിജനിജ സദനശരീരവിശുദ്ധിവരുത്തി * കനകമണീവസനകമന മണിയലൊട്ട വഴിയിരുവശവുമണഞ്ഞുനിരന്നു * അലകൾ പെരുകിയിരുവശവുമൊരു മനുജജലനിധിതുരുതുരെവന്നുപ രന്നു * ധരയുടെഗളതലമണി നരവരമണിതിരുവടിയുടെ യെഴുനള്ളലട്ടത്തു * ജനതതി നിജനിജഹൃദയമുഖനയനവ നരുഹവിതതിയെ വിരയെവിടുർത്തു * പ്രതിപദശശിയുടെ കലയുടെദരിശനരതിയവരുടെ വളർമിഴികളിലൂർന്നു * ത ലകളിൽമുകുളിതകരതലപുടമൊട്ട നിലകളിൽവഴതിവല ഞ്ഞവർനിന്നു * ഉടമയിലസിലതനളികമിവകളൊട്ട ഭട രിരുവശമണിയിട്ടുനിരന്നു * രക്ഷികളവരുടെജനശതനിയ മനശിക്ഷണനയപരിപാടികൾതെററീ * തിരുവടിയുടെമ ണിരഥമതിനൊരുവഴിയരുളുവതിനു കഴിയാതവർച്ചുററീ * അളവതിലകലെയൊരനിവെടിയുടെ രവമതുലമിരമ്പിവി യത്തിൽമുഴങ്ങി * കലവികളൊട്ടുമുടനിളകിയജനമയജല

ധിയതിളകിമറിഞ്ഞുപുഴങ്ങി * പ്രഹതപടഹമൊട്ടുകുരവ കൾ ജയവിളിബഹളമിരമ്പിയിരമ്പിയുയർന്നു * ഭൃശതരപ രിമളകുസുമനികരമിരുവശവുമമന്നവർ വാരിയെറിഞ്ഞു * ജയജയവിളിയൊട്ടുമുയരെവിയതി കരമുകുളപടലിയളവെ ന്നിനിറഞ്ഞു *

കാണായപ്പോ,ളരികിലണയെ
ക്ഷോഭമെല്ലാമടങ്ങി
ച്ചേർണാന്നാരാൽജ്ജനതയകലും
പാതയിൽത്തെല്ലു ദൂരെ
വേണ്ടാളും പ്രജകൾ സുചിരം
ചെയ്ത പുണ്യോൽകരത്തിൻ
കാണായ്‌വന്നോരനഘഫലമൾ-
ക്കൊള്ളുമാസ്യന്ദനാഗ്ര്യം! 34

കണ്ടാത്തിരമ്പിയ ജനങ്ങളുയത്തിട്ടും കൈയ്-
ത്തണ്ടാർക്കുടങ്ങൾ തണലേകി നിരന്നു നീളെ
കൊണ്ടാട്ടമാക്കമെനവീഥിയിലാമണിപ്പൊൽ-
ച്ചെണ്ടാം നൃപാനപയരഥം വരവായി മന്ദം!! 35

ആനന്ദഭക്തിമയബാഷ്പമധൂളിയാം ഹൂൽ-
സൂനങ്ങൾ ചേർത്തലയിലുള്ളവ രണ്ടുലക്ഷം
നൂനം പൊഴിഞ്ഞകമിയന്നതുമൂലമാവാം
യാനം ക്രമാദ്രഥവരത്തിനു മന്ദമായി!! 36

ചെന്താരൊളിത്തെളിരഥത്തിനകത്തു മാതൃ-
സന്താനവല്ലിയുടെ പൂങ്കുലതൻനടുക്കായ്
സ്വന്താനുജാതകലികാവൃതനായ് വിടിന്ന
പൊൻതാരുപോലെ തിരുമേനി സമുല്ലസിച്ചു!. 37

ഓമൽപ്രജാനിവഹസഞ്ചിതപൂർവ്വപുണ്യ-
ധാമപ്രകാശമെഴുമാ മുഖചന്ദ്രബിംബം
ഈ മട്ടു ചേർത്തലെയുദിച്ചു വളർത്തി മർത്ത്യ-
സ്തോമപ്രഹർഷജലരാശിയിൽ വേലിയേററം!. 38

നിരന്തരനമച്ഛിരസ്സുകൾ വശങ്ങളിൽത്തിങ്ങി നി-
ർഭരം സുരഭിയായ പൂമഴ ചൊരിഞ്ഞൊരാ വീഥിയിൽ
സുരമ്യസുഖദർശനോത്സവമിഴഞ്ഞതാ ചേർത്തല-
പ്പുരത്തിനണിസീമ പൂകി നൃവരാനപായശ്രീരഥം! 39

ഹാ! കണ്ണും കരളും വപുസ്സുമൊരുപോൽ
പ്പോരുന്നലാക്കിൽജ്ജ്വലാ-
ലാകർഷിച്ചതുപോലെ,യാമണിരഥം
മുമ്പിട്ടു പിമ്പേ ജവാൽ
സ്തോകം സ്തോകമൊലിച്ചൊലിച്ചു തടിനീ-
രൂപങ്ങളായ് വന്നവ-
ന്നാകപ്പാടൊരു മർത്ത്യവാരിനിധിയായ്
ത്തീർന്നു പുരപ്രാങ്കണം!! 40

വീരാളിപ്പട്ടു മുത്തുക്കുട തഴകൾ കൊടി-
ക്കൂറ മാലാകലാപം
വാരാളും തോരണം തൊട്ടണിയലണി
കലന്നാപ്രദേശം മുഴുക്കെ-
ധാരാളം ചെന്തളിർച്ചാർത്തൊളിയൊടു നിറയെ
പ്പൂമരം പൂത്തു തിങ്ങു-
ന്നാരാമംപോലെ ശോഭിച്ചിതു സുഷമതകും
ചേർത്തലശ്രീപുരാഗ്ര്യം!! 41

മിന്നും തങ്കത്തലക്കെട്ടണിയലൊടണിയായ്
മത്തമാതംഗർ പന്ത്ര-
ണ്ടിന്നും ചേലൊത്തപച്ചക്കുടകൾ ചമരിവാ-
ലാലവട്ടങ്ങൾ ചാർത്തി
ഉന്നിദ്രം പഞ്ചവാദ്യം പറ തുടി പടഹം
ബാൻറുമേളങ്ങളെല്ലാ-
മൊന്നിച്ചാച്ചേർത്തലക്കാർ സരഭസമെതിരേ-
ല്പിന്നു മുന്നിട്ടുചെന്നാർ. 42

ഏവം സഡംബരമകമ്പടിസേവയോടൊ-
ത്താവമ്പെഴും വിവിധവാദ്യരവം മുഴങ്ങി
ഭൂവഞ്ചുമുത്സവമിയന്നെഴുനള്ളിനാനാ-
ദേവൻ ദയാംബുനിധി വഞ്ചിമഹീമണാളൻ! 43

നിരുപമതരം തൃക്കൺപാത്താക്കരപ്പുറമാന്നെഴും
തിരുവടിയിലെബ്ഭക്ത്യുല്ക്കഷം പരം പരിതൃപ്തിയിൽ
തിരുവുളമലിഞ്ഞാനന്ദത്തിൻപരാൽപരകോടി നി-
ന്തിരുവടി തദാ ധ്യായം ധ്യായം സ്വദിച്ചെഴുനള്ളിനാൻ!!

കേൾവിപ്പെട്ടും ഭഗവതീനിലയാഗ്രഭൂവിൽ-
ത്തേർവിട്ടിറങ്ങിയുടനംബികയേ വണങ്ങി
ദേവിക്കു ചേന്ന വഴിവാടു നടത്തി നന്നായ്
സേവിച്ചു വീണ്ടുമെഴുനള്ളി രഥേ നൃപാലൻ! 45

തന്നുച്ചസ്ഥാനമാനാഢ്യോചിതമണിയലോ-
ടൊത്തു കൈകെട്ടി മുന്നേ
ചെന്നുദ്യോഗസ്ഥർ പൌരാവലിയൊടണിനിര-
ന്നാത്തമൌനം തദാനീം
മിന്നും കായൽക്കരെപ്പൊങ്ങിയ മതിലിന്നക-
ത്തുല്ലസിക്കുന്ന സത്രം
തന്നുദ്യാനപ്പടിപ്പന്തലിലണയുകയായ്
സ്യന്ദനം മന്ദമന്ദം. 46

കണ്ണാടിച്ചില്ലിനൊപ്പം തെളുതെളെ വിലസീ-
ടുന്ന കായൽപ്പരപ്പിൽ
കണ്ണാടിച്ചിന്നിടും വിൺപ്രതിഫലനമിതെ-
ന്നാരുമോരുംവിധത്തിൽ

എണ്ണാനാവാത്ത മോടിപ്പൊലിമകൾ നിഴലി-
പ്പിക്കമാസ്സുത്രമുദ്യ-
ദണ്ണാലങ്കാരഭംഗിത്തികവൊടു വിലസീ
മത്ത്യവാരാശിമദ്ധ്യേ. 47

ചേലേറും ചാരുവേഷാഭരണമൊടു കരം
കെട്ടി വായ്പൊത്തി വെള്ളി-
ക്കോലേന്തീടും ഹരിക്കാർ കനകരഥകവാ-
ടങ്ങൾ മന്ദം തുറക്കെ
ബാലേന്ദുശ്രീവിരാജന്മുഖരുചിയൊടെഴ-
ന്നള്ളിനാൻ ചിത്തിരർക്ഷം
ഫാലേ ഭംഗ്യാവഹിക്കും തൊടുകുറിയരുമ-
ത്തമ്പുരാനമ്പിനോടേ. 48

നീരാളമെത്തകൾ പട്ടത്തു മിനുത്ത സത്ര-
ദ്വാരാങ്കണപ്പടികൾ തൃക്കഴൽവച്ചു കേറി
ആ രാജസിംഹനെഴുന്നള്ളി മുകപ്പിലുദ്യൽ-
സ്ഫാരാഭനാം ഹരിയധിത്യകയിൽകണക്കെ. 49

വിരുതിൽ വിജയശ്രീതാൻ മെയ്പൂണ്ടണഞ്ഞു പുരോഗമി-
ച്ചരുളിടുമുഷഃശ്രീമാതാവിൻമഹഃപരിദീപ്തിയിൽ
പെരുമപുകളൊടൊക്കും തൻസോദരങ്ങളുമായ്ത്തദാ
തരുണരവിപോൽത്തേജോമൂത്ത്യാ വിളങ്ങി നൃപർഷഭൻ. 50

ഉന്നിദ്രശ്രീയൊടോമൽപ്രിയസഹജരുമാ
    വന്ധ്യമാതാവുമായി-
പ്പൊന്നിൻസിംഹാസനങ്ങൾക്കധിനികടമെഴു-
    ന്നള്ളിയാപ്പൂമുകപ്പിൽ
ഒന്നിച്ചൊപ്പംനിരന്നാത്തിരുവദനസുധാ-
    രശ്മിബിംബങ്ങൾ നാലും
മിന്നിക്കണ്ടാത്തിരമ്പിജ്ജനത ജലധിപോ-
    ലുത്തരംഗീഭവിച്ചു!! 51

സ്മേരശ്രീനവവെണ്ണിലാവൊളിപൊഴി-
    ഞ്ഞിമ്പംവളർത്തിപ്പരം
കാരുണ്യാമൃതധാരയൂറിവഴിയും
    തൃക്കൺകടാക്ഷങ്ങളാൽ
ആരമ്യപ്രിയമുല്ലസിച്ചരുളുമാ-
    പ്പൂന്തിങ്കളാസ്യങ്ങള-
ന്നേരം കണ്ട ജനങ്ങൾ നിർവൃതിപദം
    പൂണ്ടീടിനാരേവരും. 52

അത്യർഹമാഭയൊടുമാത്മവപുമരത്ഥകങ്ങൾ
അത്യന്തസന്നിധിയിൽ നാലുമണഞ്ഞപോലെ
പ്രത്യക്ഷമാത്തിരുമുഖങ്ങൾ തെളിഞ്ഞു കണ്ടു
സത്യം കൃതാർത്ഥതയിയന്നിതു ചേർത്തലക്കാർ! 53

വിരവൊടുമഥ കല്പനപ്രകാരം
നരപതിതൻ തിരുമുമ്പിലേയ്ക്കണഞ്ഞാർ
വരഗുണധി കരപ്പുറത്തു നാനാ-
തരമുരപൊങ്ങിടുമെട്ടുപൌരവീരർ. 54

രാട്ടവ്വിധത്തിലരുളും ബഹുമാനമൊന്നേ
നേട്ടം സ്വമെന്നു കരുതും പുരനായകന്മാർ
കോട്ടംവെടിഞ്ഞു തിരുമുമ്പിലണഞ്ഞതായ
കൂട്ടത്തിലീക്കവിയുമന്നിടപെട്ടിരുന്നു. 55

പൊന്നും പട്ടും മണികൾ മലർമാല്യങ്ങളും സ്ഥാനമാനം
ചിന്നും പൌരപ്രവരർ തിരുമുൽക്കാഴ്ചവച്ചാനമിച്ചു.
തന്നുള്ളത്തിൽക്കവിയെ വളരും ഭക്തി ഗാനത്തിലാക്കി
പ്പൊന്നുംതൃക്കാലിണകവിയുമാരാധനംചെയ്തുകൊണ്ടാൻ. 56

ഉന്നംവച്ചീയെളിയ കവിതൻ ഗാനമാകർണ്യ മന്നോർ-
മന്നൻ ദേവൻ തിരുമുഖമിളംപുഞ്ചിരിക്കൊണ്ടുനില്ക്കെ
പൊന്നമ്മപ്പൊൽത്തിരുവടി മഹാറാണി ഹർഷാശ്രുധാരാ-
ക്ലിന്നശ്രീയായരുളിയ മുഖാംഭോജമിന്നും തൊഴുന്നേൻ!! 57

വിവിധകുശലമോതിപ്പൌരരെത്തുഷ്ടരാക്കി,
ക്കവിയെയൊരു കടാക്ഷംകൊണ്ടുതാൻ ധന്യനാക്കി,
അവികലരുചി മർത്ത്യൌഘത്തെ ദേവൻ കടാക്ഷ-
ച്ഛവിയിലഥ മയക്കിജ്ജന്മസാഫല്യമേകി. 58

ഝടിതി പടഹഭേരീകാഹളാരാവപൂരം
വെടികൾ കരവയാപ്പോടൊത്തു വർദ്ധിച്ചുദാരം
പൊടിതകൃതിമുഴങ്ങി പുഷ്പവർഷംപൊഴിക്കും
ഞൊടിയിടയിലെഴുന്നള്ളത്തിനാരംഭമായി. 59

ഉള്ളിൽപ്പുണ്ടേ കരുതിയമഹാ-
ഭാഗ്യമിന്നെങ്കിലും ത-
ന്നുള്ളിൽത്തങ്ങാനിടവരികയാ-
ലുന്മദാടോപപൂർവ്വം
വെള്ളിത്തട്ടിൻപടി തിളകിടും
കായലിൽക്കൂടിയന്നാ-
പ്പള്ളിബ്ബോട്ടാനരവരകുടുംബത്തെ-
യുംകൊണ്ടു പാഞ്ഞു!! 60

തേടിക്കിട്ടിയ പൊന്നുശേവധിയെയും-
കൊണ്ടോടവേ കായലിൽ
ച്ചാടിബ്ബോട്ടിനുചുററുമായണിനിര-
ന്നെത്തും ഹൃദന്തങ്ങൾപോൽ
മോടിയ്ക്കൊത്തു നുരപ്പളുങ്കുമണിമാ-
ല്യംചാർത്തിയാരോമനി-
ച്ചോടിബ്ഭൂപനേ വേർവിടാതണകയായ്
കായൽത്തരംഗങ്ങളും. 61

ജീവാതു പൊന്നുതിരുമേനിയെയുദ്വഹിച്ചാ-
നാവാധിപൻ കുതിതുടൎന്നു നോക്കിനോക്കി
ആവാക്ക ചേതനകൾപോയ് മനുജൌഘമേതു-
മാവാതെ കായലരികത്തു മിഴിച്ചുനിന്നു!! 62

തക്കത്തിൽ കായലോരപ്രകൃതിയുടെ വിലാ-
സങ്ങളും കണ്ടുകണ്ടാ-
വൈക്കത്തന്നന്നദാനപ്രഭുവിനുടെ പദാം-
ഭോരുഹം കൈവണങ്ങി
പുക്കന്യം പുണ്യതീൎത്ഥസ്ഥലമഥ പരമ-
ന്നീവിധം രാജ്യമാകെ
ത്തൃക്കൺപാൎത്താത്മതൃപ്തിത്തികവൊടു നൃവരൻ
രാജധാനീമഗാൽ സ്വാം. 63

ഗദ്യം ൨.

തദനു നരനായകൻ താൎക്ഷ്യകേതുപ്രിയൻ ചിത്തിരൎക്ഷൻപുരാനത്രചെങ്കോൽവഹിച്ചാത്മരക്ഷാഭരം സ്വാത്മനൈവോദ്വഹിക്കുംമുഹൂൎത്തം സമീപിച്ചസന്തുഷ്ടിയാൽ ഭ്രാജദുത്സാഹമാ രാജധാനിക്കുമല്ലോജസാ രാജ്യമാകെത്തുടൎന്നുള്ളകോലാഹലോദ്യദ്രസം ചൊല്ലവല്ലേതുമെ!! മന്ത്രിയോടൊത്തുപമന്ത്രിമാർ പൗരരും ഹന്തരാത്രിന്ദിവം കാൎയ്യമോരോന്നിലും ഭാരമേററപ്പുരംനാലുപാടും നിരന്നാങ്ങിറങ്ങീപരം. ചന്തമേറും നെടുംപന്തൽ സൌധങ്ങൾ വീഥ്യാപണശ്രേണി

വാപീതടാകങ്ങളാരാമമെന്നതാന ലീലാവിനോദസ്ഥലീവപ്ര ക്രൂടങ്ങൾ ദേവാലയഗൗഘം പതാകാദ്ധ്വജം ഗോപുരംവാഹ നാദ്യാലയം പുത്തനായ്കെട്ടിയും കേടുതീൎത്തുംനവോദ്യൽപ രിഷ്കാരഭംഗ്യാ പുരപ്രാന്തമെല്ലാം നിറഞ്ഞുല്ലസിച്ചൂനടേ. എണ്ണിയാലററമില്ലാത്തപോൽചുററിലുംകണ്ണിനുംകാതിനും നാക്കിനുംമൂക്കിനും പ്രീതിയത്യത്ഭുതശ്രീതിരണ്ടൂട്ടിടും ഭൂതിമ ത്താംപദാൎത്ഥാൽകരംസൎവ്വദാ ദൂരദേശങ്ങളോരോന്നിൽനി ന്നാദരാൽ വന്നുവന്നെങ്ങുമേ കുന്നുകുന്നായ് പുരംതിങ്ങിവിങ്ങി ക്കമിച്ചൂദിനംതോറുമേ. വൎണ്ണ്യമാനതപിഷാ വൎണ്ണവൈചി ത്ര്യമോടൊത്തലംകാരമാഡംബരപ്രൗഢിയിൽ ഗണ്യമായ് ത്താഴെയുംമോളിലുംപത്തനം തന്നിലെല്ലാംവരുത്താൻതുട ങ്ങീശ്രമം. വീടശേഷംപുതുക്കിപ്പുരക്കെപ്പുകിട്ടാടിമിന്നെപുര സ്ത്രീകളുംപൌരരും ചാരുലീലാവിലാസപ്രിയോൽസാഹമാ യ് സ്യന്ദനാഘോഷയാത്രോത്സവംകാണുവാൻ ചിത്രമാംവേ ഷഭൂഷാ സമാലംകൃതിച്ചാൎത്താരോന്നായടുക്കിത്തളിൎപ്പട്ടുവ സ്ത്രങ്ങളും പൊട്ടണിച്ചായവുംവാസനാദ്രവ്യവും പൊന്മണി ച്ചാൎത്തലും ആപണംതോറുമെ നോക്കിനോക്കിപ്രിയംപോ ലവെശേഖരിപ്പാൻതുടങ്ങീശ്രമം. ഘോഷയാത്രക്കെഴുംവേഷ ഭൂഷാദിയും വാഴ്കപൊൻതമ്പുരാനെന്നസംഗീതവും ചെങ്കൊ ടിക്കൂറയുംതൻവശത്താക്കുവാൻ തംകുമുത്സാഹമായ് ബാലി കാബാലരും. തത്തൽസാഹമോടൊത്തുനാനാജനംപത്തനം തന്നിൽവന്നെത്തിനാർനിത്യവും. സദ്യസൎവ്വാണിയുംദാനവും ധൎമ്മവും ഹൃദ്യമാശിച്ചുഭൂദേവലക്ഷങ്ങളും വിദ്യകാണിച്ചു സ മ്മാനമാശിച്ചുകൊണ്ടുദ്യശസ്സാംകലാകോവിദന്മാർ മഹാന

ത്തകന്മാർ മഹാഗായകന്മാർ വണിക്സത്തമന്മാർമഹാഭ്യാസിവർഗ്ഗം ഭിഷങ്ങ്നായകന്മാർനടന്മാർവിടന്മാർ പ്രസംഗപ്രിയന്മാർകവിപ്രൗഢർ ശാസ്ത്രപ്രവാദോൽസുകന്മാർ മഹാരാഷ്ട്രകർണ്ണാടകബങ്കാളഗൂർജ്ജരപഞ്ചാബതേലുങ്ക മാളവ്യചോളാവനിവാസിലോകത്തൊടൊത്താംഗളന്മാർ പരന്ത്രീസുകാരെന്നനാനാജനൌഘംദിനംതോറുമേ വന്നുവന്നങ്ങുമിങ്ങും നടന്നുംതിരഞ്ഞുംപരം താവളംതിങ്ങിവിങ്ങിപുരപ്രാന്തമോടങ്കണം. വീഥിയെല്ലാംമഹാലോകരാലും രഥശ്രേണിയാലും ഗജാശ്വങ്ങളാലും ചമൂരാജിയാലുംചമഞ്ഞന്തരിക്ഷം വിതാനങ്ങളാലുംവിമാനങ്ങളാലുംനിറഞ്ഞെന്തുരപ്പൂ മുതിന്നായിരത്തൊടഹൊ ന്നൂറുമേഴുംതുടന്നായവർഷം തുലാമാസവിംശത്യഹശ്രീയടുക്കംവിധൗ നല്പനന്താലയശ്രീപുരത്തിൻപരിഭ്രാന്തികോലാഹലം!

എന്നാപ്പന്നോയ്ക്കു കല്പിച്ചരുളിയ തിരുനീ-
ട്ടാദരാൽ സ്വീകരിച്ചും,
തന്നാത്താൻ വഞ്ചിഭ്രുവിൻപ്രകൃതിസുഷമയെ-
ക്കാണുവാനാഗ്രഹിച്ചും,
ഉന്നമ്രം ചിത്തിരക്ഷ്മാപതിയുടെഭരണോ-
ത്സാഹമോത്തിമ്പമാന്നും
മന്നന്മാരൊത്തു ലക്ഷപ്രഭുവരരുമുദാ-
രാഭമെത്തിത്തുടങ്ങി. 64

ഫുല്ലശ്രീയായ മൈസൂർക്ഷിതിപതി, മതിമാൻ
ഗോക്ഷിതീശൻ, പ്രസിദ്ധൻ
കൊല്ലങ്കോടത്ര, സാന്ദൂരവനിപതി, മഹാൻ
ശ്രീമദെശപാന്തരായൻ,
നല്ലിന്ദോർക്കാരനാകും നൃപതി, മദനഗോ-
പാലരായൻതുടങ്ങി-
ക്കല്യന്മാർ ഭൂപരും തൽപ്രതിനിധികളുമൊ-
ട്ടേറെയെത്തിത്തുടങ്ങി. 65

മമാലുൽകന്മദാർസേനാ-
പതിഘോരപതിപ്രദ്ധ
അണ്ണാസാഹേബ് ഹിന്ദുരായ-
നാദ്യരും വന്നുചേർന്നിതേ. 66

ശ്രീമാൻ വെങ്കിടസുബ്ബറാവു, മതിമാൻ
പണ്ടാല, മദ്രാസിലെ-
ധീമാൻ വെങ്കടരാമശാസ്ത്രിമുതലാ-
മാപ്രാധിപാകേന്ദ്രരും,
സ്വാമാത്യോചിതനാസ്റ്റിനും, ഗുരുവരൻ
ഡാഡല്ല, ജില്ലാധിപൻ
കെ. ബാസറവുതുടന്നേഴും ധരകളും
മാദാമ്മമാരും പരം. 67

സാമർത്ഥ്യത്തോടു ചിത്രർക്ഷജനു വലത്തുകൈയ്
    വഞ്ചിഭൂമിക്കുദഗ്ര-
ക്ഷേമശ്രീമൂല,മിന്ത്യക്കന്നെടിനമഭിമാ-
    നത്തിനാലംബഭൂതൻ
രാമസ്വാമ്യയ്യർ സർ. സീ. പി-യുമുദിതമഹാ-
    സ്നേഹഭക്തിപ്രകർഷോ-
ദ്രാമം വഞ്ചീശഭാരോദ്വഹനകലവിയിൽ
    കൌതുകംപൂണ്ടണഞ്ഞൂ!! 68

പാരിക്കും പ്രാഭവത്തിൽപ്പദവികളുരുപ-
    ത്തെട്ടുമുൾക്കൊള്ളുമാഴ്വാ-
ഞ്ചേരിത്തമ്പ്രാക്കൾ വാദ്ധ്യാൻ വടു മുതലളവി-
    ല്ലാത്തസന്നാഹപൂർവ്വം
നേരിട്ടങ്ങാഷ്ടധർമ്മം ദ്യുതിവിതറി വപു-
    സ്സന്തിയെത്തുംവിധത്തിൽ
ഭൂരിശ്രീയാമനന്താലയപുരിയിലണ-
    ഞ്ഞീടിനാനൃദ്ധമോദം. 69

അത്രാന്തരേ മതമഹാഗുരുഭൂതരായ
മെത്രാപ്പോലീത്തകൾ ബിഷപ്പുകളും വിശേഷാൽ
തത്രാത്മനാ നൃപനു ഭാവിശുഭങ്ങൾ നേർന്ന്
ചിത്രാവനീശഭരണോദ്വഹനത്തിനെത്തി. 70

ള്ളാന്നീടാതെ നാനാവിധമുതവിതകും
രാജഭക്താഢ്യർ മുസ്ലിം-
മുള്ളാമാർ തങ്ങളന്മാരിവരുമുചിതമായ്
വന്നുചേൎന്നാർ തദാനീം
കൊള്ളാമെന്നോൎത്തു കാബൂളികളൊടുസമമാ-
ജ്ജൂതരും പട്ടണത്തി-
ന്നുള്ളാകെത്തിങ്ങിവിങ്ങുംപടിയണയുകയായ്
ലാടർ ഗോസായിമാരും. 71

ആലങ്ങാട്ടു,പറൂ,രനന്തപുരവും,
പൂഞ്ഞാ,റിടപ്പള്ളിയും,
ശ്രീലക്ഷ്മീപുരമോട്ടു,മൊത്തിളയിടം,
കായംകുളം, പന്തളം,
തെക്കുംകൂറ,തുപോൽ വടക്കു, കിളിമാ-
നൂരോ,ടിടം,ഗ്രാമവും
ചൊൽക്കൊള്ളുന്നിവർ വന്നിതേ തെരുതെരെ-
സ്സാമന്തഭൂപാലരും. 72

ആ മാടമ്പികൾ, ജന്മിമാ,രിടവകക്കാർ,
പുത്തനെമ്മൽസിമാർ,
കേമന്മാർ പരിവാരമോടനുപദം
വന്നെത്തുമീലോകരെ

കാമം തത്തദവസ്ഥപോലുചിതമായ്
നിർദ്ദിഷ്ടമായുള്ളൊരോ-
ധാമത്തിങ്കൽനയിക്കയായധികൃത-
ന്മാരും ഭടപ്രൌഢരും. 73

പ്രതിദിവസമിവണ്ണം രാപ്പകൽബ്ഭേദമില്ലാ-
തതിഥികളളവെന്യേ കാണിലോകപ്പരപ്പും
പ്രതിപദമിടതിങ്ങിത്തിങ്ങി വർദ്ധിച്ചിരമ്പി-
പ്ലുതിയനരസമുദ്രംപോലെയായപ്പുരാഗ്ര്യം. 74

അക്കച്ചോടത്തിരക്കും, വഴികളിൽനിറയെ-
ത്തുവിതാനപ്പകിട്ടും,
പക്കം തിങ്ങും ജനക്കൂട്ടവു,മതിനിടയിൽ-
സ്സൈന്യസന്നാഹവായ്പും;
ചിക്കെന്നെങ്ങിങ്ങു പായും രഥതുരഗഖുരോ-
ദ്ധൂതധൂളിപ്പരപ്പും
തക്കത്തിൽച്ചേർന്നനന്താലയനഗരിവിശേ-
ഷങ്ങളെന്തോതിടേണ്ടൂ!! 75

ഇതികലവിയൊടായിരത്തിനൂറേറ-
ഴതിലിയലുന്ന തുലാം തുലാതിഗാഭം
അതികുതുകമൊടാഞ്ഞുപാഞ്ഞു പത്തൊ-
മ്പതിലെയഹസ്സുമെരിഞ്ഞടങ്ങുമാറായ്. 76

ഈവിധമുൽകടം തിരുവനന്തപുരത്തിലെഴും
ശ്രീവിഭവോന്നതം കലവി കണ്ടു കുതൂഹലിയായ്
ആവിഷ്ടമാദരാതിശയഭാരമൊടും തരസാ
പാവിതലോകനെത്തി രവിയും ചരമാദ്രിതടം. 77

ചിത്തിരർക്ഷജനി വഞ്ചിഭൂവരനു നാളെ-
യല്ലിയഖിലാശയോ-
ടൊത്തിണങ്ങി വിളിപ്പൊങ്ങിടും ഭുവനഭാര-
സഭാഹനമധ്വരം!!
മുത്തിയന്നരുളുമുത്സവങ്ങളിലുദഞ്ചി-
തപ്രഭപരത്തി വ-
ന്നെത്തിടാൻ കരുതിയായിടാം കതിരവൻ മറ-
ഞ്ഞിതതിവേഗമായ് 78

"പാരാതീരാവൊഴിഞ്ഞാൽ മതി ധരണിയൊടൊ-
ത്തെങ്ങൾതൻഭാരമുദ്യൽ
സ്ഫാരാരംഭംചേൎന്നചെങ്കോലുടമയൊടുവഹി
ച്ചെങ്ങൾതൻതമ്പുരാനെ
ആരാൽക്കാണാം, നമുക്കീമിഴികളുടെമഹാ-
ജന്മസാഫല്യമന്നി-
ച്ചേരാ"മെന്നാററുനോററാരജനിയൊരുവിധം
താണ്ടി മാലോകരെല്ലാം. 79

ഭൂവിൽ ചിത്രാധികാരോത്സവമതു തുടരും
പാവനശ്രീമുഹൂർത്തം
ദ്യോവിൽ പ്രഖ്യാപനംചെയ്തണിവെടി-
യിരുപത്തൊന്നു മേന്മേൽ മുഴക്കി
ദേവി ശ്രീമൽപ്രകൃത്യംബികയിരുൾമറയെ
ത്തട്ടിനീക്കീടവെ വ-
ന്നാവിർഭൂതാമനന്താലയപുരസുഷമാം
വർണ്ണയാമഃ കഥം ഭോ! 40

ഗദ്യം ൩.

ചിത്തിരനരവരമകുടമഹാമണി ധരണീഭരണസമുദ്വാഹനത്തിനൊരുങ്ങിയ ശുഭകരദിവസമിയന്നിട്ടുമുത്സവകലവിയിലഹിവരശയനമഹാപുരിയും പരിസരവുമിയന്നു വളർവിളങ്ങിയസുഷമകൾ സുരനരഖഗമൃഗഹൃദയമനോജ്ഞം!! ദിവിവിലസിനവളരൊളിമഴവില്ലുപിഴിഞ്ഞുനിരപ്പുവിതച്ചതുപോലെ, നവരത്നങ്ങൾതരിപ്പണമാക്കിയപൊടിപടലംബഹുവിതറിയപോലെ, സൽപഥിപെരുകിയസുരവരരിതമൊട്ടു കല്പകമലർകൾപൊഴിച്ചതുപോലെ, മണികനകാംബരവിതതികലർന്നൊരു കനകമഹാമഴപെയ്തതുപോലെ, അഞ്ചിതവർണ്ണദ്യുതിയൊടുദിശിദിശി വഞ്ചിധരാധിപനഗരിയിലിയലും സുന്ദരമന്ദിരസൌധഗൃഹാങ്കണഗോപുരതോരണശതശതമാം പുരവീഥികളാപണരാജിയുമതിലസ

ദ്ദപവനവിഹരണവേദികളും മതിൽവപ്രമഹാവലയങ്ങളു മമരവരാലയനിചയവുമണിപഥി നിറയെയനോകഹതതി യും മുത്തുക്കുടകൾ നിറങ്കലരും തഴ ചാമരവും മലർമാല കളും കൊടിതോരണവും പലപലവിധമണിയലിലരുളിയ സുഷമകൾ കരളൊടുകണ്ണുകവന്നവിശേഷം ഗഗനചരാവ ലിപറയുകിലുചിതം. മണിയൊലി ശംഖൊലി കാഹള വീണാവേണുരവം പടുപടഹമൃദംഗശതദ്ധ്വനി നരവരമംഗ ളഗാനമുലൂലദ്ധ്വനി പുരുഷാരമിരച്ചിയലുന്നൊരിരമ്പലുമ ണിയണിവെടികൾമുഴക്കവുമായ് മുഖരീകൃതഗഗനതലം ബ ഹുധാബധരീകൃതജനമായ്പുരമത്തു തരസാ. ഒരിടത്തരിമ യൊടരുമറപൊരുളുകളുരുവിട്ടു മവനിബുധേശ്വരനിചയം. ഒരിടത്തനവധിധനവസനാശന വിതരവിവിധജനോൽക്കട ബഹളം. ഒരിടത്തതിഥികളവനിവരന്മാക്കുതകിയബഹുവി ധസൽകൃതിമേളം പലവഴിപലതിനുമുഴറിനടന്നിട്ടമധികൃത രുടെപുരുസംഭ്രമവും കുതിരപ്പടയഴകിൽവരുംവരവുംമദയാന കളണിയലൊടൊത്തുവരുന്നതുമൊരുമയൊടരിയ പദാതി കൾദിശിദിശിനാളികകളേന്തിനിരക്കുവതും ക്വചിദംഗന മാരുടെനൎത്തനവും പടുഗായകരുടെസംഗീതവുമനവധി വാ ദകരുടെപടുകലവികളും ചില ചെപ്പടിവിദ്യകളത്ഭുതവിദ്യ കൾ മല്ലിടിവിദ്യകൾഅഭ്യാസികളും നാടകവും കഥക്രുത്തു പറച്ചിലുമഭിനവരസമൊട്ടുതുള്ളലുമങ്ങിനെ ചേണിയലുംപ ലവാണിഭവും ബത കാണികളുടെ ഹൃദയങ്ങൾ കവന്നിട്ടു മാറുനിറഞ്ഞിതു ദിശിദിശിപദമനു. അഹമഹമികയൊടു വീടുകളിൽപൊടിപൂരരസം ഭണണോദ്വാഹനോത്സവകല

വികരം കാണ്മതിനണിയലിലിതമൊട്ടമഭിനവവേഷവിശേഷവിലാസവിധാനാദിനോദരസങ്ങളിലതിവിരുതൊടു തരുണീനിരയുംതരുണാവലിയും ചെറുബാലികമാരുമൊരുക്കതുടങ്ങീ ചിലരണിയിട്ടുനടന്നുതുടങ്ങീ ചിലരതുകണ്ടുരസിച്ചുതുടങ്ങീ ഇത്തരമനവധിവിഹൃതികളൊടു പരമോത്തരളിതജനനിവഹവിനോദനപടുതമമഹിവരപുരിയുടെ മഹിമകളനുപദമുയരെവളൎന്നുദശായാം:—

കാണായപ്പോളുദഞ്ചദ്ധവളിമ ചുഴലെ-
ത്തിങ്ങിവിങ്ങിപ്പരന്ന-
ക്ഷീണാഭോഗത്തൊടൊത്തുന്നതിയുമിടയിടെ
ത്തുംഗശൃംഗങ്ങളോടും
വേണാട്ടിൻശുഭ്രകീൎത്തിപ്രഭവമൊളിപെറും
ശ്രീതുഷാരാചലത്തിൻ-
കോണാണെന്നാരുമോരുംപടി മഹിമപുല-
ൎന്നുള്ള ഡൎബാൎന്നികേതം!! 81

ഉത്തുംഗാഗ്രേഷു സൗധോത്തമവരശിഖരേ-
ഷൂന്നതേഷുദ്ധ്വജാഗ്രേ
മെത്തും പൊന്നിൻകൊടിക്കൂറകളമരുലകം
തൊട്ടു പാറിപ്പറന്നു;
"തൎത്തുല്യം വഞ്ചി, ചിത്രൎക്ഷജനിതഭരണം
കൊൾവു, വിണ്ണേ! വരാ,"മെ-
ന്നെത്തും കൈയ്പൊക്കിനീട്ടി ധരണി ബത
വിളിച്ചോതിനില്ക്കുംപ്രകാരം. 82

മെച്ചത്തോടിടവിട്ട തൂണുകളിലാ
വെൺതിങ്കൾ ബിംബങ്ങൾ പോ-
ലിച്ഛം വൈദ്യുതഗോളകങ്ങളെ വഹി-
ച്ചോരോന്നു മീരണ്ടുമായ്
സച്ചിത്രാകൃതിയാമിരുമ്പഴിമതിൽ-
ക്കെട്ടിൽ പ്രശോഭിക്കയായ്
പച്ചപ്പുൽത്തകിടിപ്പരപ്പു നടുവാ-
ന്നാസ്ഥാനഹർമ്മ്യോത്തമം. 83

തലകളിലലർതിങ്ങും ഗുല്മവല്ലീവിതാനം
കലവികളിരുപാടുംചേൎന്ന പന്ഥാക്കളോടും
വിലസി തകിടി സൌധത്തിന്നു മുമ്പാൎന്ന ഭംഗ്യാ
പലകരകളിണങ്ങും പച്ചവില്ലീസ്സുപോലെ. 84

നാനാനിറംകൊടികൾ മാലകൾ തോരണങ്ങൾ
വാനാൎന്നുയൎന്ന മണിഗോപുരതല്ലജങ്ങൾ
പീനാഭമീച്ഛമയൽ പൊങ്ങിനിരന്നു രമ്യാ-
സ്ഥാനാഗ്ര്യഹർമ്മ്യഗഗനം കമനം തദാഭ്രൽ! 85

അററത്തിൽ കൊടിയുള്ള കുന്തവുമെട്ട-
ത്തുററംപെടും വാളര-
ക്കെട്ടിൽത്തൂക്കി വിചിത്രകഞ്ചുകശിര-
സ്ത്രാലംകൃതിച്ചാത്തുമായ്

തച്ചിട്ടഞ്ചും കുതിരപ്പുറം കയറിവ-
ന്നാസ്ഥാനമേലും മതിൽ-
ക്കെട്ടിൽത്തൊട്ടണിയിട്ടു നിന്നു-
കുതിരപ്പട്ടാളമൊട്ടായിരം!! 86

തദാ വിവിധവർണ്ണകഞ്ചുകശിരസ്ത്രഭൂഷാഞ്ചിതം
പദാതി, മഴവില്ലിഴഞ്ഞൊഴുകിവന്നുചേരുംവിധം
മദാഢ്യമെഴുമശ്വസേനയുടെ മുമ്പിലായുന്മിഷ-
ന്മുദാ നളികവും ധരിച്ചണിനിരന്നു സംഖ്യേതരം. 87

തെല്ലീടാന്തവിയ ലാത്തിയും ധരിച്ചാ-
പ്പോല്ലീസ്സാംഭടരണിയിട്ടുനിന്നു ചുററും
ഉല്ലീഢാദരഭരമാർത്തിരക്കിലുണ്ടാം
തല്ലീലാവിഹൃതികളൊട്ടൊതുക്കിടാനായ്. 88

അരിയ കനകനെററിപ്പട്ടവുംകെട്ടിവന്നാ-
ക്കരിവരരൊരുഭാഗെ പന്തിയായിട്ടുനിന്നു
അരി ഗദ ഘൃണി കുന്തം വാളുമേന്തുന്നസേവ-
ച്ചുരിഷ മരുവശത്തും സജ്ജവേഷം നിരന്നു!! 89

ഗംഭീരാകാരവേഷത്തൊടു നിജകരദ-
ണ്ഡത്തിൽ നിസ്ത്രിംശമേന്തി
ത്തൻ ഭീമാശ്വത്തിലേറിബ്ഭടരണിയിൽനട-
ന്നുഗ്രമാമാജ്ഞയേകി

വമ്പാളും ഗോപുരത്തിൻനടകളിൽനിലയായ്
    സൈനികാധീശപരന്മാർ
ഉവമ്പാതത്യുഗ്രഭാവാലഖിലമിഹ നിയ-
    ന്ത്രിച്ചുകൊണ്ടങ്ങുമിങ്ങും. 90

ആരാജമാനപരിവാരപരീതനായി
സ്ഫാരാനുഭാവമെഴുനള്ളിവരുംപുരാനെ
ദ്ദൂരാത്തഭക്തിയെതിരേററുരരീകരിപ്പാൻ
ദ്വാരാങ്കണത്തിൽ നിലയായിതു മന്ത്രിമുഖ്യൻ! 91

നാനാവൎണ്ണപ്രകൎഷപ്രകടരുചിചമൽ-
    കാരമാം പ്രാന്തഭൂവാ-
ന്നാനാളാസ്ഥാനഹർമ്മ്യപ്രവരമതുവിരാ-
    ജിച്ച ഭംഗീവിലാസം
വാനാൎന്നീടുന്ന വൈമാനികർ പറയുകിലേ
    യുക്തമാവൊള്ളു; പാവം
ഞാനാകാശത്തിലാശാശ്ശുകിയെ വിടുകി-
    ലെന്തെത്രദൂരം പറക്കും.” 92

ഗദ്യം ൪.

ആസ്ഥാനോത്തമസൌധവരാന്തകളടിമുടിയൊരുവശമതിഥികളും പുരവാസികളും ബഹുബാന്ധവരും പലസാമന്തപ്രഭുപുംഗവരും, മറുവശമതിരുചിരതരം പലപല നിറമരിയദുകൂലവിലാസമൊടും കനകാഭരണങ്ങളണിഞ്ഞുവിള

ങ്ങിയതരുണികളും, ജലവിഭ്രമമേകിനവേദികയും, മണിമണ്ഡപതലമതുചുഴലെനിരന്നുപമന്ത്രികളും, മണികനകമഹാസനപന്തികളും, മുകളണിനവരത്നവിതാനവിചിത്രവിലാസവുമാശ്ശുറാന്തൽവിളക്കുകൾ തിങ്ങുവതും,ബത! മിന്നമിന്നെമിന്നിയ വെളിയടചുരുളുകളിതമൊട്ടയന്നമരുംധൃതിയും, സ്ഫടികാമലഭിത്തിയിലഖിലവുമിഹ നിഴലിച്ചുരുഭംഗിവളർത്തുവതും, നിറമാലകൾ നറുകളഭംപനിനീരിവയരുളിടുമഭിനവസൌരഭവിഹൃതിപരക്കുവതും, ബഹുകലവികളിവകൾ കലൻറജനങ്ങൾ. നൃപേന്ദ്രവൃദ്ധിച്ചെഴുന്നള്ളിവരുന്നതു നിജനിജവികസിതനയനപുടങ്ങൾ വിടിത്തുനിരീക്ഷിച്ചമരുന്നളവതിസരസം.

കൺകൾക്കഗ്രേ വിളങ്ങി വഴികളിൽ നിറയെ
 ത്തിങ്ങിവിങ്ങും ജനാനാം,
ഹൃങ്കഞ്ചുന്നാംഗരക്ഷപ്പട കുതിരകളിൽ
 പ്പാശ്വഭാഗത്തിണങ്ങി
തങ്കക്കോപ്പിട്ട വെള്ളക്കുതിരകളണിയെ
 ച്ചേർത്തുപൂട്ടിസ്സമുദ്യൽ-
സ്സങ്കല്പാതീതഭംഗിത്തികവൊടണയുമാ
 രാജകീയം രഥാഗ്ര്യം. 93

ഇരുവശമിടതൂർന്ന പൌരർ ഭക്തി-
പ്പൊരുമയൊടാർത്തുവിളിച്ചു കൂപ്പിനില്ക്കെ
കരുണയൊടവരിൽക്കടാക്ഷമാം മ-
ട്ടരുളിയിരുന്നെഴുന്നള്ളി മാനവേന്ദ്രൻ. 94

ജനനി സഹജർ കോയിത്തമ്പുരാന്മാർ നൃപന്മാ-
രതിഥികൾ പലരും പൊൻതേരിലുൾപ്പൂക്ക ഭംഗ്യാ
ക്ഷിതിപതിയുടെയോമൽസ്യന്ദനത്തിന്നു പിമ്പേ
മതിയിലുദിരഹർഷം പിന്തുടർന്നാർ തദാനീം. 95

പീരങ്കിത്തോക്കൊഴിച്ചു നിറവെടികൾ, കുഴൽ-
ക്കാഹളം ഭേരികൊട്ടി-
പ്പാരം മേളിച്ചു സേനാപതി, ഭടരഭിവാ-
ദ്യങ്ങൾചെയ്താദരിച്ചു,
ആരമ്യം പൊൻമണിത്തേർ നടയിലണയവേ
സഭ്യരൊന്നായെണീറ്റവർ-
ത്താരഞ്ചും സംഭ്രമത്തോടഖിലരുമെതിരേ-
ല്പിന്നു മുന്നിട്ടുചെന്നു. 96

അനുഗരുമൊരുമിച്ചാസ്യന്ദനം വിട്ടു നാനാ-
മനുജനിബിഡമാകും വൻസഭയ്ക്കഗ്രഭാഗേ
അനുപമപരിവേഷശ്രീയിൽ മിന്നിത്തെളിഞ്ഞു
തനുവിയലിനചിത്രാപുണ്യപൂർണ്ണസ്വരൂപം. 97

തിരുവടിതൊഴുവാൻ ഞാൻ മുമ്പു ഞാൻ മുമ്പിവണ്ണം
കരുതലൊടു തിരക്കും തിക്കലും ഞെക്കുമായി
തിരുതകൃതികലർന്നാസ്സഭ്യലോകപ്പരപ്പിൽ
പ്പെരുകി ജയജയോദ്യൽപ്രസ്തുതാരാവപൂരം!! 98

സരഭസമണഞ്ഞാർത്തിക്കെല്ലാമൊഴിച്ചെതിരേററുദാ-
ദരവൊടെഴുന്നള്ളിച്ചാസിംഹാസനേ മണിമണ്ഡിതേ
നരപരിവൃഢം ഭക്ത്യാ വാഴിച്ചമാത്യനദിതപര-
തപരമനഗരെത്തത്തൽസ്ഥാനത്തിരുത്തി യഥോചിതം. 99

സഭാജനപുരസ്സരം ബഹളമൊക്കെയുംനിന്നലം
സഭാജനമിരുന്നു ശാന്തികളിയാട്ടമാവേദിയിൽ
വിഭാതരവിബിംബവൽത്തിരുമുഖം വിളങ്ങീ, തദാ
സുഭാസുരവികാസമാർന്നിതു സഭാസരോജാകരം. 100

ദണ്ഡകം

ചേണാളുമാസ്സദസി ഹൂണാധിനാഥധുരി
വാണാമഹാനഭിഗമിച്ചൂ
സഭയുപചരിച്ചൂ,—നൃപതിയെനമിച്ചൂ
അരചകുലമകുടമണിതിരുവടികളവനിയുടെ
ഭരണകലതുടരുമൊരുവിവരമറിയിച്ചൂ!! I

ഭ്രാജദ്രസം തദനുറീജൻറുരാജ്ഞി നിജ-
രാജതപാവാഴ്ചയതൊഴിഞ്ഞൂ
കുശലിനിമൊഴിഞ്ഞൂ ശുഭ,മഥനിറഞ്ഞൂ
സഭികരുടെഹൃദയമുഖനയനതതിയതിലതന്ന
രതി,നിമിഷമന്നസഭയുമൊളിയൊട്ടുതെളിഞ്ഞൂ II

മുദ്രാവിഹീനവിലസദ്രാജഭക്തിയൊടുഭദ്രാസനോ-
ന്മുഖമിണങ്ങി — മിഴികളൊളിതിങ്ങി — ശ്രവണരതിതങ്ങി —
സഭികരവഹിതകരണമുചിതതരപദവികളി-
ലരചനുടെഭവുകമയനിനവൊടുവിളങ്ങി. III

താരാപഥത്തിൽമതിനേരായ് സദസ്സിലുടനാരാജ-
സിംഹനെഴുന്നേററു — സമുചിതതന്വേററു —
സഭയുമെതിരേററു — ജഗദധിപപദയുഗളികരുതിഹൃദി,
സഭയൊടതിമിതമരുളിമൊഴി,യവനിഭരണകലയേററു. IV

പ്രഹതപടഹഭേരീശംഖജയ്ജയ്നിനാദ-
ത്തൊടുവെടികൾ മുഴങ്ങി പൂമഴച്ചാർത്തിണങ്ങി
പ്രമദമഹിമതിങ്ങിപ്പുഷ്പശബ്ദായമാന-
സ്ഥിതിയിലിഹവിളങ്ങി വേദിയൊട്ടേറെനേരം. 101

പൊൻകോടീരമണിഞ്ഞു, ശില്പകലിത-
പ്പൊൻകഞ്ചുകച്ചാർത്തുമായ്,
ചെങ്കോലേന്തി,യുരോവിരാജിതമണി-
ഗ്ഗ്രൈവേയകാഡംബരം,
അങ്കോല്ലാസിനി രാജ്യലക്ഷ്മിയൊടുമാ-
ച്ചിത്രർക്ഷജൻതമ്പുരാൻ
തൻകോടിസ്മരസുന്ദരം തിരുവപു-
സ്സാനന്ദമാനന്ദമെ!! 102

ചിത്രാലംകൃതനവ്യദിവ്യസുഷമാജ്യോതി-
ഛടാവേഷ്ടന-
ക്ഷത്രാത്മപ്രഭതൻ മഹാപരിധിയിൽ ശ്രീസ്വ-
ൎണ്ണസിംഹാസനേ
സത്രാശപ്രമുഖൈരലം ദിവിസുധൎമ്മായാം
പരീതാന്തിക-
സ്സുത്രാമേവ രരാജ സംസദി തദാ
ചിത്രർക്ഷജൻ തമ്പുരാൻ!! 103

നന്ദിസ്നേഹങ്ങ,ളഭ്യുത്ഥനകൾ, നവപരി-
ഷ്കാരലക്ഷ്യങ്ങൾ, രാജ്യ-
ത്തൊന്നിച്ചേലും ജനാനാമുതവിയവരദാ-
നങ്ങൾ ഇക്കാൎയ്യമെല്ലാം
ഉന്നി പ്രഖ്യാപനംചെയ്തരുളിയ തിരുവാങ്-
മാധുരീവൎഷമേററാ-
നന്ദിച്ചുള്ളംകുളിക്കെസ്സുഭികരഖിലവും
കോൾമയിക്കൊണ്ടുനിന്നാർ! 104

സാമന്തപ്രഭുപൌരരാദിജനതാ-
നേതാക്കൾ കാണിക്കവ-
ച്ചോമൽത്തൃക്കഴൽക്രൂപ്പിനാ,രവരെയും
മററുള്ളലോകത്തെയും

പ്രേമപ്പുഞ്ചിരിയിൽ കുതിർന്നരുളുമാ-
രോമൽക്കടാക്ഷങ്ങളാൽ
കാമം മുത്തരുളിക്കൃതാർത്ഥതയവ-
ർക്കേകീ ധരാനായകൻ!! 105

തിരുവടിയെഴുന്നേററു, നാലുപാടും
തെരുതെരെ നിന്നുവണങ്ങി സഭ്യലോകം;
തിരുമിഴിമുനകൊണ്ടു യാത്രചോദി-
ച്ചരുമകലർന്നെഴുന്നള്ളലായി ദേവൻ. 106

വന്ദിസ്തോത്രങ്ങൾ, വേദധ്വനി, പടഹരവം,
ബാൻറു, നാഗസ്വരം, വി-
ണ്ണുന്നിഗ്ഗർജ്ജിച്ച പീരങ്കികളുടെ മുതിരും
മന്ദ്രഗംഭീരരാവം
ഒന്നിച്ചിമ്മട്ടിരമ്പുന്നളവു സഭികരാൽ
സാദരം നീതനായി-
ച്ചെന്നിമ്പംപൂണ്ടെഴും പൊൻമണിമയവിലസൽ-
സ്യന്ദനം പൂകി ദേവൻ! 107

കൂടിക്കൃതാഞ്ജലികളായ് ജയശബ്ദമോടു-
ള്ളാടിജ്ജനങ്ങൾ ഇരുപാടുമൊതുങ്ങിനില്ക്കെ
മോടിപ്പെടും വിമലവീഥിയിലാമണിത്തേ-
രോടിച്ചു ദേവനെഴുന്നള്ളി നിജം നികേതം!! 108

തദനു സഭികലോകം മണ്ഡപം വിട്ടു ഹൎഷസം-
മ്മദമൊടിളകി നാനാദിക്കിലേക്കും തിരിച്ചു.
സദഭിമതമിതിന്നങ്ങിച്ഛേന്ന ചിത്രാഭിഷേകം
സദരമരിയമാമാങ്കത്തെയോൎമ്മപ്പെടുത്തി! 109

ആവിൎഭ്ശോഭം പ്രഭാതാൽപ്രഭൃതി മഹിതമാം
രാജധാനിക്കകത്ത-
ങ്ങാവിൎഭൂതങ്ങളാകും കലവികളഖിലം
കണ്ടുകണ്ടാത്തഹൎഷം
ആ വിഖ്യാതോത്സവത്തിൽ സ്വകരപരിലസൽ
സ്സൎവ്വസമ്പത്തുമൊപ്പം
തൂവിത്തൂവി ക്രമത്തിൽച്ചരമഗിരിതടം-
പൂകി മാൎത്താണ്ഡദേവൻ!! 110

ഗദ്യം ൫.

ഹന്ത കാണ്കെന്തിതെന്തെന്തുരോദോന്തരാളം തിളങ്ങുന്ന തേജോമഹാമണ്ഡലം! അത്രചിത്രാഭിഷേകോത്സവോല്ലാസമോടൊത്തു ചന്ദ്രോത്സവംചേൎന്നമേളിക്കുവാൻ ചന്ദ്രന്ദ്യൽപ്രജാതാരകാകോടിയൊത്താത്മബിംബങ്ങൾനൂറായിരം കാട്ടിവന്നന്തരാരാജധാനീകടാഹാന്തരം ദന്തുരാഭംനിറഞ്ഞൊത്തു ശോഭിച്ചപോൽ, ധൎമ്മമുഖ്യത്രമാത്മാവതാരൻപുരാൻ തന്മഹസ്സോടുസാരൂപ്യമിച്ഛിക്കയാൽ വന്നിണങ്ങിത്തിളങ്ങിപ്പുരിക്കുള്ളിലങ്ങിങ്ങുതിങ്ങുംമഹൎഷ്യുത്തമാത്മാക്കൾപോൽ, ശില്പ

ത്രപസ്ഫരദ്ദീപ്തികന്ദങ്ങളായപ്പുരം തിങ്ങിവിങ്ങിപ്പരന്നുള്ള മുപ്പത്തിമുക്കോടിയാംദേവതാത്മാക്കൾപോൽ, രാജഹമ്മ്യങ്ങൾ ദേവാലയൌഘങ്ങൾ വപ്രങ്ങളുത്തുംഗഘണ്ടാനികേതങ്ങൾ വീഥ്യാപണാഗാരഗേഹങ്ങൾ വീരുല്ലതാവൃക്ഷശാഖാശതസ്തംഭലക്ഷങ്ങൾതൻ മേൽപ്പരപ്പിങ്കലുംപ്രാന്തഭാഗത്തിലും ഭൂവിലുംദ്യോവിലുംവീണുതങ്ങിത്തടഞ്ഞന്തരുദ്യൽപ്രഭാപുഞ്ജമായുള്ളവിദ്യുന്മഹാഗോളലക്ഷോപലക്ഷങ്ങളാൽഹന്തമിന്നികടാഹാന്തരംചൂഴവെരാജിതാശേഷവസ്തുൽകരംവഞ്ചിഭൂരാജധാനീവിശേഷംവിരാജിച്ചിതെ. ഇമ്പമേറുന്നപട്ടാംബരാഡംബരസ്വർണ്ണരത്നപ്രഭാഭൂഷിതാംഗശ്രിയാ പഞ്ചവർണ്ണപ്പിടപ്പൈങ്കിളിക്കൊഞ്ചലോടംഗലാവണ്യ സമ്പത്തിലാറാടിവന്നപ്സരസ്സുന്ദരീവൃന്ദരീത്യാനിറഞ്ഞപ്പുരസ്ത്രീകളാൽ സ്ത്രൈണലോകംകണ,ക്കപ്പൊഴത്തെപ്പരിഷ്കാരമാം വേഷഭൂഷാവിലാസാഞ്ചിതാലാപവീക്ഷാവിശേഷങ്ങളോടെങ്ങുമേ തിങ്ങിനില്ക്കുംയുവശ്രേണിയാൽ നവ്യമാംയൌവലോകംകണ,ക്കഞ്ചിതം വേണുവീണാമണികാഹളസംഗീതസങ്കീർത്തനാനന്ദമാധുര്യചാതുര്യധുര്യം മഹാഗാനലോകംകണ,ക്കത്തറോടഷ്ടഗന്ധംപുകച്ചുംപനിനീർതളിച്ചും നറുംചന്ദനച്ചാറണിഞ്ഞും സുമൌഘംചൊരിഞ്ഞും പരന്നുൽഗമിക്കുന്നസൌരഭ്യപൂരത്തിനാൽ നിർഗ്ഗളൽസമ്മദാമോദലോകംകണ,ക്കേഴവർണ്ണത്തിലുംതോരണൌഘംകൊടിക്കൂറമുത്തുക്കുടപ്പുഷ്പമാലാവിതാനങ്ങളെങ്ങുംനിറഞ്ഞുല്ലസദ്വർണ്ണസാകല്യലോകംകണ,ക്കാഭയാവിരവാളിട്ടക്കുലങ്ങളാൽ പാരവുംമേൽക്കുമേൽ മൂടിമൂടിത്തെളിഞ്ഞൂളിടുംസ്വർണ്ണനീരാളലോകംകണ, ക്കെന്തിനേറെസ്സമസ്തേ

ന്ദ്രിയാകൎഷകംസന്തതശ്രീമയംകാണിലോകംകണ്ണ,ക്കന്തെരുൽഭ്രുതസൗന്ദൎയ്യലോകംകണ്ണ, ക്കന്തിനില്ക്കുന്നസാരസ്യലോകംകണ്ണ,ക്കാത്മസംപൂൎണ്ണസംതൃപ്തിലോകംകണ്ണ, ക്കേറിയുൽക്രലമാഹ്ലാദലോകംകണ്ണ, ക്കാറിടാതുള്ളൊരാനന്ദലോകംകണ്ണ, ക്കേവനം നിത്യനിൎവ്വാണലോകംകണ്ണക്കാവിരാസീത്തദാ രാജധാനിക്കകം:—

സ്വൎഗ്ഗം രണ്ടാമതുണ്ടായൊരു സുരപുരിയാം
രാജധാന്ന്യാം കിഴക്കേ-
ഗ്ഗോപുരദ്വാരം തുടങ്ങിക്കൊടിയ കവടിയാർ-
ക്കുന്നുകൊട്ടാരമോളം
നിൎഗ്ഗമന്നവ്യവിദ്യുൽപ്രഭയലയിടറി
ത്തെന്നി മിന്നിത്തിളങ്ങി
സ്വൎഗ്ഗദ്വാരോചിതോദ്യൽസുഷമയൊടു മഹാ-
രാജവീഥീപ്രകാണ്ഡം. 111

ഇരുവശമെഴുമട്ടാഗാരസൌധങ്ങൾതന്മേൽ-
ഇറയിൽ വരികളായിച്ചന്ദ്രബിംബങ്ങൾപോലെ
നിറകതിരൊളി വീശിത്തൂങ്ങി മേളിച്ചു നാനാ-
നിറമുതിവിയ വിദ്യുദ്ദീപഗോളങ്ങൾ നീളേ. 112

ആ വൻ സൌധാഗ്രഭാഗംമുതലടിവരെയും
രണ്ടുപാൎശ്വത്തിലെന്നാ-
ല്ലേവം നൽത്തോരണംപോലണിയണിവരിയായ്
മോളിലും മേളിതാഭം

ത്തുവൎണ്ണാസംഖ്യരൂപസ്ഫുരദുഡുനികര
 സ്രഗ്ഗ്രഥിതാനപ്രപഞ്ച-
ശ്രീവിദ്യുൽഗോളമാലാകലവികൾ നൂവരാ-
 ധ്വാവണിഞ്ഞുല്ലസിച്ചൂ!! 113

നീളത്തിൽപ്പാൎശ്വസൗധാവലിയുടെ നടുവാ-
 ന്നിന്ദ്രനീലാശ്മലക്ഷ്മി-
മേളത്തോടൊത്തു പാരം മിന്നമിന്നെ മിന്നസ-
 പ്പെട്ട വീഥ്യന്തരാളം
കാളിന്ദ്യംഭഃപ്രവാഹപ്രതിമമിളകിയാ
 വിദ്യുദാഭപ്പകിട്ടേ-
റേറാളം വെട്ടിത്തിളങ്ങി നരനയനയുഗം
 മഞ്ചിയഞ്ചുംവിധത്തിൽ. 114

കൊണ്ടാടി രാജപദവീപരിവാരമോടൊ-
ത്തുണ്ടാകുമുന്നതരഘോത്സവഘോഷയാത്രാം
കണ്ടാവു! ഹാ സഫലമിജ്ജനിയെന്നു നേൎന്നു-
കൊണ്ടാപ്പുരംകവിയെ വന്നു ജനങ്ങൾ തിങ്ങി. 115

പലനിറമെഴും പട്ടും ചാമീകരാഭരണങ്ങളും
കലവിയൊടണിഞ്ഞന്നന്നത്തെപ്പരിഷ്കൃതരീതിയിൽ
വിലസിയൊളിപൂണ്ടധ്വപ്രാസാദപംക്തിയണഞ്ഞു മേൽ-
നിലകൾ നിറയെത്തിങ്ങിക്കൂടി പുരീതരുണീജനം. 116

നമ്യൽസുരേന്ദ്രപുരഭ്രുതിപുലന്ന വീഥീ-
ഹർമ്യങ്ങൾതൻ മുകൾമുകപ്പുകൾതോറുമെത്തി
രമ്യം രഥോത്സവദിദൃക്ഷയൊടും നിരന്നു
സമ്യക് തദാ നരവരാതിഥിതല്ലജങ്ങൾ. 117

പാരാതെത്തിബ്ഭടന്മാരധികൃതരൊരുമി-
ച്ചാൾത്തിരക്കും നിയന്ത്രി-
ച്ചാരാജഭ്രാജവീഥിക്കിരുവശമിടവി-
ട്ടങ്ങു ഗാട്ടിട്ടുനില്ക്കേ
ആരാൽ കേൾക്കായിതപ്പോളണിവെടി തുടരെ,
ഘോഷയാത്രയ്ക്കൊരുങ്ങി
പ്പാരാളും ചിത്തിരർക്ഷൻ തിരുവടി സുരഥം
പുക്കെഴുന്നള്ളി നൂനം!! 118

ഗദ്യം ൩.

അണിവെടിയുടെരവനിശമനനിമിഷമൊടിരുവരിയും മണിഹർമ്യവരാന്തകൾ മുകളിലെടുപ്പുകൾ വീഥികളിവക ളിൽ നിവരെന്നിരന്നു പരസ്പരവീക്ഷണരസികസുഖാനുഭവ ത്തിൽ മുതിന്നമരും തരുണീതരുണാദിജനാവലി യുഗപദുദ ഞ്ചിതഭക്തിവികൃഷ്ടവിലോകനഗതി നവകുന്ദസുമങ്ങളുമളി കളുമിടയിടനിന്നു വിളങ്ങിയഭംഗി വിളങ്ങുമപാംഗഗണം ന രവരനെഴുനള്ളിവരുംദിശി നേക്കുനടത്തി നിരത്തി രമിച്ചുട ശായാം. ഒളിയലതല്ലി വളൻ്റുപരനൊഴുകും പുരവീഥിയിലി

തമൊട്ടുകാണായ് നരവരനുടെ പരിവാരമൊരോന്നണിചമയലൊടിളകിവരുന്നതുപദമനു. രുചിരവിചിത്രകുഥാസ്തൃതപൃഷ്ഠമുഖാവരണൻമദവാരണമതിൽ 'നയിഷാംകൊടിയും', പുറകെഴുമൊരുമദകരിയുടെ പുറമതിൽനഗരാവടിയും, തപനീയമുഖാംഗവിഭൂഷകൾ നിറുകയിലുതവിയ ചാമരകലവിയൊടൊപ്പമണിഞ്ഞു മദിച്ചുപുളച്ചു മഹാശ്വവരങ്ങളിലേറിക്കവചശിരസ്ത്രവിശേഷദ്യുതിയൊടു കടിയിലിണങ്ങിയൊരസിലതയിടതുകരത്തിൽവഹിച്ചൊരു കുന്തവുമായിസ്സാദിപ്രവരർ നയിച്ചുവരും കുതിരപ്പടയും, പലനിറമൊളിയുടയ വിചിത്രിതവേഷവിധാനവിലാസതനുപ്രഭയൊടു നളികങ്ങൾ വഹിച്ചണിയണിവരിയായ്മഴവില്ലൊളിവീശിയ ഭംഗി കലൻവരുന്ന പദാതിപ്പടയും, തകിൽതുടിപടഹമൃദംഗകഗോമുഖമദ്ദളഭേരികൾ തിത്തികൾകൈയ്മണി തിമിലയുഡുക്കുകൾ മുരളികൾ വീണകൾ കൊമ്പുകൾ കുഴലുകൾ ശംഖശതാദികൾ വാദനമഹിതമഹാരവപൂരിതനഗരവരോദരഗഗനതലം പെരുകും ബഹുവാദകസേനകളും, പലപല നിറമുതവിയകുടതഴചമരികൾ കൊടികളുമേന്തിവരും പരിവാരവു,മമ്പുകൾ വില്ലുകളീട്ടികൾ ഛുരികൾ കട്ടത്തിലശ്ശുലമുസൃണ്ടികുഠാരികൾ പട്ടസഗദകൾ പരശ്വധപരിചകൾ വാളുകൾ കുന്തശതാദിമഹായുധമേന്തിയണഞ്ഞിട്ടുമായുധവാഹകസേനകളും, ധവളാംബരയുഗപരിധാനമൊടാത്മശിരസ്സിൽനിബന്ധിതധവളാംശുകരായ്പരിചകളിടതുകരത്തിൽവലത്തതിലസിലതയും രണരസമൊടെടുത്തരുമത്തിരുമെയ്ക്കാണിരക്ഷകർ നായരകമ്പടിയും, പലതമ്പികളും, ചില ന

മ്പികളും, നൃപവരചിഹ്നനമുദ്രകൾ, വെള്ളിത്തടികളു,മാനെ ട്ടുകുത്തുവിളക്കുകളും, ധരണീസുരസേവകപരിജനനിവഹവു, മുരപെരുകിനവരമന്ത്രിയൊടൊത്തുപമന്ത്രികളും,തിരുമുമ്പി ലകമ്പടി സേവതുടൎന്നതിമന്ദമണഞ്ഞു തുടൎന്നളവേബത!!

മിന്നും പൊന്നിൻതലക്കെട്ടുകൾ വിരവിലണി-
ഞ്ഞുള്ള മത്തടചിപന്മാർ
തന്നുച്ചിത്തട്ടിലമ്പാരികളൊട്ടുമണിയായ്
നിന്നിട്ടും വീഥിയിങ്കൽ
ഉന്നിക്കാണായിതപ്പോൾ കനകമണിരഥോ-
ന്നിദ്രതേജോവിലാസം
മുന്നിൽ പ്രത്യൂഷസന്ധ്യോദിതമുദയഗിരി-
ശ്രീവിലാസംകണക്കെ. 119

ധാടിയ്ക്കൂാക്കുന്ന വേഷപ്പൊലിമയൊടു പുറ-
ത്തേറി വാണും, പരം കൊ-
ണ്ടാടിപ്പൊൻചാമരച്ചാത്തരികിലിരുവശം-
നിന്നുമാസ്സാദിവൎഗ്ഗം,
മൂടിപ്പൊൻകോപ്പിൽ വെള്ളക്കുതിരകളണിയെ
പ്പൂട്ടി, മുൻപിൻപിണങ്ങും
മോടിക്കൊത്തങ്ങു കാണായ് വരുവതു നൃവര-
സ്യന്ദനം മന്ദമന്ദം. 120



വീതിപ്പെട്ടുള്ള വീഥിയ്ക്കുകമൊളിയലത
ല്ലുന്ന കോടാനകോടി
ജ്യോതിർബിംബങ്ങളൊപ്പം ചൊരിയെ വളരുമാ-
ക്കാന്തിപൂരപ്പരപ്പിൽ
ഭൂതിപ്രസ്ഥാനധാമാഞ്ചിതരുചിനവരത്ന-
പ്രഭാപുഞ്ജപൂർണ്ണ-
ശ്രീതിങ്ങും സ്യന്ദനം തൽബ്രഹ്മജനനയനാ-
നന്ദകന്ദം വിളങ്ങി. 121

ഈടാളും രത്നഷണ്ഡാവലിയരികുമണി-
ത്തുമ്പിലാടുന്ന തങ്ക-
ക്കൂടാരക്കുമ്പു കൊററക്കുടയുടെ മണിദ-
ണ്ഡാകുമാസ്യന്ദനത്തിൽ
വാടാമാല്യങ്ങളാടുംവിധമിരുവശവും
ചാമരം മുന്നിൽവീശും
നീടാർദ്വാരേ വിരാജിച്ചരുളിനസുഷമാ
ബിംബമെന്തെന്തതയ്യോ!! 122

ശ്രീസന്ധ്യാനവരാമണിയകമണി-
ച്ചെപ്പിൻമുകപ്പോ, നവം
വാസന്തോജ്ജ്വലവാടികാവലിയിലെ
സ്സൂനമപ്രഭാപുഞ്ജമോ,

ഭാസത്താം കരുണാപയോനിധിയിലെ
　　പ്പൂന്തിങ്കളിൻബിംബമോ,
ഹാ! സമ്യങ്നരലോകഭാഗ്യപരിപാ-
　　കത്തിൻെറ മൂത്താഭയൊ; 123

ക്ഷത്രശ്രീയുടെ ധാർമ്മികപ്രഭചൊരി-
　　ഞ്ഞീടുന്ന സദ്ധാമമോ,
മിത്രൻതന്നുദയാദ്രികന്ദരമുഖ-
　　പ്രാദുർഭവൽബിംബമോ,
തത്ര പ്രസ്ഫുരിതത്വിഷാ രഥമതിൽ
　　പ്രത്യക്ഷമാകുന്ന ഹാ!
ചിത്രർക്ഷൻ തിരുമേനിതൻ തിരുമുഖം
　　ഹാഹാ! ജഗൽഭാഗ്യമെ!! 124

എൻകണ്ണിൽക്കുളിർവെണ്ണിലാവു, തനുവിൽ
　　പ്പീയൂഷസേകം, മന-
സ്സങ്കല്പത്തിനു നിർമ്മലപ്രകൃതിതൻ സൌന്ദര്യ-
　　സാരോത്സവം
തങ്കപ്പങ്കജരമ്യമീത്തിരുമുഖജ്യോതിസ്സി-
　　ലാറാടിനി-
ന്നെൻകണ്ണേ! ഹൃദയത്തിൽ നിർവൃതിയെന്നി-
　　യ്യെന്നും വളർത്തേണമെ!! 125

കിരീടമണികുണ്ഡലാഢ്യനവരത്നഖണ്ഡസ്ഫുര-
ന്മരീചികൾപരത്തിയാത്തിരുമുഖേന്ദുവിൻമണ്ഡലം
ഉരീകൃതമഹോദയം സുജനഭക്തിഹർഷാബ്ധിമേ-
ലരീതിയഭിതഃപുരീമലവളത്തിരമ്പിച്ചിതെ! 126

തിരുമുഖമൊളിചിന്നിക്കണ്ടു ഹാഹാരവത്തോ-
ടൊരു ജയവിളി ചുററുംനിന്നുടൻ വിണ്ണിലേയ്ക്കും,
തെരുതെരെയലർവർഷം ഭൂവിലേയ്ക്കും സുഗന്ധ-
പ്പെരുമ ഹൃദയരമ്യം ചുററിലും മുററുമുണ്ടായ് 127

അപ്പൊൻകോടീര,മാസ്സുന്ദരതിരുമുഖ,മാ-
പ്പൊൻമണിക്കഞ്ചുകച്ചാ,-
ത്തപ്പൊൻചെങ്കോലണിത്തൃക്കര,മൊളിപെറുമാ
പ്പൊന്നുതൃപ്പാണിയുഗ്മം
നല്പൊന്നിവശ്യഭദ്രശ്യോത്തമവകകളിലേ-
തേതു നോക്കേണ്ടു മുൻപെ-
ന്നപ്പാശ്ചാസ്ഥപ്രജൗഘം ചുഴലെ മിഴികളോ-
ടിച്ചു പാരം കുഴങ്ങീ!! 128

ഫുല്ലാസ്യരായുടലണിപ്പുളകത്തൊടെന്തെ-
ന്നില്ലാത്ത ഭക്തിയൊടു കൂപ്പുകരങ്ങൾ പൊക്കി
നില്ലാത്ത നിർവൃതിയിൽനിന്നു മഹാജനങ്ങ-
ളെല്ലാം വളത്തിരുമുഖത്തിനുനേർക്കു നോക്കി. 129

"ശ്രീവഞ്ചിക്ഷോണിമാതിൻ ചിരസുകൃതപരി-
പാകപുണ്യത്തിടമ്പെ,
ശ്രീവഞ്ചിക്ഷോണിപാലാന്വയമഹിതമഹീ-
കല്പകത്തിൻെറ നാമ്പെ,
ദേവ ശ്രീ ചിത്തിരർക്ഷപ്രഭവ ജയജയ!
ശ്രീലമിത്ത്യപ്പദാബ്ജം
യാവച്ചന്ദ്രാക്കതാരം വീരുതൊട്ട വിജയി-
ക്കെങ്ങൾതൻതമ്പുരാനെ!! 130

അമ്മേ ശ്രീവഞ്ചിഭൂവേ സുകൃതിനി, ജനതേ,
കമ്മഭ്രധമ്മമെ, ഹാ!
നമ്മേക്കൈക്കൊണ്ടു ദൈവം, കരുതലനുസരി-
ച്ചാശയെല്ലാം ഫലിച്ചു!
ചെമ്മേ ശ്രീപത്മനാഭപ്രഭുവവതരണം
ചെയ്തു ചിത്രർക്ഷനായി-
ന്നമ്മേഷിക്കുന്നു ധന്യാ വയ"മിതി തൊഴുകൈയ്-
പൊക്കിയാർത്തു ജനൌഘം. 131

തരുണികളിരുപാടും മാളികത്തട്ടിൽനിന്നും
തെരുതെരെ വിട്ടമോരോ നൽകടാക്ഷങ്ങളാലെ
വിരുതിലരുണനീലാംഭോജമാല്യങ്ങൾ മേന്മേ-
ലരുമയൊടണിയിച്ചാർ കാമരൂപൻ പുരാനെ. 132

ഇരുവശവുമാസ്സൌധശ്രേണീതലങ്ങളിലും തഥാ
തെരുവുകളിലുംനാനാലോകം സ്വപാണിപുടങ്ങളാൽ
തെരുതെരെ മുദാ വാരിക്കോരിച്ചൊരിഞ്ഞ സുമങ്ങളാ-
ലരുളി വഴിയിൽപ്പൂന്തല്പം തദ്രഥത്തിനു പോകുവാൻ 133

വാർതിങ്ങും തേര്ട്ടുക്കെസ്സുമവരിഷ്ടമൊട്ടും
ക്ലൃപ്പുകൈയ്മൊട്ടണിഞ്ഞു-
ദ്യോതിച്ചാർപ്പിട്ടിരമ്പും ജനതയുടെ നട്ട-
ക്കെൻപുരാനമ്പിനോടേ
പ്രീതിപ്രസ്നിഗ്ദ്ധമന്ദസ്മിതമധുരമുഖ-
ശ്രീയിലുള്ളം കുളിക്കും
രീതിയ്ക്കോമൽകടാക്ഷാഞ്ചലമരുളി
യെഴുന്നള്ളിനാൻ മന്ദമന്ദം. 134

ഏറും താദൃഗ്വിലാസപ്പൊലിമയൊടെഴുന-
ള്ളത്തു മുന്നോട്ടു നീങ്ങും-
തോറും വിദ്യുദ്വിതാനക്കലവികളുമിര-
ച്ചാർത്തിരക്കും നിരപ്പും
ആരാൽക്കൊണ്ടഗ്ര്യകാന്തിത്തികവഴകൊഴുകി-
പ്പാഞ്ഞു പിൻനിന്നുതള്ളി-
ക്കേറുംമട്ടിൽപ്പരപ്പാർന്നയനമതൊടുവിൽ
ക്കാന്തിഭ്രചണ്ഡമായി. 135

കാന്തിപ്പാലാഴിയിൽപ്പൊന്നലകളിൽനിറയെ-
കൈരവാംഭോജപുഷ്പ-
ബ്ഭ്രാന്തിക്കൃക്ഷേന്ദുബിംബപ്രകരപരിലസ-
ദ്ദീപഗോളങ്ങൾ തിങ്ങി
ഏന്തി ശ്രീരാജഹംസപ്രമദരസഭരം
ഹന്ത! വൈകുണ്ഠസമൃഗ്-
ശാന്തിപ്രസ്ഥാനമായി സപദി കവടിയാർ-
കുന്നുകൊട്ടാരവാടം. 136

മുന്നിൽക്കാണായി രത്നപ്രകരപരിലസ-
ദ്വിദ്യുദണ്ഡങ്ങൾ ചൂടി
കുന്നിക്കും ദീപ്തിപൊങ്ങിച്ചൊരു നവപരിവേ-
ഷത്തെയുണ്ടാക്കി വിണ്ണിൽ
മിന്നിടുമാതപത്രഷധീനാംമൊളികളിടകല-
ർന്നുജ്വലിക്കുന്ന വെള്ളി-
-ക്കുന്നിൻശൃംഗംകണക്കെക്കൊടിയ കവടിയാർ
കുന്നുകൊട്ടാരമപ്പോൾ. 137

ചിന്താതിഗദ്യുതിയൊടെട്ടു, നൃപേന്ദ്രഹർമ്മ്യ-
പ്പൊൻതാഴികക്കുടമുയന്നൊളിയാർന്നു മിന്നി
സ്വാന്താത്മശക്തി നൃപനിൽപ്പകരാനണഞ്ഞ-
ത്യന്താദരം മരുവിടും ദിഗധീശർപോലെ. 138

ത്വിട്ടാളും വെള്ളിമാങ്കുന്നാണിമുടിയിൽ നിര-
നാപ്സരസ്ത്രീകൾപോലാ-
ക്കൊട്ടാരത്തിൻമുകൾപ്പൂമുഖമതിൽ നിറയെ
ത്തോഴിമാരോട്ടുകൂടി
ഒട്ടാരാൽ ശ്രീകുമാരൻതിരുവടിയുടെയാ-
ഘോഷയാത്രോത്സവത്തെ-
പ്പെട്ടാംഗം പാർത്തഹോ നിർവൃതിയിൽ മുഴുകിനാൾ
പാർവ്വതീദേവിതാനും. 139

ഒരുകുറി കൊതിതീരെക്കണ്ടിടുംമുമ്പു പോയാ-
നരുമകലരുമോമൽത്തമ്പുരാനെന്നിവണ്ണം
ഇരുവശവുമിയന്നോക്കാശതീരാതെനില്ക്കെ
ത്തിരുവടിയെഴുന്നള്ളിഗ്ഗോപുരദ്വാരമെത്തി. 140

തന്നത്താൻ രാജകീയോത്ഭടപടവികളോ-
ടൊത്തെഴുന്നള്ളിയെത്തി
പ്പൊന്നമ്മത്തമ്പുരാൻ പൊന്മകനെ മണിരഥാ-
ഭ്യന്തരാൽ സ്വീകരിച്ചു;

സന്നദ്ധാരാവമുച്ചൈർജയവിജയമഹാ-
രാവപൂരത്തൊടൊന്നി-
ച്ചുന്നദ്ധ്മാനഘോഷാലണിവെടികൾ തുട-
ന്നങ്ങു വീണ്ടും മുഴങ്ങി. 141

## ശ്രീ ചിത്രാഭിഷേകം ചമ്പു മൂന്നാംഭാഗം

## സമാപ്തം

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. MA2 Acc. No. 90335

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

MAZ

SAS – S

90335

ശാസ്ത്രികൾ. കെ. പി

ശ്രീ. ചിത്രാഭിഷേകം ചമ്പൂ